بِسۡمِ اللّٰہِ الرَّحۡمٰنِ الرَّحِیۡمِ نَحْمَدُہٗ وَنُصَلِّیْ عَلٰی رَسُوْلِہِ الْکَرِیْمِ وَعَلٰی عَبْدِہِ الْمَسِیْحِ الْمَوْعُوْد

وَلَقَدۡ نَصَرَکُمُ اللّٰہُ بِبَدۡرٍ وَّاَنۡتُمۡ اَذِلَّۃٌ

# ബദർ

വീക്കിലി ഖാദിയാൻ

The weekly BADAR Qadian Malayalam

വാള്യം 3

ലക്കം 36

വാർഷിക വരിസംഖ്യ 500 രൂപ

പത്രാധിപർ എച്ച്.ശംസുദ്ദീൻ

സഹപത്രാധിപർ മുഹമ്മദ് ഇസ്മായീൽ

www.akhbarbadrqadian.in

2018 സെപ്റ്റംബർ 6/ഹി:ശം:1397 തബൂക് 6/ഹി:ഖ:1439 ദുൽഹജ്ജ് 25


## അല്ലാഹുവിന്റെ വചനം

وَمَثَلُ الَّذِیۡنَ یُنۡفِقُوۡنَ اَمۡوَالَہُمُ ابۡتِغَآءَ مَرۡضَاتِ اللّٰہِ وَتَثۡبِیۡتًا مِّنۡ اَنۡفُسِہِمۡ کَمَثَلِ جَنَّۃٍۭ بِرَبۡوَۃٍ اَصَابَہَا وَابِلٌ فَاٰتَتۡ اُکُلَہَا ضِعۡفَیۡنِ

അല്ലാഹുവിന്റെ തൃപ്തി കാംക്ഷിച്ചും തങ്ങളുടെ ആത്മാക്കളെ ദൃഢപ്പെടുത്തിയുംകൊണ്ട് തങ്ങളുടെ ധനം ചെലവു ചെയ്യുന്നവരുടെ നില പീഠഭൂമിയിലുള്ള ഒരു തോട്ടത്തിന്റേതു പോലെയാണ്. അതിന് കനത്ത മഴ കിട്ടി. അങ്ങനെ അതിന്റെ ഫലം ഇരട്ടിയായി നല്കി (2:266)

## അഹ്മദിയ്യാ വാർത്ത

അൽഹംദുലില്ലാഹ് സയ്യിദുനാ അമീറുൽ മുഅ്മിനീൻ അയ്യദഹുല്ലാഹ് അല്ലാഹുവിന്റെ അനുഗ്രഹത്താൽ സുഖത്തിലും ക്ഷേമത്തിലുമാണ്. സ്നേഹിതന്മാർ അമീറുൽ മുഅ്മിനീന്റെ പൂർണാരോഗ്യത്തിനും സ്വാസ്ഥ്യത്തിനും ദീർഘായുസ്സിനും ഉന്നതലക്ഷ്യങ്ങളിൽ വിജയവും പ്രത്യേകകാവലും ഉണ്ടാകുന്നതിനും ദുആ ചെയ്യുക. അല്ലാഹു എപ്പോഴും അമീറുൽ മുഅ്മിനീന്റെ സംരക്ഷകനും സഹായിയുമായിരിക്കട്ടെ. ആമീൻ

**സയ്യിദുനാ ഹദ്റത്ത് ഖലീഫത്തുൽമസീഹ് അൽഖാമിസ് അയ്യദഹുല്ലാഹ് പറഞ്ഞു: കശ്തിയെ നൂഹ് എന്ന ഗ്രന്ഥത്തിലുള്ള നമ്മുടെ അധ്യാപനം എന്ന ഭാഗം ഒരു അഹ്മദി തീർച്ചയായും വായിക്കേണ്ടതാണ്. എന്നല്ല കശ്തിയെ നൂഹ് മുഴുവനും തന്നെ വായിക്കേണ്ടതാണ്.**

**സകല സ്തുതികൾക്കും അർഹൻ അല്ലാഹു മാത്രമാകുന്നു. അതായത് അവന്റെ രാജ്യഭരണത്തിൽ ഒരു ന്യൂനതയും ഇല്ല. അവന്റെ നന്മകൾക്കുവേണ്ടി, അത് ഇന്നല്ല നാളെ ലഭിക്കുന്നതാണെന്ന് പ്രതീക്ഷിക്കപ്പെടുന്ന ഒരവസ്ഥയും ഇല്ലതന്നെ. അവന്റെ ഭരണകർത്തവ്യങ്ങളിൽ വ്യർഥമായതായിട്ടൊന്നും തന്നെയില്ല. എല്ലാ പ്രപഞ്ചങ്ങളേയും അവൻ പരിപാലിക്കുന്നു. കർമഫലമായിട്ടല്ലാതെ അവൻ കരുണ കാണിക്കുന്നു. അതേ പ്രകാരം കർമഫലമായിട്ടും കരുണ കാണിക്കുന്നു. നിശ്ചിത സമയത്ത് രക്ഷാശിക്ഷകൾ നല്കുന്നു. ഞങ്ങൾ അവനെ മാത്രം ആരാധിക്കുകയും അവനോട് മാത്രം സഹായമർഥിക്കുകയും ചെയ്യുന്നു. എന്നിട്ട് ഇപ്രകാരം പ്രാർഥിക്കുന്നു.**

**ഞങ്ങൾക്ക് എല്ലാ അനുഗ്രഹങ്ങളുടേയും വഴികൾ കാണിച്ചുതരേണമേ. ക്രോധത്തിന്റെ വഴികളിൽനിന്നും വഴികേടിന്റെ പാതകങ്ങളിൽനിന്നും ഞങ്ങളെ ദൂരവെക്കേണമേ.**

## സയ്യിദുനാ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ഉപദേശങ്ങൾ

"യേശുക്രിസ്തു മരണത്തിൽനിന്ന്, തന്നെ രക്ഷപ്പെടുത്തുവാൻ തോട്ടത്തിൽവച്ച് കണ്ണീരോടുകൂടി രാത്രി മുഴുവൻ ദൈവത്തോടു പ്രാർഥിക്കുകയും ആ പ്രാർഥന സ്വീകരിക്കപ്പെടുകയും ചെയ്തിട്ടും (എബ്രായർ 5:7) ദൈവത്തിന് അദ്ദേഹത്തെ കുരിശിൽ കയറ്റപ്പെടുന്നതിൽനിന്ന് രക്ഷപ്പെടുത്താനാകാത്തത് ഒരുപക്ഷേ, ആ കാലത്ത് ദൈവരാജ്യം ഭൂമിയിൽ ഇല്ലെന്നതിന് ക്രിസ്ത്യാനികൾക്ക് ഒരു തെളിവായിരിക്കും. എന്നാൽ, ഇതിനേക്കാൾ വലിയ വലിയ പരീക്ഷണങ്ങൾ നാം കാണുകയും അവയിൽനിന്നൊക്കെ മോക്ഷം നേടുകയും ചെയ്തിരിക്കുന്ന സ്ഥിതിയിൽ നമുക്കെങ്ങനെ ദൈവരാജ്യത്തെ നി ഷേധിക്കുവാൻ സാധിക്കും?

എന്നെ തൂക്കുമരത്തിലേറ്റി വധിക്കുവാൻ എനിക്കെതിരെ മാർട്ടിൻ ക്ലാർക്ക്, കൊലക്കുറ്റം ചുമത്തിക്കൊണ്ടു ക്യാപ്റ്റൻ ഡഗ്ലസ്സിന്റെ കോടതിയിൽ കൊടുത്ത കേസ്സ് മേൽപറഞ്ഞ കേസ്സിനേക്കാൾ ചെറുതാണോ? യേശുവിന്നെതിരെ യഹൂദികളുടെ ഭാഗത്തുനിന്ന് പിലാത്തോസിന്റെ കോടതിയിൽ കൊടുക്കപ്പെട്ട കേസ്സ് മതപരമായ ഭിന്നിപ്പിന്റെ അടിസ്ഥാനത്തിലുള്ളതായിരിന്നു. കൊലക്കുറ്റം ചുമത്തപ്പെട്ടിട്ടുള്ളതായിരുന്നില്ല. എന്നാൽ, ദൈവരാജ്യം ഉപരിലോകത്തുള്ളതുപോലെ ഇഹലോകത്തും ഉള്ളതുകൊണ്ട് പ്രസ്തുത കേസ്സുമായി ബന്ധപ്പെട്ടു ഒരു വലിയ പരീക്ഷണത്തെ എനിക്കഭിമുഖീകരിക്കേണ്ടി വരുമെന്നും അതിൽനിന്ന് ഞാൻ മാന്യമായ നിലയിൽ മോചിപ്പിക്കപ്പെടുമെന്നും മുൻകൂട്ടിത്തന്നെ എന്നെ അല്ലാഹു അറിയിച്ചിരുന്നു. അപ്പോൾത്തന്നെ ഞാനിക്കാര്യം നൂറുക്കണക്കിന്നാളുകളെ കേൾപ്പിച്ചിരുന്നു. അവസാനം ഞാൻ മോചിപ്പിക്കപ്പെട്ടു.

മുസ്‌ലിംകളും ഹിന്ദുക്കളും ക്രിസ്ത്യാനികളും ചേർന്ന് എനിക്കെതിരെ കൊടുത്ത കേസ്സിൽ എന്നെ രക്ഷപ്പെടുത്തിയത് ദൈവരാജ്യം ഈ ഭൂമിയിലുണ്ടെന്നതിന് തെളിവാണ്.

ഇതേപ്രകാരം ഒരു ഘട്ടത്തിലല്ല പല ഘട്ടങ്ങളിൽ ദൈവരാജ്യം ഭൂമിയിൽ ഉള്ളതായിട്ട് എനിക്ക് കാണുവാനും അനുഭവിച്ചറിയുവാനും അങ്ങനെ *ലഹൂ മുൽക്കുസ്സമാവാത്തി വൽ അർള്* (57:3) അവന്റെ രാജ്യം ആകാശങ്ങളിലുമുണ്ട് ഭൂമിയിലുമുണ്ട് എന്ന തിരുവചനത്തിൽ എന്റെ വിശ്വാസം സുദൃഢമാകുവാനും സാധിച്ചു. അതേപ്രകാരം *ഇന്നമാ അംറുഹൂ ഇദാ അറാദ ശയ്അൻ അൻയ്യഖൂല ലഹൂ കുൻ ഫയകൂൻ*(36:83) എല്ലാ ഭൂമിയും ആകാശവും അവനെ അനുസരിച്ചുകൊണ്ടിരിക്കുന്നു. ഏതെങ്കിലും ഒരു കാര്യം ആകണമെന്ന് അവൻ ഇച്ഛിക്കുകയാണെങ്കിൽ 'ആകുക' എന്നു പറഞ്ഞാൽ അത് ഉടനെ ആയിത്തീരുന്നു എന്ന ആയത്തിലും എനിക്ക് വിശ്വസിക്കേണ്ടിവന്നു. വീണ്ടും പറയുന്നു:

*വല്ലാഹു ഗാലിബുൻ അലാ അംരിഹീ വലാകിന്ന അക്ഥറന്നാസി ലാ യഅ്ലമൂൻ*(12:22) അല്ലാഹു തന്റെ തീരുമാനത്തിൽ വിജയിയാകുന്നു. എന്നാൽ, അധികമാളുകളും അല്ലാഹുവിന്റെ അടിച്ചമർത്തലിനേയും പ്രതാപത്തേയും കുറിച്ച് അജ്ഞരാണ്.

ദൈവത്തിന്റെ ഭരണം ഭൂമിയിൽ വരാത്തിടത്തോളം, മനുഷ്യരെ ദൈവത്തിന്റെ കാരുണ്യത്തെ സംബന്ധിച്ച് നിരാശരാക്കുകയും അവന്റെ രക്ഷാകർത്തൃത്വം, സംരക്ഷണം എന്നിവയിൽനിന്ന് ക്രിസ്ത്യാനികളെ നിർഭയരാക്കുകയും ഭൂമിയിൽ സഹായിക്കാൻ അവനെ കഴിവില്ലാത്തവനാക്കുകയും ചെയ്യുന്നതാണ് ഇഞ്ചീലിലുള്ള ഈ പ്രാർഥന. എന്നാൽ, ഇതിന്നെതിരിൽ അല്ലാഹു മുസ്‌ലിംകൾക്ക് വിശുദ്ധഖുർആനിൽ പഠിപ്പിച്ച പ്രാർഥന, ഭൂമിയിൽ ദൈവം, ഭരണം നഷ്ടപ്പെട്ട ആളുകളെപ്പോലെ തൊഴിലില്ലാത്തവനല്ലെന്ന കാര്യം സമർപിക്കുന്നു.അവന്റെ പരിപാലനത്തിന്റേയും, പരമകാരുണികതയുടേയും, ദയാവായ്പിന്റേയും, ശിക്ഷയുടേയും പരമ്പര ഭൂമിയിൽ നടന്നുകൊണ്ടിരിക്കുന്നു. അവൻ, തന്നെ ആരാധിക്കുന്നവരെ സഹായിക്കാൻ ശക്തിയുള്ളവനും കുറ്റവാളികളെ തന്റെ ക്രോധംകൊണ്ട് നശിപ്പിക്കുന്നവനുമാകുന്നു. ആ പ്രാർഥന ഇതാണ്:

*അൽഹംദുലില്ലാഹി റബ്ബിൽ ആലമീൻ അർറഹ്മാനിർറഹീം മാലിക്കി യൗമിദ്ദീൻ ഇയ്യാക്ക നഅ്ബുദു വ ഇയ്യാക്ക നസ്തഈൻ ഇഹ്ദിനസ്സിറാത്തൽ മുസ്തഖീം സിറാത്തല്ലദീന അൻഅംത അലയ്ഹിം ഗയ്രിൽ മഗളൂബി അലയ്ഹിം വലള്ളാല്ലീൻ*

സകല സ്തുതികൾക്കും അർഹൻ അല്ലാഹു മാത്രമാകുന്നു. അതായത് അവന്റെ രാജ്യഭരണത്തിൽ ഒരു ന്യൂനതയും ഇല്ല. അവന്റെ നന്മകൾക്കുവേണ്ടി, അത് ഇന്നല്ല നാളെ ലഭിക്കുന്നതാണെന്ന് പ്രതീക്ഷിക്കപ്പെടുന്ന ഒരവസ്ഥയും ഇല്ലതന്നെ. അവന്റെ ഭരണകർത്തവ്യങ്ങളിൽ വ്യർഥമായതായിട്ടൊന്നും തന്നെയില്ല. എല്ലാ പ്രപഞ്ചങ്ങളേയും അവൻ പരിപാലിക്കുന്നു. കർമഫലമായിട്ടല്ലാതെ അവൻ കരുണ കാണിക്കുന്നു. അതേ പ്രകാരം കർമഫലമായിട്ടും കരുണ കാണിക്കുന്നു. നിശ്ചിത സമയത്ത് രക്ഷാശിക്ഷകൾ നല്കുന്നു. ഞങ്ങൾ അവനെ മാത്രം ആരാധിക്കുകയും അവനോട് മാത്രം സഹായമർഥിക്കുകയും ചെയ്യുന്നു. എന്നിട്ട് ഇപ്രകാരം പ്രാർഥിക്കുന്നു.

(ശേഷം പേജ് 9ൽ)

പ്രിന്റർ & പബ്ലിഷർ ജമീൽ അഹ്മദ് നാസിർ, ഫദ്‌ലെ ഉമർ പ്രിന്റിംഗ് പ്രസ്സ് ഖാദിയാനിൽ അച്ചടിപ്പിച്ച് ഖാദിയാനിലെ ബദർ പത്ര ഓഫീസിൽ നിന്ന് പ്രസിദ്ധീകരിച്ചത്: പ്രൊപ്രൈറ്റർ നിഗ്‌റാൻ ബദർ ബോർഡ്,ഖാദിയാൻ

# അഹ്മദിയ്യാ ഫിഖ്ഹ്-8

**നമസ്കാരവും ദൈവസ്മരണയും:**

നമസ്കാരം ദൈവസ്മരണയുടെ സമുച്ചയമാണ്. ദൈവസ്മരണ മനസ്സുകൾക്ക് ശാന്തി പ്രദാനം ചെയ്യുന്ന കാര്യമാണ്. **അലാബിദിക്‌രില്ലാഹി തത്മഇന്നുൽഖുലൂബ്** (13:29) എന്ന് പറഞ്ഞതു പോലെ. കഴിയുന്നിടത്തോളം നമസ്കാരത്തിൽ ദൈവസ്മരണ ചെയ്യുക. അതുമുഖേന ആത്മശാന്തി ലഭിക്കുന്നതാണ്. അതേ! അതിന് ക്ഷമയും അധ്വാനവും ആവശ്യമുണ്ട്. മനുഷ്യൻ പരിഭ്രമിക്കുകയും ക്ഷീണിക്കുകയും ചെയ്താൽ ഈ ആത്മശാന്തി ലഭിക്കുകയില്ല. ഒരു കർഷകൻ എത്രമാത്രം കഠിനാധ്വാനം ചെയ്യുന്നു. പിന്നീട് എത്രമാത്രം ക്ഷമയോടും ആകാംക്ഷയോടുംകൂടി വെളിയിൽ ധാന്യങ്ങൾ വിതയ്ക്കുന്നു. ബാഹ്യമായി നോക്കുന്നയാൾ, അയാൾ ധാന്യങ്ങൾ പാഴാക്കിക്കളയുന്നു എന്നായിരിക്കും പറയുക. പക്ഷേ, ഒരുകാലം വരും. ആ വിതച്ച ധാന്യത്തിൽനിന്ന് ധാന്യങ്ങളുടെ ഒരു കൂമ്പാരം ഒരുമിച്ചുകൂടുന്നു. അവൻ അല്ലാഹുവിനോടു സൽഭാവന വെച്ചുപുലർത്തുന്നു. സഹിക്കുന്നു. ഇപ്രകാരം മുഅ്മിൻ അല്ലാഹുവുമായി ഒരു ബന്ധമുണ്ടാക്കി അവന്റെ സ്മരണയിൽ സ്ഥൈര്യത്തിന്റേയും ക്ഷമയുടേയും മാതൃക കാണിക്കുമ്പോൾ അല്ലാഹു തന്റെ കൃപയും ദയയും കൊണ്ട് അവനോടു കരുണ കാണിക്കുന്നു. അവൻ തേടുന്ന ആ അഭിരുചിയും താൽപര്യവും അറിവും ജ്ഞാനവും അവന് പ്രദാനം ചെയ്യുന്നു. പരിശ്രമിക്കുകയും അധ്വാനിക്കുകയും ചെയ്യാതെ തങ്ങൾക്ക് അഭിരുചിയും താൽപര്യവും അറിവും ജ്ഞാനവും സമാധാനവും ആത്മശാന്തിയും ലഭിക്കണമെന്ന് ആഗ്രഹിക്കുന്നവർ തെറ്റാണ് ചെയ്യുന്നത്; ഭൗതികവും ക്ഷണികവുമായ കാര്യങ്ങൾക്കുവേണ്ടി അധ്വാനിക്കുകയും ക്ഷമിക്കുകയും ചെയ്യുക എന്നത് ആവശ്യമായി വരുമ്പോൾ, അല്ലാഹുവിനെ അവർക്കെങ്ങനെയാണ് മന്ത്രിച്ചൂതി പ്രാപിക്കാൻ കഴിയുക. അതുകൊണ്ട് അല്ലാഹുവിനെ പ്രാപിക്കുന്നതിനും അല്ലാഹുവിനെ തിരിച്ചറിയുന്നതിനും മനുഷ്യൻ ദുആയിൽ മുഴുകിക്കൊണ്ടിരിക്കുക എന്നത് അനിവാര്യമായ കാര്യമാണ്. സ്ത്രീകളുടെ അവസ്ഥയും ഭീരുത്വവുംകൊണ്ട് ഒന്നും നടക്കുകയില്ല. ഈ വഴിയിൽ പൗരുഷത്തോടെ ചുവടുയർത്തിവെക്കേണ്ടതാണ്. എല്ലാതരത്തിലുള്ള ബുദ്ധിമുട്ടുകളും സഹിക്കാൻ തയ്യാറായിരിക്കേണ്ടതാണ്. അല്ലാഹുവിനെ മുന്തിക്കുകയും പരിഭ്രമിക്കാതിരിക്കുകയും ചെയ്യുക. പിന്നീട് അല്ലാഹു കൃപചൊരിയുമെന്നും ആത്മശാന്തി പ്രദാനം ചെയ്യുമെന്നും പ്രതീക്ഷിക്കാവുന്നതാണ്.

ദൈവസ്മരണയുടെ സാധാരണ ബന്ധം ക്ലിപ്തമല്ലാത്ത ആരാധനയുമായിട്ടാണ്. ഈ ഇബാദത്ത് അഥവാ ആരാധന ക്ലിപ്തമല്ലാത്ത രീതിയിൽ വെച്ചിട്ടുള്ളത് ക്ലിപ്തമായ നിലയിൽ നമസ്കാരം എപ്പോഴും നിർവഹിക്കാൻ സാധിച്ചുവെന്ന് വരില്ല. എന്നാൽ, ക്ലിപ്തമല്ലാത്ത രീതിയിൽ നമസ്കാരം അതായത് ആരാധന എല്ലാ സമയവും നിർവഹിക്കാൻ കഴിയും. ഉറങ്ങുക ഉണരുക നടക്കുക കറങ്ങുക തുടങ്ങി ഏതവസ്ഥയിലും ദൈവസ്മരണ നടക്കുന്നതാണ്. ഒരാൾ ഒരു മഹാത്മാവിനോ ടു ചോദിച്ചു: ഞങ്ങൾ ഇബാദത്തു മാത്രം എടുത്തുകൊണ്ടിരുന്നാൽ ഞങ്ങൾക്കെങ്ങനെയാണ് ജോലി ചെയ്യാൻ കഴിയുക? അദ്ദേഹം പറഞ്ഞു: ദസ്തെ ദർക്കാർ ദിൽബായാർ നിങ്ങളുടെ ജോലികളും ചെയ്തുകൊണ്ടിരിക്കുക. ദൈവസ്മരണയും നടത്തിക്കൊണ്ടിരിക്കുക. ജോലി ചെയ്യുക, കച്ചവടം ചെയ്യുക. മറ്റു ഭൗതിക കാര്യങ്ങളും ചെയ്യുക. ചുരുക്കിപ്പറഞ്ഞാൽ ജോലി ചെയ്യുന്ന ഓരോരുത്തർക്കും തസ്ബീഹും ചെയ്തുകൊണ്ടിരിക്കാൻ കഴിയുന്നതാണ്; സ്വന്തം ജോലിയും ചെയ്യാൻ കഴിയും. പക്ഷേ, നമസ്കാരം എപ്പോഴും നിർവഹിക്കാൻ സാധിക്കുകയില്ല. നമ്മൾ നില്ക്കുകയാണെങ്കിൽ അപ്പോഴും സുബ്ഹാനല്ലാഹ് പറയാൻ കഴിയും. നീന്തുകയാണെങ്കിൽ അപ്പോഴും സുബ്ഹാനല്ലാഹ് പറയാൻ കഴിയും. തോക്ക് ചൂണ്ടി ഉന്നം പിടിക്കുമ്പോഴും സുബ്ഹാനല്ലാഹ് പറയാൻ കഴിയും. കാറോടിക്കുകയാണെങ്കിൽ അപ്പോഴും സുബ്ഹാനല്ലാഹ് പറയാൻ കഴിയും. എന്നാൽ, ഇത്തരത്തിലുള്ള ദൈവസ്മരണ ഇസ്‌ലാമിനു പുറമെ മറ്റൊരു മതത്തിലുമില്ല. ഹിന്ദുക്കളോടു ഇത് അവരുടെ ഗ്രന്ഥത്തിൽ കാണിക്കാൻ പറയുക. സർദശ്തികളോടു പറയുക അവരുടെ ഗ്രന്ഥത്തിൽ കാണിക്കാൻ! ഇത്തരത്തിലുള്ള ദിക്റിനെ കുറിച്ച് മറ്റു മതങ്ങളിൽ ഒരിടത്തും പേരും അടയാളവുംപോലും ലഭിക്കുകയില്ല. ചുരുക്കിപ്പറഞ്ഞാൽ അല്ലാഹു ഇപ്രകാരം ആരാധനയുടെ വഴികൾ തുറന്നുതന്നിരിക്കുന്നു; വിശ്വസ്തനായ ഒരാൾ ദൈവസ്മരണ ചെയ്യാൻ നിർബന്ധിതനാണ്.

(1)

ഏറ്റവും വലിയ ദിക്ർ 'ബിസ്മില്ലാഹ്' ആകുന്നു. നബി(സ) തിരുമേനി പറഞ്ഞു: ഒരു ജോലി തുടങ്ങുന്നതിനു മുമ്പേ ബിസ്മില്ലാഹ് ചൊല്ലുക. ബിസ്മില്ലാഹ് ചൊല്ലുന്നില്ലെങ്കിൽ ആ ജോലി അനുഗ്രഹരഹിതമായി പോകും. മനുഷ്യൻ വസ്ത്രം ധരിക്കുമ്പോൾ ബിസ്മില്ലാഹ് ചൊല്ലുക. പാദുകമിടുമ്പോൾ ബിസ്മില്ലാഹ് ചൊല്ലുക. വെള്ളം കുടിക്കുമ്പോൾ ബിസ്മില്ലാഹ് ചൊല്ലുക. പാത്രം കഴുകുമ്പോൾ ബിസ്മില്ലാഹ് ചൊല്ലുക. മൃഗങ്ങളെ അറുക്കുമ്പോൾ ബിസ്മില്ലാഹ് ചൊല്ലുക. ഇറച്ചിക്കറി വെക്കുമ്പോൾ ബിസ്മില്ലാഹ് ചൊല്ലുക. എല്ലാ ജോലിയും ആരംഭിക്കുന്നതിനുമുമ്പേ ബിസ്മില്ലാഹ് ചൊല്ലുക. ലോകത്ത് എത്രമാത്രം വസ്തുക്കളുണ്ടോ ഇതെല്ലാം അല്ലാഹുവിന്റെ സ്വത്താണെന്നും ഞാൻ അവന്റെ അനുവാദമനുസരിച്ച് അതുപയോഗിക്കുന്നുവെന്നുമുള്ള സൂചനയാണ് ബിസ്മില്ലായിൽ ഉള്ളത്. ഉദാഹരണത്തിന് മൃഗങ്ങളെ അറുക്കുമ്പോൾ ബിസ്മില്ലാഹ് ചൊല്ലുന്നു. അപ്പോൾ അതിന്റെ അർഥം ഈ മൃഗത്തെ ഞാൻ ആരിൽനിന്നും തട്ടിയെടുത്തതല്ല, അല്ലാഹുവാണ് അതിന്റെ ഉടമസ്ഥൻ, അവൻ എന്നോടു തിന്നാൻ പറഞ്ഞു അതുകൊണ്ടു ഞാൻ അതിനെ അറുക്കുന്നു എന്നാണ്. മുളക്! അല്ലാഹുവാണ് അതും നല്കിയിട്ടുള്ളത്. കല്ക്കരിയും അല്ലാഹുവാണ് നല്കിയിട്ടുള്ളത്. പാത്രങ്ങളും അല്ലാഹുവാണ് നല്കിയിട്ടുള്ളത്. ഞാൻ താൽക്കാലികമായ നിലയിൽ അവന്റെ ഉടമസ്ഥതയിലുള്ള വസ്തുവിൽനിന്ന് ഫലമെടുക്കുന്നു.

(2)

രണ്ടാമത്തെ ദിക്ർ അൽഹംദുലില്ലാഹ് ആകുന്നു. അത് എല്ലാ ജോലിയും അവസാനിച്ചതിനു ശേഷം ചൊല്ലുന്നതാണ്. വിശുദ്ധഖുർആനിലും അല്ലാഹു പറയുന്നു; **വ ആഖിറുദഅ്‌വാഹും അനിൽഹംദുലില്ലാഹി റബ്ബിൽ ആലമീൻ** (10:11). സർവ്വ സ്തുതിയും സർവ്വലോകനാഥനായ അല്ലാഹുവിനാകുന്നു. എന്നതാണ് സത്യവിശ്വാസികളുടെ അവസാനവാക്യം.

(3)

മൂന്നാമത്തെ ദിക്ർ സുബ്ഹാനല്ലാഹ് എന്നതാണ്. അത് അത്ഭുതപ്പെടുത്തുന്നതും വലിയതുമായ ജോലിയിൽ ചൊല്ലുന്നതാണ്. ഇതിലും ചിന്തിക്കുകയാണെങ്കിൽ, ഈ ദിക്ർ വലിയ യുക്തിജ്ഞാനങ്ങൾ ഉൾക്കൊള്ളുന്നതായി കാണാം.

(4)

പിന്നീട് വിപത്തിന്റെ നേരങ്ങളിൽ ചൊല്ലാൻ ഇസ്‌ലാം ഈ ദിക്ർ പഠിപ്പിച്ചിരിക്കുന്നു. **ഇന്നാ ലില്ലാഹി വ ഇന്നാ ഇലയ്ഹി റാജിഊൻ.** ഇതിന്റെ അർഥം 'നിശ്ചയമായും ഞങ്ങൾ അല്ലാഹുവിനുള്ളവരും അവനിലേക്കുതന്നെ മടങ്ങുന്നവരുമാകുന്നു' എന്നാണ്. (2:157) ഏതെങ്കിലും പ്രിയപ്പെട്ടവനെ എനിക്ക് കിട്ടിയിട്ടുണ്ടെങ്കിൽ അത് അല്ലാഹുവിൽനിന്ന് കിട്ടിയതാണ്. ഇപ്പോൾ അവൻ തിരിച്ചെടുത്തെങ്കിൽ വിഷമിക്കാനെന്തിരിക്കുന്നു. ഒരു ഗ്ലാസ് പൊട്ടിപ്പോയാൽ ഇന്നാലില്ലാഹി വ ഇന്നാഇലയ്ഹി റാജിഊൻ എന്നു പറയുന്നു. ഈ ഗ്ലാസും അല്ലാഹു തന്നെയാണ് തന്നത്. നമ്മളും അവന്റെയടുക്കലേക്ക് പോകേണ്ടവരാണ്. അവിടെ വേറെ ഗ്ലാസ് കിട്ടുന്നതാണ്. നഷ്ടമുണ്ടാകുന്ന നേരത്തെല്ലാം ഇന്നാ ലില്ലാഹി വ ഇന്നാ ഇലയ്ഹി റാജിഊൻ പറയുക എന്നത് മനുഷ്യപ്രകൃതിയെ തുരുമ്പെടുക്കുന്നതിൽനിന്ന് വൃത്തിയാക്കുന്നു.

(5)

ഏതെങ്കിലും വെറുക്കപ്പെട്ട കാര്യമോ ദൃശ്യമോ കണ്ടാൽ ആ അവസരത്തേയും ഇസ്‌ലാം ദിക്ർ കൂടാതെ വിട്ടുകളഞ്ഞിട്ടില്ല. മറിച്ച്, വെറുക്കപ്പെട്ട കാര്യം കണ്ടാൽ **ലാ ഹൗല വലാ ഖുവ്വത്ത ഇല്ലാ ബില്ലാഹ്** എന്നു പറയാൻ നിർദ്ദേശിച്ചു. അതായത് പറയുക, എല്ലാ വിപത്തിൽനിന്നും രക്ഷിക്കാനും എല്ലാ നന്മകളും കരസ്ഥമാക്കാനുമുള്ള ശക്തി അല്ലാഹുവിൽനിന്നല്ലാതെ മറ്റെവിടെനിന്നും ലഭിക്കുകയില്ല.

(6)

മനുഷ്യന്റെ ഉള്ളിൽ പാപം ചെയ്യാനുള്ള പ്രേരണയുണ്ടാകുന്ന അവസരത്തിൽ അസ്തഗ്ഫിറുല്ലാഹ് എന്ന ദിക്റാണ് വെച്ചിട്ടുള്ളത്. ഞാൻ ശയ്ത്വാന്റെ ആക്രമണങ്ങളിൽനിന്ന് അല്ലാഹുവിനോടു അഭയം തേടുന്നു.

(7)

അഊദുബില്ലായുടെ ഒരു ദിക്റുമുണ്ട്. ഏതെങ്കിലും വഴിയിൽ ശയ്ത്വാൻ തടസമുണ്ടാക്കാൻ സാധ്യതയുണ്ടെന്ന് തോന്നുമ്പോഴാണ് ഈ ദിക്ർ ചൊല്ലുന്നത്. ഉദാഹരണത്തിന് ഖുർആൻ പാരായണം. ഇതൊരു സുപ്രധാന പ്രവർത്തിയാണ്. കാരണം ശയ്ത്വാൻ ഇതിൽ തടസമുണ്ടാക്കുന്നു. അതുകൊണ്ടാണ് പറഞ്ഞത് **ഫഇദാ ഖറഅ്തൽ ഖുർആന ഫസ്തഇദ് ബില്ലാഹ്** (16:99) 'നീ ഖുർആൻ പാരായണം ചെയ്യുമ്പോൾ ശപിക്കപ്പെട്ട പിശാചിൽനിന്ന് അല്ലാഹുവിൽ അഭയം പ്രാപിക്കുക' എന്ന്.

(8)

മനുഷ്യനുറങ്ങുമ്പോഴും ദിക്റുണ്ട്. ആയത്തുൽ കുർസിയും അവസാനത്തെ മൂന്ന് സൂറത്തും ഓതി നെഞ്ചിലൂതാൻ നിർദ്ദേശിച്ചിരിക്കുന്നു.

(9)

കണ്ണുതുറക്കുമ്പോഴും ദിക്റുണ്ട്. **അൽഹംദുലില്ലാഹില്ലദീ അഹ്‌യാനാ ബഅ്ദമാ അമാത്തനാ വ ഇലയ്ഹിന്നുശൂർ.**

(10)

രോഗിയാകുമ്പോഴും ചൊല്ലാൻ ദിക്റുണ്ട്. ശിഫാ കിട്ടിക്കഴിയുമ്പോഴും ദിക്റുണ്ട്.

(11)

ടോയ്‌ലറ്റിൽ പോകുക എന്നത് എത്രമാത്രം മോശമായി കാണുന്ന കാര്യമാണ്. എന്നാൽ, അവിടെയും അവസരോചിതം ചൊല്ലാൻ ദിക്റുണ്ട്. **അല്ലാഹുമ്മ ഇന്നീ അഊദുബിക്ക മിനൽ ഖുബുഥി വൽഖബാഇഥ്.**

(12)

കുളിക്കുമ്പോഴും ദിക്റുണ്ട്.

(13)

ഭാര്യാഭർത്താക്കന്മാർ പ്രത്യേകം ബന്ധപ്പെടുന്ന അവസരങ്ങളിലും നബി(സ) തിരുമേനി **അല്ലാഹുമ്മ ജന്നിബ്നാ മിനശ്ശയ്ത്വാനീ വ ജന്നിബിശ്ശയ്ത്വാന മാറസഖ്തനാ** എന്നു ചൊല്ലുക എന്ന് പറഞ്ഞു.

ചുരുക്കിപ്പറഞ്ഞാൽ മനുഷ്യജീവിതത്തിന്റെ ഒരു ഭാഗവും അത് വികാരങ്ങളുടെ പ്രകടമാണെങ്കിൽ ത്തന്നെയും അവിടെ ഏതെങ്കിലും ദിക്ർ ഇല്ലാതെയില്ല.

നമസ്കാരത്തിനും നാവുകൊണ്ടുള്ള ദിക്റിനും ദുആയ്ക്കും പുറമെ ഇസ്‌ലാം ആത്മാവിന്റെ ശുദ്ധീകരണത്തിനും ഈശ്വരജ്ഞാനം കരസ്ഥമാക്കുന്നതിനും മറ്റു ചില മാർഗങ്ങളും പറഞ്ഞിട്ടുണ്ട്. അവയുടെ ഹ്രസ്വമായ വിശദീകരണം താഴെ ചേർക്കുകയാണ്.

1. തഫക്കുർ. ഇത് അല്ലാഹുവിന്റെ അസ്തിത്വം വരെ എത്തിപ്പെടാൻ സഹായിക്കുന്നു. ഇതിന്റെ അർഥം മാനസികവും തത്ത്വശാസ്ത്രപരവുമായ

**(ശേഷം പേജ് 10ൽ)**

# ഖുത്ബ ജുമുഅ

**അൽഹംദുലില്ലാഹ്! അല്ലാഹുവിന്റെ കൃപാദൃഷ്ടികൊണ്ട് ഇന്ന് നമ്മൾ ഒരു ജൽസസാലാനയിൽകൂടി പങ്കെടുക്കാനുള്ള സൗഭാഗ്യം കരസ്ഥമാക്കുകയാണ്. എല്ലാവരും ജൽസയുടെ ഈ മൂന്നുദിവസം അതിന്റെ ആത്മീയാന്തരീക്ഷത്തിൽ നിന്ന് ഫലമെടുക്കാൻ ശ്രമിക്കേണ്ടതാണ്. ജൽസയുടെ പരിപാടികൾ നിശബ്ദമായും ശ്രദ്ധിച്ചും കേൾക്കേണ്ടതാണ്. അപ്പോഴായിരിക്കും ജൽസയിൽ പങ്കെടുക്കുന്നതുകൊണ്ടുള്ള പ്രയോജനം ലഭിക്കുന്നതും ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ജൽസ സംഘടിപ്പിക്കുന്നതിന്റെ ഉദ്ദേശ്യം പൂർത്തീകരിക്കുന്നവരാകുകയും ചെയ്യുക.**

**അതിനാൽ അതിഥികളുടെ പെരുമാറ്റം എത്തരത്തിലുള്ളതാണെങ്കിലും അവർക്കുവേണ്ടി പ്രവർത്തിക്കുന്നവർ ഉന്നതമായ സൽസ്വഭാവം പ്രദർശിപ്പിച്ചുകൊണ്ട് അവരുടെ വികാരങ്ങളും വിചാരങ്ങളും ഗൗനിക്കേണ്ടതാണ്.**

**അഹ്മദി അതിഥിയാണെങ്കിലും ആതിഥേയരാണെങ്കിലും സൽപെരുമാറ്റം കാണിക്കണമെന്നത് തികച്ചും ശരിതന്നെയാണ്. പക്ഷേ, ജൽസയിലെ അതിഥികൾക്ക് സേവനം ചെയ്യാൻ സ്വയം സമർപിച്ചിട്ടുള്ളവർ കൂടുതൽ സൽപെരുമാറ്റം പ്രദർശിപ്പിക്കേണ്ടതാണ്.**

**പ്രവർത്തകർ പ്രത്യേകമായ നിലയിൽ എങ്ങനെ ആരുമായി പെരുമാറേണ്ടിവന്നാലും അവരുടെ മുഖങ്ങളിൽ എപ്പോഴും പുഞ്ചിരി നിലനില്ക്കണമെന്ന കാര്യം അനിവാര്യമാക്കേണ്ടതാണ്.**

**ജൽസയുടെ സംഘടനാപരമായ ജോലികൾ ചെയ്യുന്നതിന് ഔദ്യോഗികമായ ഒരു വ്യവസ്ഥിതിയുണ്ട്. വിവിധ വകുപ്പുകളുണ്ട്. അത് ആ ജോലികൾ സുഗമമാക്കുന്നതിനുവേണ്ടി ഉണ്ടാക്കിയിട്ടുള്ളതാണ്. ഏതെങ്കിലും അതിഥി ഏതെങ്കിലും ഒരു വകുപ്പിൽ കുറവുകാണുകയാണെങ്കിൽ അല്ലെങ്കിൽ അയാൾക്ക് കിട്ടുന്ന ആതിഥ്യം അയാൾ വിചാരിക്കുന്നതുപോലെയല്ലെങ്കിൽ, ഇങ്ങനെയുള്ള ആതിഥ്യം കിട്ടേണ്ടത് തന്റെ അവകാശമാണെന്ന് തോന്നുന്നുവെങ്കിൽ പ്രവർത്തകരുടെ പിന്നാലെ പോകുന്നതിനുപകരം വകുപ്പിന്റെ ഇൻചാർജിന് മാത്രം എഴുതുക.**

**ജൽസയിൽ പങ്കെടുക്കുന്നവർ ഇക്കാര്യത്തിലേക്കും ശ്രദ്ധിക്കേണ്ടതാണ്. നബി(സ) തിരുമേനി പറഞ്ഞു: 'സത്യവിശ്വാസികൾ പ്രയോജനമില്ലാത്തതും അനാവശ്യവുമായ കാര്യങ്ങൾ ഉപേക്ഷിക്കുക എന്നതും ഇസ്ലാമിലെ ഒരു സൽസ്വഭാവമാണ്.' ഹദ്റത്ത് മസീഹ് മൗഊദ്(അ) 'ലില്ലാഹി ജൽസ'(അല്ലാഹുവിന് വേണ്ടിയുള്ള ജൽസ) എന്ന് നിശ്ചയിച്ചിട്ടുള്ള ഈ ജൽസയിൽ എല്ലാതരത്തിലുള്ള അനാവശ്യസംസാരങ്ങളിൽ നിന്നും സമയം പാഴാക്കിക്കളയുന്നതിൽനിന്നും വിട്ടുനില്ക്കേണ്ടതാണ്.**

**തർബിയ്യത്തിന്റെ അടിസ്ഥാനത്തിലും ദീനുമായി ബന്ധപ്പെടുത്തുന്നതിലും ഏറ്റവും പ്രധാനപ്പെട്ട കാര്യം ഇബാദത്ത് അഥവാ ആരാധനയാണ്. ഇതിനായി നമ്മുടെമേൽ അഞ്ചുനേര നമസ്കാരം നിർബന്ധമാക്കപ്പെട്ടിരിക്കുന്നു. സുരക്ഷിതത്വത്തിന്റെ അടിസ്ഥാനത്തിൽ ജൽസഗാഹിന്റെ ഉള്ളിലും വെളിയിലും നിങ്ങളുടെ ചുറ്റും ദൃഷ്ടി ഉണ്ടായിരിക്കേണ്ടതാണ്.**

## ജൽസാസാലാന കണക്കിലെടുത്ത് അതിഥികൾക്കും ആതിഥേയർക്കും സുപ്രധാനമായ ഉപദേശങ്ങൾ.

**ഖുത്ബ ജുമുഅ സയ്യിദുനാ അമീറുൽ മുഅ്മിനീൻ ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ് അയ്യദഹുല്ലാഹുത്തആല ബിനസ്രിൽ അസീസ്**

**ഖുത്ബ ജുമുഅ 2018 ആഗസ്റ്റ് 3/1397 ളുഹൂർ 3**
**മസ്ജിദ് ബയ്ത്തുൽ ഫുതൂഹ് ലണ്ടൻ**

أَشْهَدُ أَنْ لَا إِلٰهَ إِلَّا اللّٰهُ وَحْدَهُ لَا شَرِيكَ لَهُ وَأَشْهَدُ أَنَّ مُحَمَّدًا عَبْدُهُ وَرَسُولُهُ
أَمَّا بَعْدُ فَأَعُوذُ بِاللّٰهِ مِنَ الشَّيْطٰنِ الرَّجِيمِ - بِسْمِ اللّٰهِ الرَّحْمٰنِ الرَّحِيمِ -
اَلْحَمْدُ لِلّٰهِ رَبِّ الْعٰلَمِينَ - الرَّحْمٰنِ الرَّحِيمِ - مٰلِكِ يَوْمِ الدِّينِ - إِيَّاكَ نَعْبُدُ وَإِيَّاكَ نَسْتَعِينُ -
اِهْدِنَا الصِّرَاطَ الْمُسْتَقِيمَ - صِرَاطَ الَّذِينَ أَنْعَمْتَ عَلَيْهِمْ غَيْرِ الْمَغْضُوبِ عَلَيْهِمْ وَلَا الضَّالِّينَ -

അൽഹംദുലില്ലാഹ്! അല്ലാഹുവിന്റെ കൃപാദൃഷ്ടികൊണ്ട് ഇന്ന് നമ്മൾ ഒരു ജൽസസാലാനയിൽകൂടി പങ്കെടുക്കാനുള്ള സൗഭാഗ്യം കരസ്ഥമാക്കുകയാണ്. ആദ്യമായി ജൽസയിൽ പങ്കെടുക്കുന്നവരുമുണ്ട്. യാത്ര ചെയ്യാനും വിസ ലഭിക്കാനും സൗകര്യമുള്ള ധാരാളമാളുകളുണ്ട്. അവർ വർഷന്തോറും ജൽസയിൽ പങ്കെടുന്നവരാണ്. ആദ്യമായി ജൽസയിൽ പങ്കെടുക്കുന്ന യു.കെ വാസികളുമുണ്ട്. അവർ ഇവിടെ വന്നിട്ട് കുറച്ചുകാലമേ ആയിട്ടുള്ളൂ. ഇവിടെവന്ന് സെറ്റിലായവരാണവർ. അല്ലെങ്കിൽ ചില കുട്ടികളുണ്ട്; അവർ പ്രായപൂർത്തിയായിട്ട് ആദ്യമായി ജൽസസാലാനയുടെ അന്തരീക്ഷത്തിൽനിന്ന് ഫലമെടുക്കുന്നവരായിരിക്കും. അതിനാൽ എല്ലാവരും ജൽസയുടെ ഈ മൂന്നുദിവസം അതിന്റെ ആത്മീയാന്തരീക്ഷത്തിൽനിന്ന് ഫലമെടുക്കാൻ ശ്രമിക്കേണ്ടതാണ്. ജൽസയുടെ പരിപാടികൾ നിശബ്ദമായും ശ്രദ്ധിച്ചും കേൾക്കേണ്ടതാണ്. അപ്പോഴായിരിക്കും ജൽസയിൽ പങ്കെടുക്കുന്നതുകൊണ്ടുള്ള പ്രയോജനം ലഭിക്കുന്നതും ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ജൽസ സംഘടിപ്പിക്കുന്നതിന്റെ ഉദ്ദേശ്യം പൂർത്തീകരിക്കുന്നവരാകുകയും ചെയ്യുക.

ജൽസയുടെ സംവിധാനങ്ങൾ 90%വും ജമാഅത്തംഗങ്ങൾ സന്നദ്ധപ്രവർത്തനമെന്നനിലയിലാണ് ചെയ്തുകൊണ്ടിരിക്കുന്നതെന്ന് എല്ലാവർക്കും അറിയാം. അതുകൊണ്ട് ചില പ്രവൃത്തികളിൽ കുറവുകളും പിഴവുകളും ഉണ്ടായിരിക്കുന്നതാണ്. പക്ഷേ, ആ കുറവുകളും പിഴവുകളും പങ്കെടുക്കുന്ന എല്ലാവരുംകൂടി നികത്തേണ്ടതാണ്. പ്രവർത്തകർ തങ്ങളുടെ പ്രവർത്തനങ്ങൾ പരിശോധിച്ച് അത് ശരിയാക്കാൻ ശ്രമിക്കുമ്പോൾ അതിഥികളും ആ കുറവുകളും പിഴവുകളും അവഗണിച്ചുകളയേണ്ടതാണ്. എവിടെയെങ്കിലും പ്രവർത്തകരുടെ ആവശ്യമുണ്ടെങ്കിൽ മുന്നോട്ടുവന്ന് അവരെ സഹായിക്കാൻ നിങ്ങൾ നിങ്ങളെ സ്വയം സമർപിക്കുക. നമ്മൾ പരസ്പരം ഭാരം വഹിക്കുന്നവരാകുമ്പോഴാണ് നമ്മളിൽ ഒത്തൊരുമ ഉണ്ടാകുന്നത്. സഹായത്തിനാവശ്യമുണ്ടെങ്കിൽ സഹായിക്കാൻ ശ്രമിക്കുക. അടിസ്ഥാനപരമായ ഇക്കാര്യം അതിഥികളും ആതിഥേയരും ഓർമവയ്ക്കേണ്ടതാണ്.

പൊതുവെ പ്രവർത്തകരുടേയും ആതിഥേയരുടേയും ഉത്തരവാദിത്വങ്ങളേയും നിർബന്ധകടമകളേയും കുറിച്ച് ജൽസയുടെ ഒരാഴ്ച മുമ്പേ നടത്തുന്ന ഖുത്ബയിൽ പറയാറുണ്ട്. അതിഥികളോടു അവരുടെ നിർബന്ധകടമകളെ കുറിച്ച് ജൽസ നടക്കുന്ന ദിവസത്തെ ഖുത്ബയിലും കുറച്ചു കാര്യങ്ങൾ പറയാറുണ്ട്. നമ്മുടെ ജൽസയുടെ എന്നല്ല നമ്മുടെ ജമാഅത്തുപരമായ വ്യവസ്ഥിതിയുടെ സവിശേഷത ഇതാണ്. അല്ലെങ്കിൽ നമ്മളിലെ ഓരോരുത്തരും നമ്മുടെ കടമകളേയും നിർബന്ധകാര്യങ്ങളേയും നല്ലരീതിയിൽ ചെയ്യുന്നവരും മനസ്സിലാക്കുന്നവരും ആകുമ്പോഴാണ് നമുക്ക് പരസ്പരം സന്തോഷത്തിലും സ്നേഹത്തിലും ഇരിക്കാൻ കഴിയുന്നത്. എന്തായാലും ഇന്ന് ഞാൻ രണ്ടുപേരോടും കുറച്ചു കാര്യങ്ങൾ പറയുന്നതാണ്. അതിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നതാണ്.

കഴിഞ്ഞയാഴ്ചയിലെ ഖുത്ബയിൽ ഞാൻ പ്രവർത്തകരോട് ഒന്നും പറഞ്ഞിരുന്നില്ല. പക്ഷേ, കഴിഞ്ഞ ഞായറാഴ്ച നടന്ന പരിശോധനാവേളയിൽ ജൽസയുടെ തയ്യാറെടുപുകളെ കുറിച്ച് പറഞ്ഞിരുന്നു; അവരുടെ സമീപനം എങ്ങനെയായിരിക്കണമെന്നും എങ്ങനെ അവർ ജോലി ചെയ്യണമെന്നും! അല്ലാഹുവിന്റെ കൃപാദൃഷ്ടികൊണ്ട് ദീർഘകാലമായി ഈ പ്രവർത്തകർ അല്ലെങ്കിൽ പണിയെടുക്കുന്നവർ അവരിൽ ഭൂരിപക്ഷം എന്നു തന്നെ പറയണം, ഡ്യൂട്ടികൾ നല്കിവരുന്നവരാണ്. അതുകൊണ്ട് ജോലി മനസ്സിലാക്കുന്നതിനും നല്ലരീതിയിൽ ചെയ്യുന്നതിനും ഇവിടത്തെ പ്രവർത്തകർ ഇപ്പോൾ മതിയാവോളം തർബിയ്യത്ത് നേടിക്കഴിഞ്ഞിട്ടുള്ളവരാണ്. പുതിയതായി പങ്കെടുക്കുന്ന പ്രവർത്തകർക്കും കുട്ടികൾക്കും യുവാക്കൾക്കും മുമ്പേ പ്രവർത്തിച്ചിരുന്നവരും ഇപ്രകാരംതന്നെ ഓഫീസർമാരും തങ്ങളുടെ പരിചയസമ്പത്ത് പ്രയോജനപ്പെടുത്തിക്കൊണ്ട് ശിക്ഷണം നല്കിവരുന്നു. പക്ഷേ, കൂടുതൽ ശ്രദ്ധയുണ്ടാകേണ്ട ചില കാര്യങ്ങളെക്കുറിച്ച് ഓർമപ്പെടുത്തേണ്ടിയും വരുന്നു. അതിനാൽ ഇപ്പോൾ അതിഥികളോടും ആതിഥേയരോടും ഞാൻ പറഞ്ഞതുപോലെ ചില കാര്യങ്ങൾ പറയുന്നതാണ്.

ഏറ്റവുമാദ്യം പ്രവർത്തകരോടു പറയാനുള്ളത് അവർ ഹദ്റത്ത് മസീഹ് മൗഊദ്(അ) തുടങ്ങിവച്ച എന്നല്ല അല്ലാഹുവിന്റെ കല്പനയാൽ തുടങ്ങിവച്ച ജൽസയിൽ പങ്കെടുക്കാൻ വരുന്നവർക്ക് സേവനം ചെയ്യാനാണ് തങ്ങളെ സമർപിച്ചിട്ടുള്ള

ത്. അവർ ഏതെങ്കിലും ഭൗതികമായ മേളയിൽ പങ്കെടുക്കാനല്ല വന്നിട്ടുള്ളത്. പ്രത്യുത തങ്ങളുടെ ആത്മീയവും വൈജ്ഞാനികവും ധാർമികവുമായ നിലവാരങ്ങൾ മെച്ചപ്പെടുത്താനാണ് സമ്മേളിച്ചിട്ടുള്ളത്. ജൽസയിൽ പങ്കെടുക്കുന്നവരുടെ ഓരോരുത്തരുടേയും ചിന്ത ഇതായിരിക്കുമെന്ന് ഞാൻ പ്രതീക്ഷിക്കുന്നു; ഇങ്ങനെയാണ് വേണ്ടതും. ഇല്ലെങ്കിൽ അവർ ജൽസയിൽ പങ്കെടുക്കുക എന്നത് പാഴാണ്. അതിനാൽ അതിഥികളുടെ പെരുമാറ്റം എത്തരത്തിലുള്ളതാണെങ്കിലും അവർക്കുവേണ്ടി പ്രവർത്തിക്കുന്നവർ ഉന്നതമായ സൽസ്വഭാവം പ്രദർശിപ്പിച്ചുകൊണ്ട് അവരുടെ വികാരങ്ങളും വിചാരങ്ങളും ഗൗനിക്കേണ്ടതാണ്. എപ്പോഴെങ്കിലും അതിഥിയോ പങ്കെടുക്കുന്നയാളോ ആരെങ്കിലും മോശമായി പെരുമാറുകയാണെങ്കിൽത്തന്നെ പ്രവർത്തകർ തങ്ങളുടെ വികാരങ്ങൾ നിയന്ത്രിക്കേണ്ടതാണ്. അതേപോലെയും അതേരീതിയിൽ പെരുമാറിയും മറുപടി കൊടുക്കരുത്. എല്ലാ പ്രവർത്തകരും അല്ലാഹുവിന്റെ തൃപ്തിക്കുവേണ്ടി അതിഥികളെ സ്വീകരിക്കാൻ തങ്ങളെ സമർപിച്ചിട്ടുള്ള സ്ഥിതിക്ക് അതിഥികളുടെ തെറ്റായ പെരുമാറ്റവും സഹിക്കേണ്ടി വന്നാൽ അല്ലാഹുവിനുവേണ്ടി ക്ഷമിക്കുക. അപ്പോഴാണ് അല്ലാഹുവിന്റെ സന്തോഷവും സംപ്രീതിയും കരസ്ഥമാക്കുന്നവരാകാൻ സാധിക്കുന്നത്. നമ്മൾ വിശ്വസിച്ചിട്ടുള്ള നബിയുടെ ജീവിതമാതൃക അതിഥികളെ സംബന്ധിച്ച് എന്തായിരുന്നു? ഇടയ്ക്കിടെ വന്നുകൊണ്ടിരിക്കുന്ന അതിഥിയല്ല അല്ലെങ്കിൽ വർഷത്തിലൊരിക്കൽ ജൽസയ്ക്കു വരുന്ന അതിഥിയല്ല. മറിച്ച്, അവർ നഗരവാസികളായിരുന്നു. നിത്യവും വന്നു കാണുന്നവരുമായിരുന്നു. അവരെ എപ്പോഴെങ്കിലും അവരുടെ ദാരിദ്ര്യാവസ്ഥ കാരണത്താൽ ഭക്ഷണത്തിന് വിളിച്ചാൽ അവർ വന്ന് ദീർഘനേരം സംസാരിച്ചിരിക്കുമായിരുന്നു. അവിടത്തെ വിശ്രമത്തിലും അവിടത്തെ ജോലിയിലും തടസമായാൽ, താൻ തിരക്കിലാണെന്നും ഭക്ഷണം കഴിച്ച് പെട്ടെന്ന് നിങ്ങൾ പോകുകയെന്നും, നിങ്ങൾ ഇവിടെ ഇരിക്കുന്ന കാരണത്താൽ എനിക്കെന്റെ ചില ജോലികൾ ചെയ്തുതീർക്കാൻ കഴിയുന്നില്ലെന്നും ഒരിക്കലും അവരോടു പറയുമായിരുന്നില്ല. ഇത്തരക്കാരുടെ അവസ്ഥ കണ്ടും അവിടത്തെ അതിഥികളെ സഹിക്കുന്നതിന്റെ ക്ഷമയും സഹിഷ്ണുതയും കണ്ട് അല്ലാഹു സത്യവിശ്വാസികളോടു പറഞ്ഞു: ഫയസ്തഹീ മിൻക്കും അദ്ദേഹം നിങ്ങളുടെ വികാരങ്ങളെ വിചാരിച്ച് നിങ്ങളെ സംബന്ധിച്ച് (നിങ്ങൾ പിരിഞ്ഞുപോകണമെന്ന് പറയാൻ) ലജ്ജിക്കും. (33:54) പക്ഷേ, ദീർഘനേരം അകാരണമായി നബിയുടെ വീട്ടിലിരുന്ന് അദ്ദേഹത്തിന് ബുദ്ധിമുട്ടുണ്ടാക്കരുതെന്ന് പറയാൻ അല്ലാഹുവിന് ഒരു തടസവുമില്ല. ഒരു ഭാഗത്ത് അല്ലാഹു നബി(സ) തിരുമേനിയുടെ അതിഥി സൽക്കാരത്തിന്റെ ഉന്നതമായ ജീവിത മാതൃകയെക്കുറിച്ച് പറഞ്ഞു. സ്വഭാവങ്ങൾ ഉന്നതനിലയിലുള്ളതാണെന്ന് പറഞ്ഞു: മറുഭാഗത്ത് അതിഥികൾക്കും പ്രത്യേകമായ നിലയിൽ കൽപന നല്കി. അതിഥിയായിക്കൊണ്ട് സ്വന്തം അവകാശങ്ങളിൽ അതിരുകടക്കരുത്. അതിഥികൾ അവരുടെ പരിധിക്കുള്ളിൽ ഇരിക്കേണ്ടത് ആവശ്യമാണ്. അതിഥികളും, അതിഥി എന്ന സ്ഥാനം ദുരുപയോഗം ചെയ്യാതിരിക്കേണ്ടതാണ്.

പിന്നീടുള്ളത് അന്യരോടുള്ള അതിഥി സൽക്കാര നിലവാരത്തിന്റെ സ്ഥാനമാണ്. ഉന്നതമായ നിലയിലുള്ള പെരുമാറ്റംകൊണ്ട് മനുഷ്യൻ അമ്പരുന്നുപോകുന്നു. അതിന്റെ മാതൃകയും നമ്മൾ കാണുന്നുണ്ട്. ഒരു അമുസ്‌ലിം അതിഥിയായി വരുന്നു. അവിടന്ന് അദ്ദേഹത്തെ നല്ലവണ്ണം സ്വീകരിക്കുന്നു. രാവിലെ ബിസ്തർ വൃത്തികേടാക്കിയിട്ടാണ് എഴുന്നേറ്റ് അയാൾ പോയത്. അവിടന്ന് സ്വയം അത് കഴുകിവൃത്തിയാക്കുന്നു. തങ്ങൾക്ക് സേവനം ചെയ്യാൻ അവസരം തരികയെന്ന് സ്വഹാബാക്കൾ പറയുന്നുണ്ട്; അങ്ങ് എന്തിനാണ് ബുദ്ധിമുട്ടുന്നത്, ഞങ്ങൾ തയ്യാറായി ഇവിടെ ഉണ്ടല്ലോ? അവിടന്ന് പറയുന്നു: 'എന്റെ അതിഥിയായിരുന്നു. അതുകൊണ്ട് അദ്ദേഹത്തിന്റെ അഴുക്ക് ഞാൻതന്നെ വൃത്തിയാക്കുന്നതാണ്.'(മഥ്നവി മൗലവി മഅ്നവി ദഫ്ത്തർ പഞ്ചം പേജ് 20-24 പരിഭാഷ ഖാളി സജ്ജാദ് ഹുസയ്ൻ അൽഫയ്സൽ നാശ്റാൻ ലാഹോർ 2006). ഇത് ഉന്നതമായ മാതൃകയാണ്. ഇതിനെ നേരിടാൻ ആർക്കും കഴിയുകയില്ല. നമ്മുടെ ജൽസയിൽ സ്വന്തക്കാരും അന്യരും വരാറുണ്ട്. വരുന്നവരെല്ലാം നല്ല സ്വഭാവങ്ങളുടെ ഉടമസ്ഥരാണ്. അല്ലെങ്കിൽ മതം പഠിക്കുന്നതിനോ ഇസ്‌ലാമിനേയും അഹ്മദിയ്യത്തിനേയും കുറിച്ച് അറിയുന്നതിനോ വരുന്നവരാണ്. മാനുഷികമായ ദൗർബല്യങ്ങൾ എല്ലാവരിലുമുണ്ടാകും. എന്തെങ്കിലും ഏറ്റക്കുറച്ചിലുകൾ ഉണ്ടാകുകയാണെങ്കിൽ ആരോടെങ്കിലും അക്രമം കാണിക്കുകയാണെങ്കിൽ അവർ ദുഃസ്വഭാവക്കാരാണെന്നോ അവരുടെ നിയ്യത്ത് ശരിയല്ലെന്നോ നമ്മൾ പറഞ്ഞുകൂടാ. അത് മാനുഷികമായ ദൗർബല്യങ്ങളാണ്. ഇക്കാരണത്താൽ ചിലപ്പോൾ ഏറ്റക്കുറച്ചിലുകളുണ്ടാകും. അങ്ങനെ ഉണ്ടായാൽത്തന്നെ സഹിക്കേണ്ടതാണ്. അഹ്മദി അതിഥിയാണെങ്കിലും ആതിഥേയരാണെങ്കിലും സൽപെരുമാറ്റം കാണിക്കണമെന്നത് തികച്ചും ശരിതന്നെയാണ്. പക്ഷേ, ജൽസയിലെ അതിഥികൾക്ക് സേവനം ചെയ്യാൻ സ്വയം സമർപിച്ചിട്ടുള്ളവർ കൂടുതൽ സൽപെരുമാറ്റം പ്രദർശിപ്പിക്കേണ്ടതാണ്. പ്രവർത്തകരിൽനിന്ന് ക്ഷമയുടേയും സൽപെരുമാറ്റത്തിന്റേയും പ്രകടനമുണ്ടായാൽ മറ്റുള്ളവർ സ്വയം ലജ്ജിതരാകുന്നതായിരിക്കും. അതിനാൽ ഓരോ ഡ്യൂട്ടി കൊടുക്കുന്നവരും, അവർ ഡ്യൂട്ടി നല്കുന്ന ഓരോ വകുപ്പിലും ഉന്നതമായ പെരുമാറ്റം പ്രദർശിപ്പിക്കേണ്ടതാണ്. അതിനെ ഈ ദിനങ്ങളിൽ വമ്പിച്ചൊരു വെല്ലുവിളിയായി മനസ്സിലാക്കി ഉന്നതമായ സൽപെരുമാറ്റം പ്രകടിപ്പിക്കുക.

അല്ലാഹു വിശുദ്ധഖുർആനിൽ ഈ ഭാഗത്തേക്ക് ശ്രദ്ധ ക്ഷണിച്ചുകൊണ്ടു പറയുന്നു. **ഖൂലൂ ലിന്നാസി ഹുസ്നൻ** ജനങ്ങളോടു നല്ലവാക്ക് പറയുക (2:84). മൃദുലമായ നിലയിൽ സംസാരിക്കുക. നല്ലവണ്ണം സംസാരിക്കുക. വഴക്കുകൾ അവസാനിപ്പിക്കുന്നതിനും സൽസ്വഭാവം കാണിക്കുന്നതിനും നിർബന്ധമായ അടിസ്ഥാന കാര്യമാണിത്. ഇത് കേവലം പ്രത്യേക അവസരങ്ങൾക്കുള്ളതല്ല. മറിച്ച് എപ്പോഴത്തേക്കുമുള്ളതാണ്. മനുഷ്യന് അതിന്റെ ശീലമുണ്ടായിക്കഴിഞ്ഞാൽ, വൈരാഗ്യങ്ങളും അതിക്രമങ്ങളും ഒരിക്കലുമുണ്ടാകുകയില്ല. അതിനാൽ ആതിഥേയരും അതിഥികളും ഇവിടേയും എപ്പോഴും അല്ലാഹുവിന്റെ ഈ നിർദേശം മുന്നിൽവെക്കേണ്ടതാണ്; പ്രത്യേകിച്ചും, ഈ ദിനങ്ങളിൽ. തീർച്ചയായും ഇതനുസരിച്ച് പ്രവർത്തിക്കുക. ഏതൊരു ഉദ്ദേശ്യത്തിനാണോ ഇവിടെ സമ്മേളിച്ചിട്ടുള്ളത് അത് പൂർത്തിയാകാൻ ഈ അന്തരീക്ഷത്തെ പ്രത്യേകമായനിലയിൽ എല്ലാവരും കൂടിച്ചേർന്ന് മനോഹരമാക്കേണ്ടതാണ്. സ്വന്തം ധാർമികവും ആത്മീയവുമായ അവസ്ഥ മെച്ചപ്പെടുത്തുക എന്നതാണത്. ഇതേ സൽപെരുമാറ്റം ഇവിടെ വരുന്ന അന്യരിലും ഇസ്‌ലാമിന്റെ ഉന്നതമായ ധാർമികഗുണം ഉണ്ടാക്കാനുള്ള മാർഗമായിത്തീരുന്നതായിരിക്കും. അങ്ങനെ അതിഥിയും പ്രവർത്തകനും നിശബ്ദമായ തബ്‌ലീഗ് ചെയ്തുകൊണ്ടിരിക്കുകയായിരിക്കും.

നബി(സ) തിരുമേനി പറയുന്നു: 'തുലാസിൽ സൽസ്വഭാവത്തെക്കാളധികം ഭാരമുള്ള ഒരു വസ്തുവുമില്ല.' ഇങ്ങനേയും പറഞ്ഞു: 'സൽസ്വഭാവത്തിന്റെ ഉടമ നമസ്കാരം-നോമ്പ് അനുഷ്ഠിച്ചതിന്റെ സ്ഥാനം കരസ്ഥമാക്കുന്നതാണ്.'(സനൻ അബൂദാവൂദ്, കിതാബുൽ അദബ്, ഹദീഥ് 4798, 4799). അതായത് നന്മകൾ ചെയ്യാനുള്ള തൗഫീഖ് കിട്ടുന്നു. പ്രത്യേകിച്ചും അല്ലാഹുവിന്റെ തൃപ്തിക്കുവേണ്ടി നന്മ ചെയ്യാനുള്ള തൗഫീഖ് കിട്ടുമ്പോൾ പിന്നീട് അവന്റെ ആരാധനയിലേക്കും ശ്രദ്ധയുണ്ടാകുന്നു. അല്ലാഹുവിന്റെ കല്പനയനുസരിച്ച് താൻ നല്ല സ്വഭാവങ്ങൾ പ്രദർശിപ്പിച്ചുകൊണ്ടിരിക്കുന്നു എന്ന നിലയിൽ അവനോടു നന്ദി കാണിക്കാൻ ഭാഗ്യം കിട്ടുന്നു; ഈ നന്ദിപ്രകടനം ആരാധനയിലേക്കും ശ്രദ്ധ ഉണ്ടാക്കുന്നു. ഒരു നന്മ ഉന്നത നിലവാരത്തിലുള്ള നന്മകൾ ചെയ്യുന്നതിന് തൗഫീഖ് പ്രദാനം ചെയ്തുകൊണ്ടുപോകുന്നു. ഒരു നന്മ പിന്നീട് നിരവധി നന്മകളുടെ കുഞ്ഞുങ്ങൾക്ക് ജന്മം നല്കിക്കൊണ്ടുപോകുന്നു. ഒരു നന്മ പിന്നീട് നിരവധി നന്മകളുടെ കുഞ്ഞുങ്ങൾക്ക് ജന്മം നല്കിക്കൊണ്ടിരിക്കുന്നു.

അതിനാൽ പ്രവർത്തകർ പ്രത്യേകമായ നിലയിൽ എങ്ങനെ ആരുമായി പെരുമാറേണ്ടിവന്നാലും അവരുടെ മുഖങ്ങളിൽ എപ്പോഴും പുഞ്ചിരി നിലനില്ക്കണമെന്ന കാര്യം അനിവാര്യമാക്കേണ്ടതാണ്. ഈ ബാഹ്യമായ അവസ്ഥയിൽ അതിന്റെ സ്വാധീനം പിന്നീട് ഹൃദയത്തിലുമുണ്ടാകുന്നു. പിന്നീട് മനസ്സിലും ദ്വേഷമൊന്നുമുണ്ടാകുകയില്ല. മനസ്സിൽ അകാരണമായി കടുപ്പം ഉണ്ടാകാതിരിക്കുമ്പോൾ തെറ്റായ തീരുമാനങ്ങളുണ്ടാകുകയില്ല; അത് ചില ഘട്ടങ്ങളിൽ ദ്വേഷത്തിലും കോപത്തിലും നിന്നാണുണ്ടാകുന്നത്. നബി(സ) തിരുമേനിയുടെ ഈ സ്വഭാവത്തിന്റെ ശ്രേഷ്ഠമായ നിലവാരം വിവരിച്ചുകൊണ്ട് ഒരു സ്വഹാബി പറയുന്നു: 'നബി(സ)തിരുമേനിയേക്കാൾ കൂടുതൽ മന്ദസ്മിതമായിരിക്കുന്ന മുഖം ഞാൻ എവിടേയും കണ്ടിട്ടില്ല.'(സുനനുത്തുർമുദി, അബ്‌വാബുൽ മനാഖിബ്, ഹദീഥ് 3641)

പിന്നീടു അവിടന്നുതന്നെ വിശ്വസിക്കുന്നവരെ ഉപദേശിച്ചു: 'മൃദുത്വം കാണിക്കുക. കാരണം മൃദുത്വത്തിൽനിന്ന് ആരാണോ പിന്തള്ളപ്പെടുന്നത് അവൻ നന്മയിൽനിന്നും പിന്തള്ളപ്പെടുന്നു.'(സ്വഹീഹ് മുസ് ലിം കിതാബുൽ ബിർറി വസ്സ്വില, ഹദീഥ് 6598)

ഇക്കാര്യം പ്രവർത്തകരും പങ്കെടുക്കുന്നവരുമെല്ലാം മനസ്സിലാക്കുകയാണെങ്കിൽ ഈ അന്ത

"ദുൻയാവ് സമ്പാദനത്തിന്റെ യഥാർഥ ഉദ്ദേശ്യം ദീൻ ആയിരിക്കേണ്ടതാണ്. ദീനിന്റെ സേവകൻ എന്ന നിലയിൽ ദുൻയാവിനെ കരസ്ഥമാക്കുക."
(ഖുത്ബ ജുമുഅ, 2017 മെയ് 5)

അമീറുൽ മുഅ്മിനീന്റെ ഉപദേശം:-

ത്വാലിബെ ദുആ:
മുഹമ്മദ് സ്വഫ്‌വാനും കുടുംബവും, എറണാകുളം ജില്ലാ ഖായിദ് (കേരള)

"ദുഷ്കരമായ അവസ്ഥകളിൽനിന്ന് പുറത്തു കടക്കാനുള്ള മാർഗം അല്ലാഹുവിന്റെ മുമ്പിൽ കുനിയുക മാത്രമാണ്."
(ഖുത്ബ ജുമുഅ, 2017 മാർച്ച് 10.)

അമീറുൽ മുഅ്മിനീന്റെ ഉപദേശം:-

ത്വാലിബെ ദുആ:
ഖാഇദ് മജ്‌ലിസ് ഖുദ്ദാമുൽ അഹ്മദിയ്യാ ആലപ്പുഴ(കേരള)

രീക്ഷത്തിന്റെ അനുഗ്രഹംകൊണ്ട് നന്മയുടേയും അനുഗ്രഹത്തിന്റേയും സഞ്ചികൾ നിറയ്ക്കുന്നവരായിത്തീരുന്നതാണ്. പ്രവർത്തകർ അല്ലാഹുവിന്റെ കൃപയാൽ ഓരോ അതിഥിയ്ക്കും ഹൃദയംഗമമായ നിലയിൽ സേവനം ചെയ്യുന്നു. എന്നാൽ, എന്നിട്ടും ഇന്നയാളോടു കൂടുതൽ ചോദിക്കുന്നുവെന്നും തന്നോട് കുറച്ചേ ചോദിക്കുന്നുള്ളൂവെന്നും ആരുടെയെങ്കിലും മനസ്സിൽ വിചാരമുണ്ടായാൽ ആ വിചാരം അകറ്റേണ്ടതാണ്. ആരുടെയെങ്കിലും മനസ്സിൽ ഈ ചിന്തയുണ്ടെങ്കിൽ പ്രവർത്തകർക്കുവേണ്ടി അതകറ്റാൻ ഞാൻ പറയുകയാണ്. അതിനോടൊപ്പം ജൽസയിൽ പങ്കെടുക്കുന്നവരോടും ഞാൻ പറയട്ടെ, ജൽസയുടെ ഇത്ര വിശാലമായ തയ്യാറെടുപ്പുകൾ അല്ലാഹുവിന്റെ കൃപയാൽ ഞാൻ പറഞ്ഞതുപോലെ വാളന്റിയർമാരാണ് ചെയ്തുകൊണ്ടിരിക്കുന്നത്. അവർ നമ്മുടെ തൊഴിലാളികളൊന്നുമല്ല. ചിലർ ഉന്നതമായ ഉദ്യോഗം വഹിക്കുന്നവരാണ്. ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ അതിഥികളുടെ സേവനത്തിന് ഒരു വികാരത്തോടെ സേവനം ചെയ്തുകൊണ്ടിരിക്കുന്നുവെന്ന് മാത്രം. ഇപ്രകാരം തന്നെയാണ് യുവാക്കളും. അവർ സെക്കന്ററി സ്കൂളുകളിലും കോളേജുകളിലും പഠിക്കുന്നവരാണ്. പെൺകുട്ടികളുമുണ്ട്. ആൺകുട്ടികളുമുണ്ട്. ഇതുപോലെതന്നെ കുട്ടികളുമുണ്ട്. ഇവരെല്ലാം ഒരു വികാരത്തോടെ സേവനം ചെയ്യുന്നവരാണ്. അതുകൊണ്ട് എവിടെയെങ്കിലും ചെറിയ ചെറിയ കുറവുകളും ബലഹീനതകളും കണ്ടാൽ അത് അവഗണിച്ചുകളയുക. കേവലം അല്ലാഹുവിന്റേയും അവന്റെ റസൂലിന്റേയും അവന്റെ ദീനിന്റേയും കാര്യങ്ങൾ കേൾക്കുന്നതിനുവേണ്ടിയാണ് ഇവിടെ കൂടിയിരിക്കുന്നതെന്നുള്ള ഒരൊറ്റ ഉദ്ദേശ്യം മുമ്പിൽവെക്കുക. ഈ ഉദ്ദേശ്യം മുമ്പിലുണ്ടാകുമ്പോൾ ഒരുതരത്തിലുള്ള പരാതിയുമുണ്ടാകുകയില്ല. ജൽസയുടെ സംഘടനാപരമായ ജോലികൾ ചെയ്യുന്നതിന് ഔദ്യോഗികമായ ഒരു വ്യവസ്ഥിതിയുണ്ട്. വിവിധ വകുപ്പുകളുണ്ട്. അത് ആ ജോലികൾ സുഗമമാക്കുന്നതിനുവേണ്ടി ഉണ്ടാക്കിയിട്ടുള്ളതാണ്. ഏതെങ്കിലും അതിഥി ഏതെങ്കിലും ഒരു വകുപ്പിൽ കുറവുകാണുകയാണെങ്കിൽ അല്ലെങ്കിൽ അയാൾക്ക് കിട്ടുന്ന ആതിഥ്യം അയാൾ വിചാരിക്കുന്നതുപോലെയല്ലെങ്കിൽ, ഇങ്ങനെയുള്ള ആതിഥ്യം കിട്ടേണ്ടത് തന്റെ അവകാശമാണെന്ന് തോന്നുന്നുവെങ്കിൽ പ്രവർത്തകരുടെ പിന്നാലെ പോകുന്നതിനുപകരം വകുപ്പിന്റെ ഇൻചാർജിന് മാത്രം എഴുതുക. ഈ വർഷം ആ കുറവ് പരിഹരിക്കപ്പെടുന്നില്ലെങ്കിൽത്തന്നെ അടുത്തവർഷം അത് ശ്രദ്ധിക്കുന്നതായിരിക്കും. നമ്മുടെ ജമാഅത്തുപരമായ വ്യവസ്ഥിതിയുടെ സവിശേഷതയാണിത്. ഇങ്ങനെതന്നെയാണ് ഉണ്ടാകേണ്ടതും. ഏതെല്ലാം കുറവുകളാണോ അടയാളപ്പെടുത്തുന്നത് അത് പരിഹരിക്കാൻ ശ്രമിച്ചുവരുന്നുണ്ട്. ഇല്ലെങ്കിൽ ശ്രമിക്കേണ്ടതാണ്.

അതിഥി സൽക്കാരത്തിന്റെ ഒരു സുപ്രധാന വകുപ്പാണ് ഭക്ഷണത്തിന്റെ പാചകം. ജൽസാദിനങ്ങളിൽ ലങ്കറിന്റെ പ്രത്യേക ഭക്ഷണമാണ്. അതുതന്നെയാണ് ഉണ്ടാക്കുന്നതും. ഇപ്പോൾ ലോകത്തെവിടെയെല്ലാം ജൽസ നടക്കുന്നണ്ടോ, അല്ലെങ്കിൽ എവിടെയാണോ പാക്കിസ്താനികളുടേയും ഹിന്ദുസ്താനികളുടേയും ഭൂരിപക്ഷമുള്ളത്–കുറച്ച് ഭക്ഷണം വിദേശികൾക്ക് പ്രത്യേകമായും ഉണ്ടാക്കുന്നതൊഴിച്ചാൽ ഒരേ ഭക്ഷണമാണ്. വിദേശികൾ എന്നതുകൊണ്ട് ഞാൻ ഉദ്ദേശിക്കുന്നത് പാക്കിസ്താനികളും ഹിന്ദുസ്താനികളും അല്ലാത്തവരാണ്. ഇതിൽ അധികവും പങ്കെടുക്കുന്നവർ ഞാൻ പറഞ്ഞതുപോലെ പാക്കിസ്താനി അല്ലെങ്കിൽ ഹിന്ദുസ്താനി റീജിയണിലെ ആളുകളാണ്. അതുകൊണ്ട് ഈ പ്രത്യേക ഭക്ഷണം ഉരുളക്കിഴങ്ങും പരിപ്പും ലങ്കറിൽ ഉണ്ടാക്കുന്നു; റൊട്ടിയും. പക്ഷേ, അതുണ്ടാക്കുന്നവർ നല്ലവണ്ണം വേവിച്ചുണ്ടാക്കാൻ ശ്രദ്ധിക്കേണ്ടതാണ്. പ്രത്യേകിച്ചും മാംസം നല്ലവണ്ണം വേവണം. ഇന്നലെ മാംസം നല്ലവണ്ണം വെന്തിരുന്നില്ല എന്ന് എനിക്കറിയാൻ കഴിഞ്ഞു. അതിഥികൾ കുറവായിരുന്നു. അതുകൊണ്ട് ഇന്നലെ അധികം പരാതി വന്നിട്ടുണ്ടാകുകയില്ല. പക്ഷേ, ഇന്നും അതേ അവസ്ഥ തന്നെയാണെങ്കിൽ സംഘാടകർ ഇതിനെക്കുറിച്ച് ഗൗരവത്തോടെ ആലോചിക്കേണ്ടതാണ്. മാംസം നല്ല ക്വാളിറ്റി അല്ലെങ്കിൽ സംഘാടകർ എത്രയും പെട്ടെന്ന് നല്ല മാംസം കിട്ടാനുള്ള ഏർപ്പാട് ചെയ്യേണ്ടതാണ്. അതിഥികൾ ഇക്കാര്യത്തിൽ പരാതിപ്പെടുകയില്ലെന്ന് എനിക്ക് പ്രതീക്ഷയുണ്ട്. ഇനി പരാതിപ്പെടുകയാണെങ്കിൽ അത് അവരുടെ അനുവദനീയമായ പരാതിയായിരിക്കും. പക്ഷേ, പരാതിപ്പെടുന്നത് ദ്വേഷത്തിലാകരുത്. മറിച്ച് സ്നേഹത്തോടെ ഇന്ന കുറവുണ്ട്, നികത്തുക എന്ന് സംഘാടകരോടു പറയുക. ഇല്ലെങ്കിൽ ഭക്ഷണം പാഴാകുകയും ചെയ്യും. അത് സംരക്ഷിക്കണമെന്ന് നമുക്ക് കല്പനയുണ്ട്.

ജൽസയിൽ പങ്കെടുക്കുന്നവർ ഇക്കാര്യത്തിലേക്കും ശ്രദ്ധിക്കേണ്ടതാണ്. നബി(സ) തിരുമേനി പറഞ്ഞു: 'സത്യവിശ്വാസികൾ പ്രയോജനമില്ലാത്തതും അനാവശ്യവുമായ കാര്യങ്ങൾ ഉപേക്ഷിക്കുക എന്നതും ഇസ്‌ലാമിലെ ഒരു സൽസ്വഭാവമാണ്.'(സുനൻ ഇബ്നുമാജ, കിതാബുൽ ഫിതൻ ഹദീഥ് 3976).

ഹദ്റത്ത് മസീഹ് മൗഊദ്(അ) 'ലില്ലാഹി ജൽസ'(അല്ലാഹുവിന് വേണ്ടിയുള്ള ജൽസ) എന്ന് നിശ്ചയിച്ചിട്ടുള്ള ഈ ജൽസയിൽ എല്ലാതരത്തിലുള്ള അനാവശ്യ സംസാരങ്ങളിൽനിന്നും സമയം പാഴാക്കിക്കളയുന്നതിൽനിന്നും വിട്ടുനില്ക്കേണ്ടതാണ്. പ്രസംഗകർ നിങ്ങൾക്കിഷ്ടപ്പെട്ടവരായാലും അല്ലെങ്കിലും ജൽസയിലെ പരിപാടികൾ ഗൗരവത്തോടെ കേൾക്കേണ്ടതാണ്. എല്ലാവർക്കും പ്രയോജനമുണ്ടാകുന്ന വിധത്തിലാണ് വിഷയങ്ങൾ വെച്ചിട്ടുള്ളത്. ഓരോ പ്രസംഗത്തിലും ഏതെങ്കിലും കാര്യം മനസിനെ ആകർഷിക്കുന്നതെന്തായാലുമുണ്ടാകും. അതുകൊണ്ട് സശ്രദ്ധം കേൾക്കുക. തികച്ചും നിർബന്ധിതാവസ്ഥ കൂടാതെ ജൽസാഗാഹിൽനിന്നെഴുന്നേറ്റ് പോകരുത്. ഇപ്പോൾ ഈ ഹാജർ ഉള്ളതുപോലെ ജൽസാവേളകളിലും ഈ ഹാജർനില ഉണ്ടാകേണ്ടതാണ്. കുട്ടികൾക്കും യുവാക്കൾക്കും ജൽസയുടെ പ്രാധാന്യം അളക്കാൻ അതുപകരിക്കുന്നതാണ്. അവരും തങ്ങളെ ദീനിനോടു ബന്ധിപ്പിക്കണം. അതിനുവേണ്ടി ശ്രമിക്കുന്നവരാകണം. ഇക്കാലത്തെ ഭൗതികമായ ചുറ്റുപാടിൽ കുട്ടികൾക്കും യുവാക്കൾക്കും ദീനിന്റെ പ്രാധാന്യത്തെക്കുറിച്ച് ഗ്രാഹ്യമുണ്ടാക്കുകയും അതിനോടു ചേർത്തുനിറുത്തുകയും ചെയ്യുക എന്നത് വളരെ പ്രധാനപ്പെട്ടതും വലുതുമായ ജോലിയാണ്. മാതാപിതാക്കൾ ഇക്കാര്യത്തിൽ പ്രത്യേകം ശ്രദ്ധ കൊടുക്കേണ്ടതാണ്. ഓരോമാതാവും ഓരോ പിതാവും ഇതിനുവേണ്ടി പരിശ്രമിക്കണം. അല്ലാഹു എല്ലാവർക്കും ഇതിന് തൗഫീഖ് നല്കുമാറാകട്ടെ.

തർബിയ്യത്തിന്റെ അടിസ്ഥാനത്തിലും ദീനുമായി ബന്ധപ്പെടുത്തുന്നതിലും ഏറ്റവും പ്രധാനപ്പെട്ട കാര്യം ഇബാദത്ത് അഥവാ ആരാധനയാണ്. ഇതിനായി നമ്മുടെമേൽ അഞ്ചുനേര നമസ്കാരം നിർബന്ധമാക്കപ്പെട്ടിരിക്കുന്നു. ജൽസയിലെ പരിപാടികളും യാത്രക്കാരും കാരണത്താൽ ഒരുപാടാളുകൾ വെളിയിൽനിന്ന് വന്നിട്ടുണ്ട്. നമ്മൾ ഈയിടെയായി നമസ്കാരങ്ങൾ ജംആക്കുകയാണ്. അതും നിയന്ത്രിക്കേണ്ടത് നിർബന്ധമാണ്. സ്വയമേവ നിയന്ത്രിക്കുക. കുട്ടികളേയും നമസ്കാരങ്ങളുടെ നേരങ്ങളിൽ ഇവിടെ ഹദീഖത്തുൽ മഹ്ദിയിലാണെങ്കിൽ തീർച്ചയായും കൊണ്ടുവരിക. സുബ്ഹി, ഇശാ, മഗ്രിബ് നമസ്കാരങ്ങൾ ഇവിടെയില്ലെങ്കിൽ, വീട്ടിൽ പോയാൽ അവിടത്തെ ഏറ്റവുമടുത്ത സെന്ററിലോ മസ്ജിദിലോ നമസ്കരിക്കാൻ പോകുക. വീട് മസ്ജിദിൽനിന്നോ സെന്ററിൽനിന്നോ അകലെയാണെങ്കിൽ വീടുകളിലും ജമാഅത്തായി നമസ്കരിക്കാനുള്ള സംവിധാനം ഉണ്ടായിരിക്കേണ്ടതാണ്. ഇതേപ്രകാരം പ്രവർത്തകരും നമസ്കാരങ്ങളുടെ നേരത്ത് ഫ്രീയാണെങ്കിൽ ഇവിടെവന്ന് നമസ്കരിക്കുക. ആരാണോ ഡ്യൂട്ടിയിലുള്ളത് അവരുടെ ഡ്യൂട്ടി കഴിഞ്ഞാൽ ഏറ്റവുമാദ്യം നമസ്കരിക്കേണ്ടതാണ്. ഡ്യൂട്ടി നല്കുന്നവർ, സംഘാടകർ, ഇൻചാർജ് തുടങ്ങിയവർ ഇത് ശ്രദ്ധിക്കേണ്ടതാണ്. നമസ്കാരങ്ങളുടെ സമയം മുന്നിൽവെച്ചുകൊണ്ട് ഡ്യൂട്ടികളും നല്കേണ്ടതാണ്. ഡ്യൂട്ടിയുടെ കാരണത്താൽ നമസ്കാര സമയം കടന്നുപോകരുത്. ഒന്നാമത്തെ ഷിഫ്റ്റിലും രണ്ടാമത്തെ ഷിഫ്റ്റിലും നമസ്കരിക്കാൻ അവസരം കിട്ടുന്നവിധത്തിൽ ഷിഫ്റ്റ് നിശ്ചയിക്കേണ്ടതാണ്. നമസ്കാരങ്ങളിൽ നമുക്ക് ശ്രദ്ധയില്ലെങ്കിൽ നമ്മുടെ എല്ലാ പ്രവൃത്തിയും പാഴാകും.

സംഘടനാപരമായ അടിസ്ഥാനത്തിലും ചില കാര്യങ്ങൾ പറയാനാഗ്രഹിക്കുകയാണ്. സ്വന്തം കാറുമായി വരുന്നവർ സംഘാടകരുമായി സഹകരിക്കുക. സംഘാടകർ പറയുന്നതരത്തിൽ പാർക്കുചെയ്യുക. പാർക്കിംഗിൽ ചില ഘട്ടങ്ങളിൽ പ്രശ്നങ്ങളുണ്ടാകാറുണ്ട്. ചിലർ വാശിപിടിക്കുന്നു. തങ്ങളുടെ ഇഷ്ടമനുസരിച്ച് പാർക്കിംഗ് ചെയ്യാൻ ജോലിക്കാരുമായി വഴക്കുണ്ടാക്കുന്നു. ഇങ്ങനെ നമ്മുടെ ഏർപാടുകൾ തകിടം മറിയുന്നു. ചില ഘട്ടത്തിൽ റിസ്ക്കെടുക്കേണ്ടിയും വരുന്നു. ചില ബുദ്ധിമുട്ടുകളും അപകടവും ഉണ്ടാകുന്നു. ഇപ്രകാരംതന്നെ ഇവിടെ ജൽസാഗാഹിനു പുറമെ മസ്ജിദ് ഫള്ലിൽ നമസ്കരിക്കാൻ ആളുകൾ വരാറുണ്ട്. ഇതുസംബന്ധമായി ഡ്യൂട്ടി നല്കാൻ ഞായറാഴ്ച ഞാൻ ഇക്കാര്യം പ്രവർത്തകരോടു പറഞ്ഞിരുന്നതാണ്. പക്ഷേ, ഇവിടെ വരുന്നവരും പങ്കെടുക്കുന്നവരും അതിഥികളും ഈ പ്രദേശത്തുപോയി നമസ്കരിക്കുമ്പോൾ അവരും ഇത് ഓർമിക്കേണ്ടതാണ്. മസ്ജിദ് ഫള്ലിൽ നമസ്കരിക്കാൻ വരുന്നവർ, അയൽവാസികൾക്ക് ബുദ്ധിമുട്ടുണ്ടാകാത്തവിധം തങ്ങളുടെ കാറുകൾ പാ


**"താൽക്കാലികവും ഭൗതികവുമായ ആഗ്രഹങ്ങളും ആനന്ദാനുഭൂതികളും നമ്മുടെ ലക്ഷ്യമാക്കാതിരിക്കുമ്പോഴാണ് നാം യഥാർഥ അഹ്മദിയായിത്തീരുന്നത്."**
**(ഖുത്ബ ജുമുഅ,2017 മെയ് 5.)**

**അമീറുൽ മുഅ്മിനീന്റെ ഉപദേശം:-**

**ത്വാലിബെ ദുആ:**
**സുനിൽ അഹ്മദ്,അഹ്മദിയ്യാ ജമാഅത്ത്, മാത്ര. (കേരള)**



**"ഏറ്റവും കൂടുതൽ 'വാഖ്ഫിനെ നൗ'യിനെ ജാമിഅ അഹ്മദിയ്യായിൽ വിദ്യാഭ്യാസത്തിനായി അയക്കേണ്ടതാണ്."**
**(ഖുത്ബ ജുമുഅ, 2017 മാർച്ച് 10.)**

**അമീറുൽ മുഅ്മിനീന്റെ ഉപദേശം:-**

**ത്വാലിബെ ദുആ:**
**അഹ്മദിയ്യാ ജമാഅത്തംഗങ്ങൾ, പള്ളൂരുത്തി (കേരള)**

ർക്ക് ചെയ്യേണ്ടതാണ്. അവരുടെ വീട്ടിലേക്കുള്ള വഴി തടസ്സപ്പെടുത്തരുത്. അവരെ ബുദ്ധിമുട്ടിക്കരുത്. നമ്മുടെ അയൽവാസികൾ പരാതിപ്പെടുന്ന വിവരം ഞാൻ ഞായറാഴ്ച പ്രവർത്തകരോടു പറഞ്ഞിരുന്നു. തങ്ങളുടെ വീട്ടിലേക്കുള്ള വഴി തടസപ്പെടുംവിധം നിങ്ങൾ കാറുകൾ നിറുത്തിയിടുന്നുവെന്നും തങ്ങൾക്ക് കാറുകൾ വീട്ടിൽനിന്ന് പുറത്തിറക്കാനോ അകത്തേക്ക് കയറ്റാനോ സാധിക്കുന്നില്ലെന്നും അവർ പറഞ്ഞു. ഖിലാഫത്ത് നിങ്ങൾക്ക് മാർഗദർശനം നല്കുന്നുണ്ടെന്ന് നിങ്ങൾ പറയുന്നുണ്ടല്ലോ എന്നുപോലും ചിലർ പറയുന്നു. അവരുമായി ബന്ധമുള്ളവർ, വർഷാവർഷങ്ങളിലോ പെരുന്നാൾ ദിനത്തിലോ ഉപഹാരം നല്കാൻ അവരുടെയടുക്കൽ പോകുമ്പോൾ അല്ലെങ്കിൽ ജൽസാദിനങ്ങളിൽ അവരെ കാണാൻ പോകുമ്പോൾ ഖിലാഫത്തിനെ കുറിച്ച് നിങ്ങൾ വലിയ കാര്യങ്ങൾ പറയാറുണ്ട് പക്ഷേ, ഒന്നുകിൽ നിങ്ങളുടെ ഖലീഫ അയൽവാസികളോടുള്ള കടമകളെ കുറിച്ച് പറയുന്നില്ല. അല്ലെങ്കിൽ ഖലീഫ പറയുന്നത് നിങ്ങൾ അനുസരിക്കുന്നില്ല എന്നും അവർ പറയുന്നു. അന്യർ നമ്മളെ കുറിച്ച് പ്രകടിപ്പിക്കുന്ന ഇക്കാര്യം എല്ലാവർക്കും അപമാനമുണ്ടാക്കുന്നതാണ്. എന്തായാലും എന്നെ ഇക്കാര്യം നാണംകെടുത്തി. അവർ പറയുന്നത് അനുവദനീയമായ കാര്യമാണ്, ശരിയുമാണ്. രണ്ട് കാര്യങ്ങൾ മാത്രമാണ് ഞാൻ വിരോധിക്കുന്നത്. അതുകൊണ്ട് ഇത് പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. സ്വയം നമ്മളെ ബുദ്ധിമുട്ടുകളിൽ അകപ്പെടുത്തിയാലും അയൽവാസികളുടെ വഴി തടസ്സപ്പെടുത്തുകയോ അവരെ ബുദ്ധിമുട്ടിക്കുകയോ ചെയ്യരുത്. ഇസ്ലാം എത്രത്തോളം അയൽവാസികളോടുള്ള കടമകൾ നിലനിറുത്താൻ പറയുന്നുവോ മറ്റൊരു മതവും ഈ രീതിയിൽ ഉപദേശിക്കുന്നില്ല. പക്ഷേ, എന്നിട്ടും നമ്മളിൽ ചിലർ അതനുസരിച്ച് പ്രവർത്തിക്കുന്നില്ലെങ്കിൽ അത് നാണക്കേടാണ്. അങ്ങനെ ചെയ്യുന്നവർ പാപികളാണ്. ലണ്ടന് വെളിയിൽനിന്ന് വരുന്നവരോട് പ്രത്യേകിച്ചും ജർമനി തുടങ്ങിയ രാജ്യങ്ങളിൽനിന്ന് കാറിൽ വരുന്നവരോട് ഇക്കാര്യം പ്രത്യേകം ശ്രദ്ധിക്കണമെന്ന് ഞാൻ പറയുകയാണ്. എന്നാലും ശ്രദ്ധിക്കാത്ത ചിലരുണ്ട്. ഡ്യൂട്ടിയിലുള്ള ചില യുവാക്കൾ അവരോടു പറയുമ്പോൾ അവരോട് യോഗ്യമല്ലാത്ത രീതിയിൽ പെരുമാറുന്നുവെന്നും തെറ്റായ രീതിയിൽ സംസാരിക്കുന്നുവെന്നും എന്നോടു പറഞ്ഞിട്ടുണ്ട്. ഒന്ന് തെറ്റായി പാർക്ക് ചെയ്ത് കുറ്റം ചെയ്യുന്നു. അയൽവാസികളോടുള്ള കടമ നിറവേറ്റാതെ കുറ്റം ചെയ്യുന്നു. ആ പെരുമാറ്റംകൊണ്ട് കുട്ടികളുടേയും യുവാക്കളുടേയും മനസ്സുകളിൽ വലിയവരെ ആദരിക്കണമെന്നുള്ള മര്യാദയും ബഹുമാനവും ഇല്ലാതാക്കുന്നു. പിന്നീട് ആ കുട്ടികളും അതേനിലയിൽ സംസാരിക്കും. പിന്നീട് അത് അപമര്യാദയായിത്തീരും; എന്തിനാണ് അവരെ പരീക്ഷണത്തിലും പരീക്ഷയിലും അകപ്പെടുത്തുന്നത്? അത്തരക്കാർ പണം ചെലവഴിച്ചും ബുദ്ധിമുട്ടിയും ജൽസയിൽ വരുന്നതും നിഷ്ഫലമാണ്. അവർ വരാതിരിക്കുന്നതാണ് നല്ലത്. അല്ലാഹുവിന്റെ കല്പനകൾക്ക് വിരുദ്ധം പ്രവർത്തിച്ച് തങ്ങൾക്ക് നഷ്ടമുണ്ടാക്കുന്നുവെന്ന് മാത്രമല്ല കുട്ടികളുടെ തർബിയ്യത്തിനേയും നശിപ്പിക്കുകയാണ് അവർ ചെയ്യുന്നത്. ഞാൻ പറഞ്ഞതുപോലെ, അതുകൊണ്ട് ഇനി ഇക്കാര്യം പ്രത്യേകം ശ്രദ്ധിക്കുക.

സംവിധാനത്തിന്റെ അടിസ്ഥാനത്തിൽ ശുചിത്വവകുപ്പുമുണ്ട്. ഇതിലേക്കും പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. എപ്പോഴും ഓർമിപ്പിക്കാറുള്ളതാണിത്. ശുചിത്വം വിശ്വാസത്തിന്റെ ഭാഗമാണെന്നുള്ളത് നാം എപ്പോഴും ഓർമിക്കേണ്ടതാണ്. അതിഥികളും കുളിമുറിയും ടോയ്ലറ്റും ഉപയോഗിക്കുമ്പോൾ വൃത്തിയാക്കി പുറത്തു വരേണ്ടതാണ്. ചിലർ അതിൽനിന്ന് പുറത്തുവരുമ്പോൾ വെള്ളം കെട്ടി നില്ക്കുന്നുണ്ടാകും. അപ്പോൾ രണ്ടാമത്തെയാൾക്ക് അത് പ്രയാസമുണ്ടാക്കുന്നു വെന്നു തുടങ്ങിയ ചില പരാതികൾ ലഭിക്കുന്നുണ്ട്. ഈ ജോലി പ്രവർത്തകരുടേതുമാണ്. പക്ഷേ, പ്രവർത്തകർ വന്നു ചെയ്യട്ടെ എന്നു കരുതിയിരിക്കരുത്. സ്വയമേവ ഇക്കാര്യത്തിൽ സഹായിക്കേണ്ടതാണ്. ഇപ്രകാരംതന്നെ റോഡിലോ വഴിയിലോ തുറന്ന മൈതാനത്തോ ഗ്ലാസ്, ടിൻ, കിറ്റ് തുടങ്ങിയവ വീണു കിടക്കുന്നതുകണ്ടാൽ അതെടുത്ത് ഡസ്റ്റ്ബിന്നിലിടുക. ഇപ്പോൾ മറ്റൊരു കാര്യവും നിർബന്ധമാണ്. മഴയില്ലാത്ത കാരണത്താൽ ധാരാളം ഉണക്കപ്പുല്ലുകൾ ഉണ്ടായിട്ടുണ്ട്. അതിന് തീപിടിക്കുമോ എന്ന ആശങ്കയുമുണ്ട്. അത് മുറിക്കുകയോ മറ്റെന്തെങ്കിലും ഏർപ്പാടാക്കി സുരക്ഷിതമാക്കാൻ ശ്രമിക്കുകയോ ചെയ്തിട്ടുണ്ട്. എന്നാലും അപകടമുണ്ടാകാൻ സാധ്യതയുണ്ട്. അതുകൊണ്ട് സൂക്ഷിക്കേണ്ടതാണ്. ഡ്യൂട്ടിയിലുള്ളവരും അതിഥിയും തീപിടിക്കുന്ന വസ്തുക്കൾ താഴെ ഇടാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്. ഒരു യാഥാർഥ്യമുണ്ട്. അത് പറയാതിരിക്കാൻ നിർവാഹമില്ല. ആർക്കെങ്കിലും സിഗരറ്റ് വലിക്കുന്ന ശീലമുണ്ടെങ്കിൽ, അയാൾ ഈ ദിനങ്ങളിൽ ഹദീഖത്തുൽ മഹ്ദിയുടെ പരിധിയ്ക്കു വെളിയിൽ പോയി വലിക്കേണ്ടതാണ്. അത് ഞാൻ ദോഷമാണെന്ന് മനസ്സിലാക്കുന്നില്ലെന്നും സിഗരറ്റ് വലിക്കാൻ ഞാൻ അനുവാദം നല്കിയതാണെന്നും ധരിക്കരുത്. എന്തായാലും ഇതൊരു തിന്മതന്നെയാണ്. അതകറ്റാൻ ശ്രമിക്കേണ്ടതാണ്. അതിൽനിന്ന് രക്ഷപ്പെടുക. ഇതുസംബന്ധമായി ഞാൻ ഖുത്ബയും നല്കിക്കഴിഞ്ഞിട്ടുള്ളതാണ്. ഹദ്റത്ത് മസീഹ് മൗഊദ്(അ) അത് ഹറാമാണെന്ന് പറഞ്ഞിട്ടില്ല. പക്ഷേ, അതിഷ്ടപ്പെട്ടിട്ടുമില്ല. എന്നല്ല വെറുപ്പ് പ്രകടിപ്പിക്കുകയും ചെയ്തിട്ടുണ്ട്. ചില അവസരങ്ങളിൽ അതിൽനിന്ന് വിട്ടുനില്ക്കാൻ ഉപദേശിക്കുകയും ചെയ്തിട്ടുണ്ട്.(മൽഫൂദാത്ത് വാല്യം 5 പേജ് 23) അതിൽ ലഹരി പദാർഥങ്ങളുണ്ട്. യുവാക്കൾ തങ്ങളെ അതിൽ അകപ്പെടുത്തുന്നു. തെറ്റ് സമൂഹത്തിൽ ഉണ്ടാക്കുന്നത് എന്തായാലും തെറ്റുതന്നെയാണ്. വിരോധമാണ്. പാപമാണ്.

സുരക്ഷിതത്വത്തിന്റെ അടിസ്ഥാനത്തിൽ നിങ്ങളുടെ ചുറ്റും നിരീക്ഷിച്ചുകൊണ്ടിരിക്കുക. ജൽസഗാഹിന്റെ ഉള്ളിലും വെളിയിലും ഏതെങ്കിലും ദ്രോഹിക്ക് ദ്രോഹം ചെയ്യാൻ കഴിയുന്നതാണ്. ഇക്കാര്യത്തിൽ ദൃഷ്ടിവെക്കണം. സംശയകരമായ എന്തെങ്കിലും വസ്തുവോ ആരിൽനിന്നെങ്കിലും സംശയാസ്പദമായ ചലനമോ കണ്ടാൽ ഉടനെ സംഘാടകരേയോ ഏറ്റവുമടുത്ത് ഡ്യൂട്ടി കൊടുത്തുകൊണ്ടിരിക്കുന്നവരേയോ വിവരമറിയിക്കുക. സ്ത്രീകളും ഇക്കാര്യത്തിൽ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. ഒരു സ്ത്രീയും മുഖാവരണവുമായോ മുഖം മറച്ചോ ജൽസാഗാഹിൽ വരരുത്. കവാടത്തിൽ സ്കാനിംഗ് തുടങ്ങിയവയും ശരിയായനിലയിലുണ്ടാകണം. അവരുടെ മുഖങ്ങൾ നോക്കുക. ജൽസാഗാഹിന്റെ ഉള്ളിലും മുഖം നഗ്നമായിരിക്കേണ്ടതാണ്. സ്കാനിംഗിന് പ്രത്യേക ഏർപാടുള്ള കാരണത്താൽ താമസം നേരിടുകയോ അതിഥികൾക്ക് കുറച്ച് കാത്തുനില്ക്കേണ്ടിവരികയോ ബുദ്ധിമുട്ടുതോന്നുകയോ ചെയ്യുന്നുവെങ്കിൽ, ആ ബുദ്ധിമുട്ട് സഹിക്കുക. സൂക്ഷ്മത പാലിക്കേണ്ടതും സെക്യൂരിറ്റിയും എന്തായാലും നിർബന്ധമാണ്.

കുട്ടികളുള്ള മാതാക്കളുടെ ശബ്ദം കൂടുതലാണെന്നും കുട്ടികളുടെ ശബ്ദം കുറവാണെന്നുമുള്ള പരാതികളും ലഭിക്കുന്നുണ്ട്. കുട്ടികളുടെ പന്തലിൽ കുട്ടികളുള്ള മാതാക്കൾ അവർക്കെന്തെങ്കിലും കളിപ്പാട്ടങ്ങൾ നല്കുകയും അവർ അതുകൊണ്ട് കളിച്ചുകൊണ്ടിരിക്കുകയും ചെയ്യുകയോ എന്തെങ്കിലും തിന്നുകയോ നിശബ്ദരായി കളിക്കുകയോ ചെയ്യുമ്പോൾ ഇനി തങ്ങളെന്തായാലും ബഹളം വെക്കണമെന്ന് കരുതി മാതാക്കൾ പരസ്പരം സംസാരിക്കാൻ തുടങ്ങുന്നു. ചിലപ്പോൾ പ്രസംഗങ്ങൾ നടന്നുകൊണ്ടിരിക്കുമ്പോഴും ബഹളമുണ്ടാകുന്നു. അതിനാൽ നിശബ്ദരായി ജൽസ കേൾക്കാനാഗ്രഹിക്കുന്ന സ്ത്രീകൾക്ക് ബുദ്ധിമുട്ടുണ്ടാകുന്നു. അവരെ കേൾക്കാൻ വിടുന്നില്ല. അതുകൊണ്ട് ലജ്നയും അവരുടെ ഡ്യൂട്ടിയിലുള്ളവരും ഇത് പ്രത്യേകം ശ്രദ്ധിക്കുക. കുട്ടികളുടെ പന്തലിലും കുട്ടികളുടെ ബഹളം സഹിക്കാൻ കഴിയും; മാതാക്കളുടെ ബഹളം സഹിക്കാൻ പറ്റുകയില്ല. ഇതുപോലെ തന്നെ മെയിൻ പന്തലിലും ചില സ്ത്രീകൾ പ്രസംഗം നടക്കുമ്പോൾ സംസാരിച്ചുകൊണ്ടിരിക്കുന്നു എന്ന പരാതിയുമുണ്ട്. മിണ്ടാതിരിക്കാൻ പറയുന്ന ചില പെൺകുട്ടികളോടു അപമര്യാദയോടെ പെരുമാറുന്നു. തെറ്റായരീതിയിൽ അവരോടു സംസാരിക്കുന്നു. ഇതൊരിക്കലും ശരിയല്ല.

അല്ലാഹു എല്ലാവർക്കും ജൽസയിൽനിന്ന് കൂടുതൽ ഫലമെടുക്കാൻ തൗഫീഖ് നല്കുമാറാകട്ടെ. ഞാൻ ഇപ്പോൾ പറഞ്ഞ എല്ലാ കാര്യങ്ങളുമനുസരിച്ച് അല്ലെങ്കിൽ നിങ്ങളുടെ പ്രോഗ്രാമിൽ എഴുതിയതനുസരിച്ച് പ്രവർത്തിക്കാൻ അല്ലാഹു തൗഫീഖ് നല്കുമാറാകട്ടെ. എന്നാൽ, ഒരു കാര്യം ഓർക്കുക. ഈ നിർദ്ദേശങ്ങളെയെല്ലാം വലയം ചെയ്തിരിക്കുന്നതും എല്ലാവർക്കും ബാധകവും അങ്ങേയറ്റം നിർബന്ധവുമായ ഒരു കാര്യമുണ്ട്; അതാണ് ദുആ. ജൽസയുടെ വിജയത്തിനുവേണ്ടി പ്രത്യേകം ദുആ ചെയ്യുക. അല്ലാഹു അവന്റെ കൃപയൊന്നുകൊണ്ടു മാത്രം ജൽസയെ എല്ലാവിധത്തിലും അനുഗൃഹീതമാക്കട്ടെ. എല്ലാ ഉപദ്രവങ്ങളിൽനിന്നും സുരക്ഷിതമാക്കുമാറാകട്ടെ. ഏതൊരു അനുഗ്രഹത്തിനുവേണ്ടിയാണോ നമ്മൾ ഇവിടെ സംഘടിച്ചിരിക്കുന്നത് ആ അനുഗ്രഹം നമ്മൾ പ്രാപിക്കുന്നവരാകട്ടെ.

ഇതുംകൂടി പറയാനാഗ്രഹിക്കുകയാണ്. റിവ്യൂ ഓഫ് റിലീജ്യൻസിന്റെ കീഴിൽ എപ്പോഴുമെന്നപോലെ ഇപ്രാവശ്യവും ട്യൂറിനിലെ തിരുശീലയെ കുറിച്ചുള്ള പ്രദർശനം സംഘടിപ്പിച്ചിട്ടുണ്ട്. അതേ സ്ഥലത്തോടു ചേർന്ന് അൽഖലം പ്രൊജക്ടുമുണ്ട്. ഇതുപോലെതന്നെ ആർക്കൈവ് വകുപ്പിന്റെ കീഴിലും എക്സിബിഷൻ നടക്കുന്നുണ്ട്. അതു കാണേണ്ടതുതന്നെയായിരിക്കും. അറിവുകൾ വർധിപ്പിക്കുന്നതായിരിക്കും. ഇപ്രാവശ്യം യു.കെ. തബ്ലീഗ് വകുപ്പും വിശുദ്ധഖുർആൻ പ്രദർശനം സംഘടിപ്പിച്ചിട്ടുണ്ട്. അതും ഇൻശാഅല്ലാഹ് ജനങ്ങൾക്ക് അറിവുകൾ പകരുന്നതായിരിക്കുമെന്ന് കരുതുന്നു. അതും കാണുക. ഇതുപോലെതന്നെ ഇന്ന് രണ്ട് വെബ്സൈറ്റുകൾ True Islam ഉം Rational Religionനും launch ചെയ്യുന്നതായിരിക്കും. തബ്ലീഗ് വകുപ്പ് നബി(സ) തിരുമേനിയുടെ ജീവിതചരിത്രം അടിസ്ഥാനമാക്കി ഓൺലൈൻ പ്രസംഗമത്സരവും വെച്ചിട്ടുണ്ട്. അതിലും ജനങ്ങൾ പങ്കെടുത്തുകൊണ്ടിരിക്കുന്നു. അതും ഈ ജൽസയുടെ ഒരു പ്രത്യേകതയാണ്. ഇന്നാണ് അവർ ഇത് ആരംഭിച്ചിട്ടുള്ളത്. ഈ ദിനങ്ങളിലെ റൂട്ടീൻ അനുസരിച്ച് ജൽസാഗാഹിൽ നടക്കുന്ന പരിപാടികളാണിത്. കൂടുതൽ കാര്യങ്ങൾ പ്രോഗ്രാമിലുണ്ട്. അതെല്ലാം പ്രയോജനപ്പെടുത്തേണ്ടതാണ്. പങ്കെടുക്കുന്ന എല്ലാവരേയും ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ദുആകളിൽ അല്ലാഹു ഭാഗഭാക്കാക്കുന്നവരാക്കട്ടെ.



# സയ്യിദുനാ അമീറുൽ മുഅ്മിനീൻ ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ് അയ്യദഹുല്ലായുടെ 2016-ലെ ഡന്മാർക്ക് പര്യടനം.

❋വഖ്ഫെആർസി ആദ്യം താങ്കളുടെ ആമിലായിൽനിന്നു തുടങ്ങുക. പിന്നീട് മറ്റുള്ളവരെ വഖ്ഫെആർസി ചെയ്യാൻ പ്രേരിപ്പിക്കുക. ❋പതിവായി നമസ്കരിക്കുന്നുണ്ടോ എന്നും വിശുദ്ധഖുർആൻ പാരായണം ചെയ്യുന്നുണ്ടോ എന്നും എം.ടി.എയുമായി ബന്ധമുണ്ടോ എന്നുമുള്ള കാര്യം ശ്രദ്ധിക്കുക. എല്ലാവരേയും എം.ടി.എയുമായി ബന്ധിപ്പിക്കുക. സ്നേഹത്തോടെ അവരെ അടുത്തുകൊണ്ടുവരിക. ❋ മസ്ജിദിലും ജമാഅത്തിന്റെ സെന്ററുകളിലും വന്നുംപോയുമിരിക്കുന്നതിനും ജമാഅത്തിലെ ആളുകൾ ആക്ടീവായിരിക്കുന്നതിനുമുള്ള പരിപാടികളുണ്ടാക്കുക. ❋ സ്കൈപ്പ് മുഖേന വിശുദ്ധഖുർആൻ പഠിപ്പിക്കാൻ കഴിയുമോ എന്ന് പരിശോധിക്കുക. ❋അൻസ്വാറിന് വിശുദ്ധഖുർആൻ പാരായണം ചെയ്യാൻ അറിയുമോ എന്ന് പരിശോധിക്കുക. എന്നിട്ട് വിശുദ്ധഖുർആൻ പഠിപ്പിക്കുന്നതിനുള്ള പരിപാടി തയ്യാറാക്കുക. ആമില ഏതു പരിപാടി തയ്യാറാക്കുകയാണെങ്കിലും എപ്പോഴും ആദ്യ സംബോധിതരായി തങ്ങളെ മനസ്സിലാക്കേണ്ടതാണ്. എന്റെ ഓരോ ഖുത്ബയുടേയും ആദ്യസംബോധിതർ തങ്ങളാണെന്ന് മനസ്സിലാക്കുക. അതിനുശേഷം മറ്റുള്ളവരെക്കൊണ്ട് പ്രവർത്തിപ്പിക്കുക. ❋ നിങ്ങളുടെ സ്വന്തം പരാതികളെ നിങ്ങളുടെ മതത്തിനുമേൽ വലയം ചെയ്യാൻ വിടരുത്. നിങ്ങളുടെ പരാതി നിങ്ങളിൽ മാത്രം ഒതുക്കിനിറുത്തുക. ചുറ്റും പരത്താതിരിക്കുക. സ്വന്തം വീടുകളിൽ ചർച്ച ചെയ്യാതിരിക്കുക. ❋നിളാമിനെതിരിൽ ഒരു കാര്യം ചെയ്യാതിരിക്കുക. ദുആ ചെയ്യുകയും നിങ്ങളുടെ പ്രയാസങ്ങൾ ദൂരീകരിക്കാൻ അല്ലാഹുവിനോടു സഹായം തേടുകയും ചെയ്യുക. ❋ എം.ടി.എയിൽ എന്റെ ഖുത്ബകളുമായി നിങ്ങളുടെ കുട്ടികളെ ബന്ധപ്പെടുത്തുക. നിങ്ങളുടെ വീടുകളിൽ നിങ്ങളുടെ കുട്ടികളെ എം.ടി.എയുമായി ബന്ധപ്പെടുത്തേണ്ടത് വളരെ നിർബന്ധമാണ്.

## അൻസ്വാറുല്ലാ ഡന്മാർക്ക് നാഷണൽ മജ്‌ലിസെ ആമില അംഗങ്ങൾക്ക് ഹുദൂർ അൻവറിന്റെ നിർദേശങ്ങളും ഉപദേശങ്ങളും:

(റിപ്പോർട്ട്: അബ്ദുൽമാജിദ് ത്വാഹിർ, അഡീഷണൽ വക്കീലുത്തബ്ശീർ ലണ്ടൻ)

### 2016 മെയ് 6 (വെള്ളിയാഴ്ച)

(തുടർച്ച) അതിനുശേഷം ഹുദൂർ അയ്യദഹുല്ലാഹ് നാസിറാത്ത് സെക്രട്ടറിയോടു എത്ര കുട്ടികളുണ്ടെന്ന് ചോദിച്ചു. അപ്പോൾ നാസിറാത്ത് സെക്രട്ടറി പറഞ്ഞു: '34 നാസിറാത്തുണ്ട്.' ഹുദൂർ നിർദേശങ്ങൾ നല്കിക്കൊണ്ടു പറഞ്ഞു:'അവർക്ക് വഖ്ഫെ നൗഇന്റെ സിലബസ്സ് തന്നെ മതിയായതാണ്. ഇപ്പോൾ 21 വയസുവരെ പ്രായമുള്ള കുട്ടികൾക്ക് സിലബസ് ഉണ്ടാക്കിയിട്ടുണ്ട്. എല്ലാ ലജനകൾക്കും പഠിപ്പിക്കുകയാണെങ്കിൽത്തന്നെയും അത് മതിയായതാണ്.

ഹുദൂർ പറഞ്ഞു: കുട്ടികൾക്ക് താൽപര്യമുള്ള സാധനസാമഗ്രികളുണ്ടാക്കുക. നിങ്ങളുടെ അയൽരാജ്യങ്ങളെ മാതൃകയാക്കുക. അവിടെ നിന്ന് ലജ്നയുടേയും പെൺകുട്ടികളുടേയും സംഘങ്ങൾ എന്നെ കാണാൻ ലണ്ടനിൽ വരുന്നുണ്ട്. നിങ്ങളും ലണ്ടനിൽ വരാനുള്ള പരിപാടികളുണ്ടാക്കുക. ലജനകളേയും നാസിറാത്തിനേയും എന്റെയടുത്ത് കൊണ്ടുവരിക. അതിനുവേണ്ടി ശ്രമിക്കുക. മാതാക്കളുമായി മീറ്റിംഗുകൾ ചേരുക.

ഹുദൂർ പറഞ്ഞു: സംസാരിക്കുമ്പോൾ സൗമ്യമായ രീതി അവലംബിക്കുക. വിശുദ്ധ ഖുർആനിൽ അല്ലാഹു പറഞ്ഞിട്ടുള്ളതും സൗമ്യമായി സംസാരിക്കണമെന്നാണ്.

തുടർന്ന് ഹുദൂർ സെക്രട്ടറി സ്വൻഅത്ത് വ ഹിർഫത്തിനോടു സ്ത്രീകളെ കൈത്തൊഴിൽ പഠിപ്പിക്കാൻ പറഞ്ഞു.

ഹുദൂർ സെക്രട്ടറി ഖിദ്മത്തെ ഖൽഖിന് നിർദേശങ്ങൾ നല്കിക്കൊണ്ടു പറഞ്ഞു: പ്രായമുള്ള സ്ത്രീകളെ ഭാഷകൾ പഠിപ്പിക്കുക. അവരെ വൃദ്ധരായ സ്ത്രീകളുടെ അടുക്കൽ കൊണ്ടുപോകുക. അവരുടെ സുഖവിവരങ്ങൾ അന്വേഷിക്കുക. ഇപ്രകാരം അവരുടെ സംസാരങ്ങൾകേട്ട് അവർക്കും ഭാഷ പഠിക്കാൻ കഴിയുന്നതാണ്. ഹുദൂർ പറഞ്ഞു:'ഞാൻ വിവിധ തരത്തിൽ നിങ്ങൾക്കു നല്കുന്ന നിർദേശങ്ങൾ നടപ്പിൽ വരുത്തുന്നതിൽ നിങ്ങൾ അലസത കാണിക്കരുത്. വിദ്യാസമ്പന്നരായ യുവതികളെ നിങ്ങളോടൊപ്പം ചേർക്കുക. ഇവിടത്തെ ഭാഷ അറിയുന്ന അംഗങ്ങളെ ആ ജോലിയിൽ നിയമിക്കുക.

സെക്രട്ടറി സിഹ്ഹത്തെ ജിസ്മാനിയോടു ഹുദൂർ പറഞ്ഞു: ലജ്നയെ പ്രവർത്തന സജ്ജരാക്കുക. കളിക്കാൻവേണ്ടിയുള്ള സ്ഥലം വാങ്ങുക. ലജ്നയുടെ ഹാളുണ്ടെങ്കിൽ അവിടെ ടേബിൾടെന്നീസ് കളിക്കാനുള്ള സംവിധാനം ചെയ്യുക.

ഹുദൂർ പറഞ്ഞു: ഓരോ സെക്രട്ടറിമാർക്കും ഒരു ഉദ്ദേശ്യമുണ്ട്. അതിന്റെ നിർബന്ധ കടമകളുണ്ട്. അതിന്റെ ഔദ്യോഗികമായ പ്രവർത്തനരൂപരേഖ ഉണ്ടായിരിക്കേണ്ടതാണ്. അതിനു ശേഷം സെക്രട്ടറി ലിയാഫത്തിനോടു അദ്ദേഹത്തിന്റെ വകുപ്പിനേയും പ്രവൃത്തിയേയും സംബന്ധിച്ച് അന്വേഷിച്ചു.

ഹുദൂർ അൻവർ ചോദിച്ചപ്പോൾ സെക്രട്ടറി തജ്നീദ് ഡന്മാർക്കിലെ ലജ്നയുടേയും പെൺകുട്ടികളുടേയും മൊത്തം തജ്നീദ് 239 ആണെന്ന് അറിയിച്ചു. ഇപ്രകാരംതന്നെ ഇശാഅത്ത് സെക്രട്ടറി പറഞ്ഞു. ഡന്മാർക്കിൽ ഇശാഅത്തിന് പ്രത്യേകിച്ച് പണിയൊന്നുമില്ല. എന്തെങ്കിലും ഗ്രന്ഥങ്ങൾ വേണമെങ്കിൽ അത് വാങ്ങിക്കുകയാണ്.

മുഹാസിബ സാഹിബ തന്റെ റിപ്പോർട്ട് സമർപ്പിച്ചുകൊണ്ട് താൻ സെക്രട്ടറിമാരോടൊപ്പം ചേർന്ന് രസീതുകൾ പരിശോധിക്കാറുണ്ടെന്ന് പറഞ്ഞു.

സെക്രട്ടറിമാൽ തന്റെ റിപ്പോർട്ട് സമർപ്പിച്ചുകൊണ്ടു പറഞ്ഞു. ഞങ്ങളുടെ വാർഷിക ബജറ്റ് അമ്പത്തിആറായിരം ക്രോണാണ്. വാർഷിക ഇജ്തിമാ ബഡ്ജറ്റാണ് ഒമ്പതിനായിരം ക്രോൺ.

അതുകഴിഞ്ഞ് ഹുദൂർ, സെക്രട്ടറി തബ്ലീഗിനോടു പറഞ്ഞു: ഇവിടെ അറബികളുമുണ്ട്. സിറിയക്കാരുമുണ്ട്. പഴയ ആളുകളുമുണ്ട്. ഈസ്റ്റേൺ യൂറോപ്പിൽനിന്ന് വന്നവരുമുണ്ട്. തദ്ദേശ ഡാനിഷുകാരുമുണ്ട്. ഇവരെയെല്ലാം എങ്ങനെ തബ്ലീഗ് ചെയ്യാൻ കഴിയും. അതിനു പരിപാടിയുണ്ടാക്കുക. അവരുമായുള്ള ബന്ധം എങ്ങനെ വർധിപ്പിക്കാൻ കഴിയും; അവരിലോളം സന്ദേശമെത്തിക്കാൻ കഴിയും. ഇതും ചിന്തിക്കേണ്ടതാണ്.

ഹുദൂർ പറഞ്ഞു: ലജ്നയുടെ ഭരണഘടനയിൽ പറഞ്ഞിട്ടില്ലാത്ത എന്തെങ്കിലും വകുപ്പോ പ്രവൃത്തിയോ ഉണ്ടെങ്കിൽ സ്വദ്റിന് ഒരു സഹായിയെവച്ച് അവരെ അത് ഏല്പിക്കുക.

ഹുദൂർ സ്റ്റുഡൻസ് അസോസിയേഷനെ കുറിച്ച് അന്വേഷിച്ചു. പറഞ്ഞു: വിദ്യാസമ്പന്നരായ പെൺകുട്ടികളെ സംഘടിപ്പിക്കുക. ജോലി ചെയ്യുന്നതിന് വിവിധ മാർഗങ്ങൾ സ്വീകരിക്കുക. സ്വയം വിവിധ മർഗങ്ങൾ എക്സ്പ്ലോർ ചെയ്യുക. അവയെ ജമാഅത്തുമായി ബന്ധിപ്പിക്കുക.

തബ്ലീഗ് സെക്രട്ടറി ലജ്നയുടെ കീഴിൽ ഓപ്പൺഹൗസിനെകുറിച്ച് പറഞ്ഞു. ഹുദൂർ പറഞ്ഞു: നിങ്ങൾക്ക് ഗൈഡ്‌ലൈനായി ജിഹാദിനെകുറിച്ച് എന്റെ പല ലേഖനങ്ങളും കിട്ടുന്നതാണ്. ഈയടുത്ത് ഞാൻ യുകെയിലെ പീസ് കോൺഫറൻസിൽ പ്രസംഗിച്ചിരുന്നു. കറന്റ് ഇഷ്യൂസ് നിങ്ങൾക്ക് അതിൽ ലഭിക്കുന്നതാണ്. ഞാൻ അതിൽ ധാരാളം പ്രൊഫസർമാരുടേയും എഴുത്തുകാർ തുടങ്ങിയവരുടേയും റഫറൻസ് ഉദ്ധരിച്ചിട്ടുണ്ട്.

തഅ്ലീം സെക്രട്ടറിയോടു ഹുദൂർ പറഞ്ഞു: സിലബസ് അനുസരിച്ച് പ്രവർത്തിക്കുന്നതിന് എന്താണ് ചെയ്തത്? 239 ലജ്നകളിൽ 116, 117 പേർക്ക് സിലബസ് എത്തുകയാണെങ്കിൽ അത് വൻവിജയമാണ്. അപ്പോൾ തഅ്ലീം സെക്രട്ടറി പറഞ്ഞു: എല്ലാ ലജ്നകൾക്കും സിലബസ് മെയിൽ ചെയ്യാറുണ്ട്. അപ്പോൾ ഹുദൂർ പറഞ്ഞു: അതിന്റെ ഫീഡ്ബാക്കെന്താണെന്ന് നിങ്ങൾ അറിയേണ്ടതാണ്; വായിച്ചോ ഇല്ലേ എന്ന്. എല്ലാവരിൽനിന്നും നിങ്ങൾ റിപ്പോർട്ട് വാങ്ങേണ്ടതാണ്; അയച്ചാൽ മാത്രം പോരാ. ഓരോ ലജ്നയുമായി നിങ്ങൾക്ക് വ്യക്തിബന്ധം ഉണ്ടാകാത്തിടത്തോളം, തങ്ങളുടെ ഭാരവാഹിയും പ്രതിനിധിയുമാണ് നിങ്ങളെന്ന് അവരറിയുകയില്ല; നിങ്ങൾ അവരുടെയെല്ലാം സഹതാപിയാണെന്നുള്ള ബോധം അവർക്കുണ്ടായാൽ പരസ്പര ബന്ധങ്ങൾ സ്വയമേവ വർധിക്കുന്നതാണ്.

ഹുദൂർ നിർദ്ദേശം നല്കിക്കൊണ്ടു പറഞ്ഞു: എല്ലാവരും കശ്തിയെ നൂഹ് വായിക്കേണ്ടതാണ്. ഇത് അടിസ്ഥാനപരമായ കാര്യമാണ്. ഡച്ച്ഭാഷയിൽ തർജമ ചെയ്ത് അതെല്ലാവർക്കും നല്കുക.

ഹുദൂർ പറഞ്ഞു: ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ വാദത്തെക്കുറിച്ച് പെൺകുട്ടികൾക്ക് പറഞ്ഞുകൊടുക്കേണ്ടത് തഅ്ലിം തർബിയ്യത്ത് വകുപ്പിന്റെ ജോലിയാണ്. ഹദ്റത്ത് മസീഹ് മൗഊദ് (അ)ന് മസീഹ് മഹ്ദി എന്ന വാദത്തോടൊപ്പം നുബുവ്വത്തിന്റെ വാദവുമുണ്ടെന്ന് പറയുക. എത്തരത്തിലുള്ള നുബുവ്വത്ത് വാദമാണെന്ന് തബ്ലീഗ് ചെയ്യുന്നവരോടു പറയുക.

ഹുദൂർ പറഞ്ഞു: നിങ്ങൾ നിങ്ങളുടെ രാജ്യത്തിന്റെ ആവശ്യങ്ങൾക്കനുസരിച്ച് സിലബസ് തയ്യാറാക്കുക; എന്താണ് ആവശ്യമെന്ന് നോക്കുക. ഇസ്‌ലാമിക ചരിത്രത്തിന്റേയും അഹ്മദിയ്യത്തിന്റേയും അടിസ്ഥാനപരമായ അധ്യാപനം നല്കുക. ഇതിനു പുറമെ ഹദ്റത്ത് അമ്മാജാൻ(റ)ന്റെ ഗ്രന്ഥം ഡാനിഷ്ഭാഷയിൽ തർജമ ചെയ്യിക്കുക. അതു വായിക്കുന്നതുകൊണ്ട് വീടുകളിൽ എങ്ങനെയാണ് ജീവിക്കേണ്ടതെന്നും വിവാഹബന്ധങ്ങൾ എങ്ങനെയാണ് നിലനിറുത്തേണ്ടതെന്നും കുട്ടികൾക്ക് എങ്ങനെയാണ് തർബിയ്യത്ത് നല്കേണ്ടതെന്നും ക്ഷമയും സഹനവും എത്രമാത്രം വേണമെന്നും കുട്ടികൾക്ക് മനസ്സിലാകും.

വഖ്ഫെനൗ വകുപ്പിനെകുറിച്ച് ഹുദൂർ പറഞ്ഞു: വഖ്ഫെ നൗഇന്റെ സിലബസ് ജമാഅത്തുപരമായ

നിലയിലായിരിക്കും. സ്വദ്റിന് സഹായിയെ വെച്ചു കൊണ്ട് പെൺകുട്ടികളുടെ ക്ലാസുകൾ നടത്തുക. 21 വയസുവരെയുള്ള സിലബസ് ഇപ്പോൾ വന്നു കഴിഞ്ഞു. മാതാക്കളും അതു വായിക്കുക. സ്വദ്റിന്റെ സഹായി തങ്ങളുടെ മീറ്റിംഗിനുള്ള ഏർപാടുകൾ സെക്രട്ടറിലജ്ന മുഖേനയായിരിക്കും നടത്തുക. പെൺകുട്ടികളും ആൺകുട്ടികളും ഒരു മിച്ചിരിക്കുകയില്ല.

മീറ്റിംഗിന്റെ അവസാനം സ്വദ്ർ ലജ്ന ഹുദൂറിനോടു മസ്ജിദിൽ സ്ത്രീകൾക്കുള്ള സ്ഥലക്കുറവിനെ കുറിച്ച് പറഞ്ഞു. അപ്പോൾ ഹുദൂർ പറഞ്ഞു. താങ്കൾ എഴുതുക. സ്വദ്ർ ലജ്ന തനിക്ക് നേരിട്ട് റിപ്പോർട്ടയക്കാനും ഹുദൂർ നിർദ്ദേശിച്ചു.

ഹുദൂർ പറഞ്ഞു: ജമാഅത്തിന്റെ വീലുകൾ ചലിച്ചുകൊണ്ടിരിക്കുന്നതിനു വേണ്ടിയാണ് ഉപസംഘടനകളുണ്ടാക്കിയിട്ടുള്ളത്. നാലു വീലുകളും ചലിച്ചുകൊണ്ടിരുന്നാൽ അഭിവൃദ്ധി ഉണ്ടായിക്കൊണ്ടിരിക്കും. നാലു വകുപ്പും ജമാഅത്തുപരമായ വ്യവസ്ഥിതിയോടൊപ്പം ലജ്നയും, അൻസ്വാറും, ഖുദ്ദാമും പ്രവർത്തിച്ചുകൊണ്ടിരുന്നാൽ കൂടുതൽ അഭിവൃദ്ധി ഉണ്ടാകുന്നതാണ്.

ഡന്മാർക്ക് ലജ്ന ഇമാഇല്ലാഹ് നാഷണൽ മജ്ലിസെ ആമിലയോടൊപ്പം ഹുദൂറിന്റെ ഈ മീറ്റിംഗ് 7.30വരെ തുടർന്നു.

**2016 മെയ് 7 ശനിയാഴ്ച:**

അതിനുശേഷം പരിപാടിയനുസരിച്ച് ഹുദൂർ അയ്യദഹുല്ലാഹ് ലൈബ്രറി ഹാളിലെത്തി. അവിടെ ഹുദൂർ പങ്കെടുത്ത ഡന്മാർക്ക് മജ്ലിസ് അൻസ്വാറുല്ലാ നാഷണൽ മീറ്റിംഗ് തുടങ്ങി.

**മീറ്റിംഗ്:**

ഹുദൂർ ദുആ ചെയ്യിച്ചു. ഹുദൂർ ഖാഇദെ ഉമൂമിയോടു മജ്ലിസിന്റെ എണ്ണത്തെ സംബന്ധിച്ച് റിപ്പോർട്ട് ചോദിച്ചു. അൻസ്വാറുല്ലായുടെ ഒരു മജ്ലിസേയുള്ളൂവെന്ന് ഖാഇദെ ഉമൂമി സാഹിബ് പറഞ്ഞു. അപ്പോൾ ഹുദൂർ പറഞ്ഞു: ലജ്നയുടെ 6 മജ്ലിസുണ്ട്. നിങ്ങളുടെ ഒരു മജ്ലിസ് മാത്രമേയുള്ളൂ. ഇത്രമാത്രം അലസതയെന്താണ്?

ഹുദൂർ ചോദിച്ചപ്പോൾ തജ്നീദിനെകുറിച്ച് 81 അംഗങ്ങളുണ്ടെന്ന് പറഞ്ഞു. അപ്പോൾ ഹുദൂർ പറഞ്ഞു: ഈ 81 അൻസ്വാറിനെ എങ്ങനെയാണ് നോക്കുന്നത്. ഒരു സഊമുമില്ല. നിങ്ങൾ എങ്ങനെയാണ് അൻസ്വാറുമായി ബന്ധം വെക്കുന്നത്. ശരിയായ നിലയിൽ അവരെ നോക്കുന്നതിനും എല്ലാവരുമായും ബന്ധംവയ്ക്കുന്നതിനും അവരുടെ ചെറിയ ചെറിയ യൂണിറ്റുകൾ ഉണ്ടാക്കുക. നിങ്ങൾക്കുള്ള വ്യവസ്ഥിതി നിങ്ങളുടെ നിയമാവലിയിലുള്ളതാണ്. നിങ്ങൾ അതനുസരിച്ച് പ്രവർത്തിച്ച് നിങ്ങളുടെ ഹൽഖകളും മജ്ലിസുകളും ഉണ്ടാക്കുകയും അതനുസരിച്ച് നടക്കുകയും വേണം.

ഹുദൂർ പറഞ്ഞു: അൻസ്വാറിൽ നിങ്ങളുടെ ആമിലായുടെ അംഗങ്ങളുണ്ട്. ചിലർക്ക് താടിയില്ല. ചെറിയ ചെറിയ താടിവെക്കുക.

ഹുദൂർ പറഞ്ഞു: ഇവിടെ വന്ന് താമസിക്കാൻ തുടങ്ങിയ പഴയകാല അഹ്മദികൾ തങ്ങളുടെ അംഗസംഖ്യ വർധിപ്പിക്കുന്നതിന് പണിയെടുത്തില്ല. മറ്റുള്ള അനഹ്മദി മുസ്ലിംകൾ ആയിരക്കണക്കിന് എണ്ണത്തിൽ തങ്ങളുടെ ആളുകളെ വർധിപ്പിച്ചു. ഇപ്പോൾ അവരുടെ അംഗസംഖ്യ രണ്ടുലക്ഷമാണ്. നിങ്ങളാണെങ്കിൽ അഞ്ഞൂറിനുള്ളിൽ ഒതുങ്ങിപ്പോയി. പഴയ ആളുകൾ പണിയെടുക്കുകയും അഹ്മദികളെ ഈ രാജ്യത്തുകൊണ്ടുവരികയും ചെയ്തിരുന്നെങ്കിൽ നിങ്ങളുടെ എണ്ണം വർധിക്കുമായിരുന്നു.

ഹുദൂർ പറഞ്ഞു: ഹദ്റത്ത് മുസ്ലിഹ് മൗഊദ്(റ) 40 വയസുവരെ ഖുദ്ദാം നല്ലവണ്ണം പണിയെടുക്കുന്നുവെന്നും അൻസ്വാറിൽ പ്രവേശിക്കുമ്പോൾ മടിയന്മാരായിപോകുന്നുവെന്നും പറഞ്ഞിരുന്നു. ഹുദൂർ പറഞ്ഞു: നിങ്ങൾ നിങ്ങളെ പ്രവർത്തനനിരതരാക്കുക.

റിപ്പോർട്ട് അയക്കേണ്ടതിനെ സംബന്ധിച്ച് ഹുദൂർ പറഞ്ഞു: ഉപസംഘടനകളുടെ റിപ്പോർട്ടുകൾ എനിക്ക് നേരിട്ട് വരേണ്ടതാണ്. ഉപസംഘടനകൾ തങ്ങളുടെ പ്രവൃത്തികളിലും റിപ്പോർട്ട് അയക്കുന്നതിലും സ്വതന്ത്രരാണ്. നിങ്ങളുടെ റിപ്പോർട്ടുകളിൽ ജമാഅത്ത് അമീറിന്റെ ഒപ്പിന്റെ ആവശ്യമില്ല.

ഹുദൂർ പറഞ്ഞു: അംഗമെന്ന നിലയിൽ നിങ്ങളെല്ലാവരും ജമാഅത്ത് അമീറിന്റെ കീഴിലാണ്. മജ്ലിസ് അൻസ്വാറുല്ലാ എന്ന നിലയിൽ നിങ്ങളുടെ സംഘടന സ്വതന്ത്രമാണ്. അംഗമെന്ന നിലയിൽ ജമാഅത്ത് അമീർ നിങ്ങൾക്ക് നല്കുന്ന ജോലിയും നല്കുന്ന കല്പനയും പാലിക്കുക. അൻസ്വാറുല്ലാഹ് സംഘടന എന്ന നിലയിൽ നിങ്ങൾക്ക് അമീർ എന്തെങ്കിലും കല്പന നല്കിയാൽ, ആ അവസ്ഥയിൽ മജ്ലിസ് അൻസ്വാറുല്ലായുടെ തയ്യാറാക്കപ്പെട്ട പ്രോഗ്രാമനുസരിച്ച് നടക്കുക. ജമാഅത്തിന്റെ പരിപാടികളും ഉപസംഘടനയുടെ പരിപാടികളും തമ്മിൽ കൂട്ടിമുട്ടുകയാണെങ്കിൽ ജമാഅത്തീപരിപാടികൾക്കായിരിക്കും മുൻഗണന. ഉപസംഘടന തങ്ങളുടെ പരിപാടി മറ്റൊരു സമയത്ത് നടത്താവുന്നതാണ്.

ഹുദൂർ പറഞ്ഞു; ലണ്ടൻ പ്രൈവറ്റ് സെക്രട്ടറി ഓഫീസിൽ ഔദ്യോഗികമായി അൻസ്വാറുല്ലായുടെ വകുപ്പുണ്ട്. നിങ്ങളെനിക്ക് നേരിട്ട് റിപ്പോർട്ടുകൾ അയക്കുക.

നൗമുബാഇയീൻ തർബിയ്യത്ത് ഖാഇദ് തന്റെ റിപ്പോർട്ട് അവതരിപ്പിച്ചുകൊണ്ടു പറഞ്ഞു: രണ്ടുമൂന്നു നവഅഹ്മദിയുണ്ട്. ഹുദൂർ ചോദിച്ചു: കഴിഞ്ഞ രണ്ടുമൂന്നു വർഷത്തിൽ എത്രയുണ്ടായി? കൂടുതൽ നവഅഹ്മദികളെ ഉണ്ടാക്കുക.

വഖ്ഫെ ആർസിയും തഅ്ലീമുൽ ഖുർആനുമായ ഖാഇദിന് ഹുദൂർ നിർദ്ദേശം കൊടുത്തുകൊണ്ടു പറഞ്ഞു. താങ്കളുടെ ആമില അംഗങ്ങൾ വഖ്ഫെ ആർസി ചെയ്യുക. മറ്റുള്ളവരെ അതിനുവേണ്ടി പ്രേരിപ്പിക്കുക. ചിലയാളുകൾ റിട്ടയേഡായി കഴിഞ്ഞിട്ടുണ്ടാകും. അവരുടെ ആരോഗ്യം നല്ലതാണെങ്കിൽ വഖ്ഫെആർസി ചെയ്യാൻ കഴിയും. അവർ വഖ്ഫ് ചെയ്യുക. തഅ്ലീമിലേക്കും തർബിയ്യത്തിലേക്കും ശ്രദ്ധിക്കുക. തബ്ലീഗിലേക്ക് ശ്രദ്ധിക്കുക. വഖ്ഫെആർസി ആദ്യം നിങ്ങളുടെ ആമിലായിൽനിന്ന് തുടങ്ങുക. ഹുദൂർ വഖ്ഫെ ആർസി ഖാഇദിനോടു പറഞ്ഞു: താങ്കൾ സ്വയം ഏറ്റവുമാദ്യം വഖ്ഫെആർസി ചെയ്യാൻ തുടങ്ങുക.

തഅ്ലീമുൽ ഖുർആനെ സംബന്ധിച്ച് പറയപ്പെട്ടു. പതിവായി മസ്ജിദിൽ ഖുർആൻ ക്ലാസ് നടക്കുന്നുണ്ട്. അതിൽ 10 അൻസ്വാർ പങ്കെടുക്കുന്നു. അപ്പോൾ ഹുദൂർ പറഞ്ഞു: 81ൽ വെറും 10 പേരാണോ പങ്കെടുക്കുന്നത്? ഇതു വളരെ കുറവാണ്. ഈ എണ്ണം വർധിപ്പിക്കേണ്ടതാണ്.

തർബിയ്യത്ത് ഖാഇദിനോടു ഹുദൂർ പറഞ്ഞു. നിങ്ങൾ പതിവായി പരിപാടികളുണ്ടാക്കുക. വീടുകളിൽ സ്ത്രീകൾക്കും കുട്ടികൾക്കും തർബിയ്യത്തിന്റെ പരിപാടികളും ആരംഭിക്കുക. വളരെ മൃദുഭാവത്തോടെ ഇക്കാര്യത്തിൽ മേൽനോട്ടം വഹിക്കുക; പതിവായി നമസ്കരിക്കാറുണ്ടോ, തിലാവത്ത് ചെയ്യാറുണ്ടോ? എം.ടി.എ. കാണാറുണ്ടോ? എം.ടി.എയുമായി ബന്ധപ്പെടുന്നവർ എത്ര പേരുണ്ടെന്ന് നിങ്ങൾ അറിഞ്ഞിരിക്കണം; പതിവായി കാണുന്നവർ.

ഹുദൂർ പറഞ്ഞു: താങ്കൾ എല്ലാവരേയും എം.ടി.എയുമായി ബന്ധിപ്പിക്കുകയാണെങ്കിൽ നിങ്ങൾക്കവരെ പതിവായി ദർസും കേൾപ്പിക്കാൻ കഴിയും. ഹദ്റത്ത് ഖലീഫത്തുൽ മസീഹ് റാബിഅ്ന്റെ ദർസ് എം.ടി.എയിൽ വന്നുകൊണ്ടിരിക്കുന്നു. എന്റെ ജുമുഅ ഖുത്ബകളുണ്ട്. പ്രസംഗങ്ങളുണ്ട്. പ്രഭാഷണങ്ങളുണ്ട്. അതുകേൾക്കുക. എല്ലാവരേയും ബന്ധിപ്പിക്കുകയും സ്നേഹത്തോടെ അടുത്തുകൊണ്ടുവരികയും ചെയ്യേണ്ടത് നിങ്ങളുടെ ജോലിയാണ്.

ഹുദൂർ പറഞ്ഞു: തർബിയത്തുവകുപ്പുകാർ തങ്ങളുടെ പ്രോഗ്രാമുകളുണ്ടാക്കി എനിക്ക് അയക്കുക. അതനുസരിച്ച് എങ്ങനെ പ്രവർത്തിക്കണമെന്നും പറയുക. ഇപ്രകാരംതന്നെ മറ്റുള്ള ഖാഇദുമാരും തങ്ങളുടെ പരിപാടി തയ്യാറാക്കി അയക്കുക.

തഅ്ലീം ഖാഇദ് പറഞ്ഞു: ഒരു ചെറു മാസികയ്ക്കുവേണ്ടി മാറ്ററുകൾ തയ്യാറാക്കിക്കൊണ്ടിരിക്കുകയാണ്. മാറ്ററുകൾ തയ്യാറാക്കി ഇശാഅത്ത് ഖാഇദിനെ ഏല്പിക്കുന്നതാണ്; മാസിക പ്രസിദ്ധീകരിക്കുന്നതിന്. ഞങ്ങൾ പ്രസിദ്ധീകരിക്കുന്ന ആദ്യത്തെ മാസികയാണിത്. അതിന്റെ അനുവാദത്തിനും പേരിനും വേണ്ടി ഞങ്ങൾ അപേക്ഷ കൊടുത്തിട്ടുണ്ട്.

അപ്പോൾ ഹുദൂർ പറഞ്ഞു: ഇപ്പോൾ തുടങ്ങു ക; മാസിക പുറത്തിറക്കുക. അതിൽ വിശുദ്ധഖുർആനിലെ ഒരു വചനവും തർജമയും ഉണ്ടാകണം. ഹ്രസ്വമായ വ്യാഖ്യാനവും ഉണ്ടാകണം. പിന്നെ ഏതെങ്കിലും ഹദീഥുണ്ടാവണം. ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ഉദ്ധരണിയുണ്ടാകണം. എന്റെ ഖുത്ബകളിൽനിന്ന് വിഷയങ്ങൾ തിരഞ്ഞെടുക്കുക. പിന്നെ തർബിയ്യത്തുപരമായ ലേഖനം വേണം. ആർട്ടിക്കുകൾ താങ്കൾക്കു കിട്ടുന്നതായിരിക്കും. എത്ര എണ്ണം പ്രസിദ്ധീകരിക്കണം, എത്ര പേജുകൾ വേണം എന്നും നോക്കുക. അപ്പോൾ ഇശാഅത്തുഖാഇദു പറഞ്ഞു. ത്രൈമാസികയായിരിക്കും.

ഹുദൂർ പറഞ്ഞു: മൂന്നുമാസത്തിലൊരിക്കൽ പ്രസിദ്ധീകരിക്കണമെങ്കിൽ പ്രസിദ്ധീകരിക്കുക. ക്രമാനുഗതമായി പ്രസിദ്ധീകരിച്ചു തുടങ്ങുക. നിങ്ങളുടെ ത്രൈമാസികയിൽ ഡാനിഷ് ഭാഷയിലും വിഷയങ്ങൾ ഉൾക്കൊള്ളിക്കുക. വിശുദ്ധഖുർആനിലെ ആയത്തും അതിന്റെ തർജമയും ഹ്രസ്വമായ വ്യാഖ്യാനവും ഹദീഥും ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ഉദ്ധരണിയും എന്റെ ഖുത്ബകളുടെ സംക്ഷിപ്തവും ഡാനിഷ് ഭാഷയിലും ഉൾക്കൊള്ളിക്കുക.

ഹുദൂർ പറഞ്ഞു: മാസികയുടെ പേര് 'അൻസ്വാരെ ദീൻ' എന്നു വെക്കുക. അ4 സൈസായിരിക്കണം. 16 പേജുകളാക്കുക.

(തുടരും)

## അല്ലാഹുവിന്റെ കലാം

***മാലക്കും മ്മിൻദൂനില്ലാഹി മിൻ വ്വലിയ്യിൻ വ്വലാ നസീർ(2:108)***

**"അല്ലാഹു അല്ലാതെ നിങ്ങൾക്ക് ഒരു രക്ഷാധികാരിയോ സഹായിയോ ഇല്ലെന്ന് നിങ്ങൾ അറിഞ്ഞിട്ടില്ലേ?"**

**"അല്ലാഹുവിന് പങ്കുകാരെ ചേർക്കൽ കൊടുംപാപമാകുന്നു." (ബുഖാരി)**

**ത്വാലിബെ ദുആ**
പി.പി.റഹീമും കുടുംബവും
അഹ്മദിയ്യാ മുസ്ലിം ജമാഅത്ത് പഴയങ്ങാടി (കേരള)

**ജൽസസാലാന ഖാദിയാൻ 2018**
**എല്ലാ ജമാഅത്തംഗങ്ങൾക്കും**
**ആശംസകളോടെ......**

**എം. അബ്ദുൽ വഹാബ് (Business)**
അങ്ങാടിക്കട ബ്രാന്റ്, ടൗൺ മസ്ജിദിനു സമീപം,
പത്തനാപുരം– 689 695. Phone: 9744653179.

( പേജ് 1ൽനിന്ന്)

ഞങ്ങൾക്ക് എല്ലാ അനുഗ്രഹങ്ങളുടേയും വഴികൾ കാണിച്ചുതരേണമേ. ക്രോധത്തിന്റെ വഴികളിൽനിന്നും വഴികേടിന്റെ പാതകങ്ങളിൽനിന്നും ഞങ്ങളെ ദൂരവെക്കേണമേ. (ഫാത്തിഹ അധ്യായം 2–7)

ഫാത്തിഹ അധ്യായത്തിലുള്ള ഈ പ്രാർഥന ഇഞ്ചീലിലെ പ്രാർഥനക്ക് തികച്ചും വിപരീതമാണ്. കാരണം ഇഞ്ചീലിൽ ദൈവരാജ്യം ഭൂമിയിൽ ഇപ്പോഴുണ്ടെന്നുള്ളത് നിഷേധിക്കപ്പെട്ടിരിക്കുന്നു.

ഇഞ്ചീലിന്റെ അധ്യാപനമനുസരിച്ച് ഭൂമിയിൽ അല്ലാഹുവിന്റെ പരിപാലനത്വമോ, പരമകാരുണികത്വമോ, കരുണാമയത്വമോ രക്ഷാശിക്ഷയുടെ അധികാരത്വമോ ഒന്നും പ്രവർത്തിക്കുന്നില്ല. കാരണം ഇപ്പോൾ ഭൂമിയിൽ ദൈവരാജ്യം വന്നിട്ടില്ല. എന്നാൽ, ഫാത്തിഹാ അധ്യായം മനസ്സിലാക്കിത്തരുന്നത് ഭൂമിയിൽ ദൈവരാജ്യം ഉണ്ടെന്നാണ്. ദൈവരാജ്യത്തിനുണ്ടായിരിക്കേണ്ട എല്ലാ ഗുണങ്ങളും ഫാത്തിഹ അധ്യായത്തിൽ പ്രതിപാദിക്കപ്പെട്ടിരിക്കുന്നു. ഒരു ഭരണാധികാരിക്ക് തന്റെ പ്രജകളെ സംരക്ഷിക്കുകയും പരിപാലിക്കുകയും ചെയ്യേണ്ട ശക്തിയുണ്ടായിരിക്കണം. ഫാത്തിഹ അധ്യായത്തിലുള്ള റബ്ബുൽ ആലമീൻ എന്ന വാക്കിൽ ഈ വിശേഷഗുണം സ്ഥാപിതമാണ്. ഒരു രാജാവിനുണ്ടായിരിക്കേണ്ട രണ്ടാമത്തെ ഗുണം പ്രജകളുടെ ജീവസന്ധാരണത്തിന്നാവശ്യമായ എല്ലാ ഏർപാടുകളും പ്രതിഫലേച്ഛ കൂടാതെ സജ്ജീകരിച്ചുകൊടുക്കുകയാണ്. അർറഹ്മാൻ എന്ന ദൈവിക വിശേഷഗുണത്തിൽ ഈ കാര്യം അടങ്ങിയിരിക്കുന്നു. പ്രജകൾക്ക് തങ്ങളുടെ പരിശ്രമം കൊണ്ട് പൂർത്തീകരിക്കാൻ പറ്റാത്ത കാര്യങ്ങൾ പൂർത്തീകരിക്കുന്നതിന് അനുയോജ്യമായ നിലയിൽ സഹായിക്കുകയെന്നതാണ് ഭരണാധികാരിയുടെ മൂന്നാമത്തെ സവിശേഷത. അർറഹീം എന്ന പദംകൊണ്ട് ഈ വിശേഷഗുണം സ്ഥാപിച്ചിരിക്കുന്നു. ഒരു ഭരണാധികാരിക്കുണ്ടായിരിക്കേണ്ടുന്ന നാലാമത്തെ സവിശേഷത രാഷ്ട്രീയമായ ഉത്തരവാദിത്വത്തിന് ഉപോൽബലകമായ രക്ഷാശിക്ഷാ നടപടികളെടുക്കുന്നതിനുള്ള ശക്തിയുണ്ടായിരിക്കുക എന്നതാണ്. മാലിക്കിയൗമിദ്ദീൻ എന്ന പദംകൊണ്ട് ഈ സവിശേഷത പ്രകടിപ്പിച്ചിരിക്കുന്നു.

പറഞ്ഞുവന്നതിന്റെ ചുരുക്കം, വിശുദ്ധ ഖുർആനിലെ ഫാത്തിഹ അധ്യായത്തിൽ ഒരു ഭരണകർത്താവിനുണ്ടായിരിക്കേണ്ടുന്ന എല്ലാ ഗുണങ്ങളും പ്രതിപാദിച്ചുകൊണ്ട് ഭൂമിയിൽ ദൈവരാജ്യവും രാജകീയമായ എല്ലാ നിയന്ത്രണങ്ങളും ഉള്ളതായി സ്ഥാപിച്ചിരിക്കുന്നു. ഭൂമിയിൽ അല്ലാഹുവിന്റെ പരിപാലനത്വം, പരമകാരുണികത്വം, ദയാർദ്രത്വം, അധികാരത്വം എന്നീ വിശേഷതകൾ സ്ഥാപിതമാണ്. ഇവിടെ അവന്റെ സഹായ സംവിധാനവും ശിക്ഷാവ്യവസ്ഥിതിയുമുണ്ട്. അല്ലാഹുവിന്റേതായ എല്ലാം തന്നെ ഭൂമിയിലുണ്ട്. അവന്റെ കല്പനയിൽനിന്ന് ഒരണുകൂടി പുറത്തല്ല. ഓരോന്നിന്റേയും പുണ്യപ്രതിഫലവും അവന്റെ കൈയിലാണുള്ളത്. ഓരോ കാരുണ്യവും അവന്റെ കൈയിലാണുള്ളത്. എന്നാൽ, ഇഞ്ചീൽ പഠിപ്പിക്കുന്നത് ഇപ്പോൾ ദൈവരാജ്യം നിങ്ങളിൽ വന്നിട്ടില്ല. അത് വരുവാനായി ദൈവത്തോടു പ്രാർഥിച്ചുകൊണ്ടിരിക്കുക എന്നാണ്. അതായത്, ഇന്നുവരെ അവരുടെ ദൈവം ഭൂമിയുടെ ഉടമസ്ഥനോ, രാജാവോ അല്ല. അതുകൊണ്ട് അത്തരം ദൈവത്തിൽനിന്ന് എന്ത് പ്രതീക്ഷിക്കുവാനാണ്?

ശ്രവിക്കുകയും മനസ്സിലാക്കുകയും ചെയ്യുക. ആകാശത്തിന്റെ ഓരോ അണുവും ദൈവത്തിന്റെ ഭരണത്തിൻ കീഴിലുള്ളതുപോലെ ഭൂമിയിലെ ഓരോ അണുവും ദൈവത്തിന്റെ നിയന്ത്രണകരങ്ങളിലാണുള്ളത്. ഇതുതന്നെയാണ് വലിയ തിരിച്ചറിവ്. ആകാശത്ത് അതിമഹത്തായ ദിവ്യജ്യോതിസ്സുള്ളതുപോലെ ഭൂമിയിലും ഒരു മഹത്തായ ദിവ്യജ്യോതിസ്സുണ്ട്. ആകാശത്തിലെ ദിവ്യജ്യോതിസ്സ് വിശ്വാസപരമായ കാര്യമാണ്. സാധാരണക്കാരൻ ആകാശത്ത് പോയിട്ടില്ല. അത് കണ്ടിട്ടുമില്ല. എന്നാൽ, ഭൂമിയിലുള്ള ദൈവഭരണത്തിന്റെ ദിവ്യജ്യോതിസ്സ് സ്പഷ്ടമായി ഓരോ വ്യക്തിക്കും കാണാൻ സാധിക്കുന്നു.[1]

ഓരോ മനുഷ്യനും അവൻ എത്രതന്നെ സമ്പന്നനാണെങ്കിലും ഒട്ടും ഇഷ്ടപ്പെടാതെ മരണത്തിന്റെ പാനപാത്രം കുടിക്കുന്നു. ആ യഥാർഥ രാജാവിന്റെ കല്പന ഭൂമിയിൽ എപ്രകാരമാണ് പ്രഭാവിതമായിരിക്കുന്നതെന്ന് നോക്കുക. കല്പന വരുമ്പോൾ ആർക്കും മരണത്തെ ഒരു നിമിഷനേരത്തേക്കെങ്കിലും തടുത്തുനിറുത്തുവാൻ സാധ്യമല്ല. വളരെ ജുഗുപ്സാവഹവും ചികിത്സായോഗ്യമല്ലാത്തതുമായ രോഗം വന്നാൽ ഒരു ഭിഷഗ്വരനും ചികിത്സിച്ച് ഭേദമാക്കാൻ സാധിക്കുകയില്ല. അതിനാൽ ദൈവഭരണത്തിന്റെ എങ്ങനെയുള്ള മഹിമാവിലാസമാണ് ഭൂമിയിൽ ഉള്ളതെന്ന് ചിന്തിക്കുക. അവന്റെ കല്പനയൊന്നും റദ്ദാക്കപ്പെടുകയില്ല. അപ്പോൾ ഭൂമിയിൽ അവന്റെ രാജ്യം വന്നിട്ടില്ല, ഇനി എപ്പോഴെങ്കിലും വരാനിരിക്കുന്നേയുള്ളൂ എന്നെങ്ങനെ പറയാനാവും? നോക്കുക, ഇക്കാലത്തു ദൈവകല്പന പ്ലേഗിന്റെ രൂപത്തിൽ വന്നു, ഭൂമിയെ ഇളക്കിമറിച്ചു; തന്റെ വാഗ്ദത്ത മസീഹിന് ഒരു ദൃഷ്ടാന്തമാകാൻ. അവനിച്ഛിക്കാതെ ആർക്കാണ് ഈ രോഗം അകറ്റുവാൻ സാധിക്കുക? അപ്പോൾ ഈ ഭൂമിയിൽ ദൈവരാജ്യമില്ല എന്നാർക്കാണ് പറയുവാൻ സാധിക്കുക. അതെ, ഒരു ദുർവൃത്തൻ തടവുപുള്ളികളെപ്പോലെ അവന്റെ ഭൂമിയിൽ ജീവിക്കുകയും ഒരിക്കലും മരിക്കരുതെന്നാഗ്രഹിക്കുകയും ചെയ്യുന്നു. എന്നാൽ, ദൈവത്തിന്റെ ശരിയായ ഭരണം അവനെ നശിപ്പിക്കുന്നു. അവസാനം അവൻ മരണത്തിന്റെ കൈയിൽ ഒതുക്കപ്പെടുന്നു. അപ്പോൾ പിന്നെങ്ങനെയാണ് ഇതുവരെ ഭൂമിയിൽ ദൈവരാജ്യം വന്നിട്ടില്ലെന്ന് പറയുവാൻ സാധിക്കുക? നോക്കുക! ഭൂമിയിൽ ദൈവകല്പന പ്രകാരം നിത്യവും ഒരു നിമിഷത്തിൽ കോടിക്കണക്കിനാളുകൾ മരണപ്പെടുകയും ജനിക്കുകയും ചെയ്യുന്നു. അവന്റെ ഇച്ഛാനുസരണം കോടിക്കണക്കിന് സമ്പന്നർ ദരിദ്രരും, ദരിദ്രർ സമ്പന്നരുമായിത്തീരുന്നു. അപ്പോൾ ഭൂമിയിൽ ദൈവരാജ്യം വന്നിട്ടില്ലെന്നു എങ്ങനെ പറയുവാൻ സാധിക്കും. ആകാശങ്ങളിൽ മലക്കുകൾ മാത്രമാണ് വസിക്കുന്നത്. എന്നാൽ, ഭൂമിയിൽ മനുഷ്യരുമുണ്ട്, മലക്കുകളുമുണ്ട്. അവർ ദൈവത്തിന്റെ ജോലിക്കാരും അവന്റെ ഭരണത്തിന്റെ സേവകരുമാണ്. അവരെ മനുഷ്യരുടെ വിവിധ ജോലികളുടെ സൂക്ഷിപ്പുകാരായിട്ട് വിട്ടിരിക്കുന്നു. ആ മലക്കുകൾ എപ്പോഴും ദൈവത്തെ അനുസരിക്കുകയും തങ്ങളുടെ റിപ്പോർട്ടുകൾ കൊടുത്തുകൊണ്ടിരിക്കുകയും ചെയ്യുന്നു. അപ്പോൾ ദൈവരാജ്യം ഭൂമിയിൽ വന്നിട്ടില്ല എന്നെങ്ങനെ പറയുവാൻ സാധിക്കും?

വാസ്തവത്തിൽ ദൈവം തന്റെ ഭൗമിക രാജത്വം മൂലമാണ് അധികമായി തിരിച്ചറിയപ്പെട്ടിരിക്കുന്നത്. കാരണം ആകാശത്തിന്റെ രഹസ്യം മറഞ്ഞതും കാണാൻ പറ്റാത്തതുമാണെന്ന് ഓരോ വ്യക്തിയും ധരിക്കുന്നു. വർത്തമാന കാലത്ത് എല്ലാ ക്രിസ്ത്യാനികളും അവരുടെ തത്ത്വചിന്തകന്മാരും ഇഞ്ചീലിന്റെ അധ്യാപനമനുസരിച്ച് ദൈവരാജ്യത്തിന്റെ ആശ്രയവും അവലംബവുമായ ആകാശങ്ങളുടെ അസ്തിത്വത്തെത്തന്നെ നിഷേധിച്ചിരിക്കുകയാണ്. എന്നാൽ, ഭൂമി നമ്മുടെ കാലടിക്കീഴിലുള്ള ഒരു ഗോളമാണ്. ആയിരക്കണക്കിന് ദൈവവിധികളുടെ കാര്യങ്ങൾ അതിൽ പ്രത്യക്ഷമായിക്കൊണ്ടിരിക്കുന്നു. ഇതൊക്കെ മനസ്സിലാക്കിത്തരുന്നത് ഭൂമിയിൽ കാണപ്പെടുന്ന എല്ലാവിധ പരിവർത്തനങ്ങളും മാറ്റങ്ങളും ഉൽപാദനവും വിനാശവും ഒരു ശക്തനായ യജമാനന്റെ കല്പനക്ക് വിധേയമാണെന്നാണ്. അപ്പോൾ ഭൂമിയിൽ ദൈവരാജ്യം ഇപ്പോഴില്ല എന്ന് എങ്ങനെ പറയുവാൻ സാധിക്കും? ഈ രീതിയിലുള്ള അധ്യാപനം, ക്രിസ്ത്യാനികൾ ഉപരിലോകത്തെപ്പറ്റി വളരെ ശക്തിമത്തായ നിലയിൽ നിഷേധിക്കുന്ന ഈ കാലഘട്ടത്തിൽ അങ്ങേയറ്റം അനുചിതമായതാണ്. കാരണം ഭൂമിയിൽ ഇപ്പോൾ ദൈവരാജ്യം ഇല്ലെന്ന് പ്രസ്തുത പ്രാർഥനയിൽ അംഗീകരിക്കപ്പെടുകയും മറുഭാഗത്ത് ഉപരിലോകത്തിന് ഒരു പ്രസക്തിയുമില്ലെന്ന് ക്രിസ്തീയ ഗവേഷകർ സത്യഹൃദയത്തോടെ വിശ്വസിക്കുകയും തങ്ങളുടെ നവംനവങ്ങളായ ഗവേഷണങ്ങളാൽ തീരുമാനിച്ചിരിക്കുകയും ചെയ്തിരിക്കെ അവർ ദൈവരാജ്യം ഭൂമിയിലുമില്ല, ആകാശത്തുമില്ല എന്ന നിഗമനത്തിൽ എത്തിച്ചേർന്നിരിക്കുകയാണ് ചെയ്തിരിക്കുന്നത്. അതായത് ഉപരിലോകങ്ങളെ ക്രിസ്ത്യാനികൾ നിഷേധിക്കുന്നു. ഭൂമിയിൽ ദൈവരാജ്യം സ്ഥാപിതമായിട്ടില്ലെന്ന് ഇഞ്ചീൽ വ്യക്തമാക്കുന്നു. അപ്പോൾ അവരുടെ വിശ്വാസപ്രമാണമനുസരിച്ച് അവരുടെ ദൈവത്തിന്റെ പക്കൽ ഭൂമിയിലെ രാജ്യത്വവുമില്ല, ആകാശത്തിലേതുമില്ല. എന്നാൽ, നമ്മുടെ പ്രതാപവാനായ അല്ലാഹു ഫാത്തിഹ അധ്യായത്തിൽ ആകാശത്തിന്റേയോ ഭൂമിയുടേയോ പേരെടുക്കാതെ അവൻ സകല പ്രപഞ്ചങ്ങളുടേയും കർത്താവാണെന്ന യാഥാർഥ്യം നമുക്ക് നല്കുന്നു. അതായത് എവിടെയൊക്കെ ജനവാസമുണ്ടോ[1] എവിടെയൊക്കെ ഏതെങ്കിലും വിധത്തിലുള്ള സൃഷ്ടികളുണ്ടോ, ശരീരങ്ങളാകട്ടെ, ആത്മാക്കളാകട്ടെ അവയൊക്കെ സൃഷ്ടി

## കലാമുൽ ഇമാം:–

"വിശുദ്ധഖുർആൻ മനസ്സിലാക്കുന്നതിനും അതനുസരിച്ച് സന്മാർഗം പ്രാപിക്കുന്നതിനും തഖ്‌വ അത്യാവശ്യമായ മൂലധനമാണ്."
(മൽഫൂദാത്ത്, വാല്യം 5, പേജ് 121)

ത്വാലിബെ ദുആ:
കെ. മുഹമ്മദ് ശരീഫും കുടുംബവും അഹ്മദിയ്യാ ജമാഅത്ത്, വാണിയമ്പലം (കേരള)

## കലാമുൽ ഇമാം:–

"ഇസ്‌ലാം യഥാർഥമായ ഈശ്വരജ്ഞാനം പ്രദാനം ചെയ്യുന്നു. അതുമുഖേന മനുഷ്യന്റെ പാപപങ്കിലമായ ജീവിതത്തിനുമേൽ മരണം സംഭവിക്കുന്നു."(മൽഫൂദാത്ത്, വാല്യം 4, പേജ് 344).

ത്വാലിബെ ദുആ:
അഹ്മദിയ്യാ ജമാഅത്തംഗങ്ങൾ മുറിയക്കണ്ണി (കേരള)

ക്കുന്നവനും പരിപാലിക്കുന്നവനും അല്ലാഹു ആകുന്നു.[2] അവൻ സദാസമയവും അവരെ പരിരക്ഷിക്കുകയും അവരുടെ സ്ഥിതികൾക്കനുയോജ്യമായ നിലയിൽ അവർക്ക് ഈ സംവിധാനങ്ങൾ ചെയ്തുകൊടുക്കുകയും ചെയ്യുന്നു. എല്ലാ പ്രപഞ്ചങ്ങളിലും സദാസമയവും, ഓരോ നിമിഷവും അവന്റെ പരിപാലനത്വവും പരമകാരുണികത്വവും ദയാർദ്രത്വവും രക്ഷാശിക്ഷാ നല്കാനുള്ള അധികാരത്വവും നടന്നുവരുന്നു. ഫാത്തിഹ അധ്യായത്തിലുള്ള മാലിക്കിയൗമിദ്ദീൻ എന്നതുകൊണ്ട് പുനരുത്ഥാനനാളിൽമാത്രം രക്ഷാശിക്ഷാ നടക്കുമെന്നല്ല. പ്രത്യുത, വിശുദ്ധ ഖുർആനിൽ വളരെ വ്യക്തമായും ആവർത്തിച്ചാവർത്തിച്ചും പ്രസ്താവിച്ചിരിക്കുന്നത് പുനരുത്ഥാന നാൾ(ഖിയാമത്ത്) വലിയ വലിയ രക്ഷാശിക്ഷയുടെ നേരമായിരിക്കുമെന്നാണ്. എന്നാൽ, ഒരുവിധത്തിലുള്ള ശിക്ഷ ഇതേ ലോകത്ത് ആരംഭിക്കുന്നുണ്ട്. ഇതിലേക്ക് യജ്അല്ലക്കും ഫുർഖാനാ (അവൻ നിങ്ങൾക്ക് ഒരു വിവേചക വൈശിഷ്ട്യം നല്കി – 8:30) എന്ന ഖുർആനികവചനം വിരൽചൂണ്ടുന്നു.

ഇവിടെ ഒരുകാര്യംകൂടി കേൾക്കുക, ഇഞ്ചീലിലെ പ്രാർഥനയിൽ ദൈനംദിനമുള്ള ആഹാരമാണ് ആവശ്യപ്പെട്ടിരിക്കുന്നത്. അതുപറയുന്നു: "ഞങ്ങളുടെ ദൈനംദിനമുള്ള ആഹാരം ഇന്ന് ഞങ്ങൾക്ക് തരേണമേ." എന്നാൽ, അത്ഭുതമെന്നു പറയട്ടെ, ഇതുവരെ ഭൂമിയിൽ ദൈവരാജ്യം ലഭിച്ചിട്ടില്ലാത്തവൻ എങ്ങനെയാണ് ആഹാരം നല്കുക? ഇന്നേവരെ എല്ലാ കൃഷികളും എല്ലാ കായ്കനികളും അവന്റെ കല്പന പ്രകാരമല്ല, സ്വയംഭൂ ആണല്ലോ? മഴ സ്വയം വർഷിക്കുന്നു. അപ്പോൾ ആർക്കെങ്കിലും ആഹാരം നല്കുവാൻ അവനെന്തധികാരമാണുള്ളത്? ദൈവരാജ്യം ഭൂമിയിൽ വരുമ്പോൾ അവനോട് ആഹാരം ചോദിക്കേണ്ടതാണ്. ഇപ്പോഴാണെങ്കിൽ അവന് ഒരു ഭൗതിക കാര്യത്തിലും പങ്കില്ല. ഈ സ്വത്തിൽ പൂർണമായ അധികാരം കൈവന്നാൽ മാത്രമല്ലേ അവന് ആർക്കെങ്കിലും ആഹാരം നല്കുവാൻ സാധിക്കുകയുള്ളൂ. ഈ സമയത്ത് അവനോട് ആവശ്യപ്പെടുന്നതുതന്നെ അഭംഗിയും അനുചിതവുമാണ്.

ഇതിനുശേഷം ആവശ്യപ്പെടുന്നത് 'ഞങ്ങളുടെ കടക്കാരോട് ഞങ്ങൾ ക്ഷമിച്ചിരിക്കുന്നതുപോലെ ഞങ്ങളുടെ കടങ്ങളെ ഞങ്ങളോടും ക്ഷമിക്കേണമേ' എന്നാണ്. ഈ പരിതസ്ഥിതിയിൽ ഇതും ശരിയല്ല. കാരണം ഭൂമിയുടെ ഭരണം ഇപ്പോൾ അവന് ലഭിച്ചിട്ടില്ല. ഇപ്പോൾ ക്രിസ്ത്യാനികൾ അവന്റെ കൈയിൽനിന്ന് ഒന്നും വാങ്ങി ഭക്ഷിക്കാത്തതുകൊണ്ട് പിന്നെ ഏത് കടമാണുണ്ടായിട്ടുള്ളത്? അങ്ങനെ കൈയിലൊന്നുമില്ലാത്ത ദൈവത്തെക്കൊണ്ട് കടം മാപ്പാക്കിക്കേണ്ട ഒരാവശ്യവുമില്ല. അവനെ ഭയപ്പെടേണ്ടുന്ന ആവശ്യവും വരുന്നില്ല. കാരണം ഭൂമിയിൽ അവന്റെ രാജ്യം ഇപ്പോൾ വന്നിട്ടില്ല. അവന്റെ ഭരണകൂടത്തിന്റെ ചമ്മട്ടികൊണ്ടുള്ള ശിക്ഷ ഒരു ഭയവുമുണ്ടാക്കുകയില്ല. ഏതെങ്കിലും കുറ്റവാളിയെ ശിക്ഷിക്കുവാൻ അവനെന്ത് കാര്യമാണുള്ളത്? അല്ലെങ്കിൽ മൂസാനബിയുടെ കാലത്തെ അനുസരണമില്ലാത്ത ധിക്കാരികളായ ജനങ്ങളെപ്പോലെ പ്ലേഗയച്ചു നശിപ്പിക്കുവാനോ ലൂത്തിന്റെ സമുദായത്തെപ്പോലെ അവരുടെമേൽ കൽമഴ പെയ്യിക്കുവാനോ അല്ലെങ്കിൽ ഭൂകമ്പമോ ഇടിമിന്നലോ അല്ലെങ്കിൽ അതുപോലുള്ള ഏതെങ്കിലും ശിക്ഷയോ ഇറക്കി അനുസരണമില്ലാത്ത ജനങ്ങളെ നശിപ്പിക്കുവാനോ അവനെന്ത് ശക്തിയാണുള്ളത്? കാരണം ഇപ്പോൾ ദൈവത്തിന്റെ ഭരണം ഭൂമിയിൽ ഇല്ലല്ലോ.

ക്രിസ്ത്യാനികളുടെ ദൈവപുത്രൻ ദുർബ്ബലനായതുപോലെ പിതാവായ ദൈവവും ദുർബ്ബലനാണ്. അവന്റെ പുത്രന് പങ്കൊന്നുമില്ലാതിരുന്നതുപോലെ അവനും പങ്കൊന്നുമില്ല. ആ സ്ഥിതിയിൽ അവനോട് 'ഞങ്ങളുടെ കടങ്ങളെ ഞങ്ങളോടും ക്ഷമിക്കേണമേ' എന്ന് പ്രാർഥിക്കുന്നത് നിരർഥമാണ്. ക്ഷമിക്കാൻ അവനെപ്പോഴാണ് കടം തന്നിട്ടുള്ളത്? കാരണം ഭൂമിയിൽ ദൈവരാജ്യം ഇതുവരെ വന്നിട്ടില്ലാത്ത സ്ഥിതിയിൽ ഭൂമിയിലുള്ള ഉൽപാദനം അവന്റെ കല്പനയനുസരിച്ചാകുന്നില്ല. ഭൗമിക വസ്തുക്കൾ അവന്റേതല്ല; സ്വയം ഭൂവാണ്. കാരണം ഭൂമിയിൽ അവന്റെ കല്പന നടപ്പിലില്ല. ഭൂമിയിൽ അവന് ഭരണമോ രാജ്യത്വമോ ഇല്ലാതിരിക്കെ, ഒരു ഭൗതികസുഖവും അവന്റെ രാജകീയ കല്പനയ്ക്കനുസൃതമല്ലാതിരിക്കെ അവനു ശിക്ഷിക്കുവാനുള്ള അവകാശമോ അധികാരമോ ഇല്ല. അതുകൊണ്ട് അത്തരം ശക്തിയറ്റവനെ തങ്ങളുടെ ദൈവമാക്കുകയും ഭൂമിയിലുള്ള ഏതെങ്കിലും കാര്യത്തിനായി അവനോട് പ്രതീക്ഷ വെക്കുകയും ചെയ്യുന്നത് വിഡ്ഢിത്തമാകുന്നു. കാരണം ഭൂമിയിൽ ഇപ്പോൾ അവന്റെ രാജ്യത്വമില്ലല്ലോ. (കശ്തിയെ നൂഹ് റൂഹാനീ ഖസാഇൻ വാല്യം 19 പേജ് 37–43)

---

1.നോക്കുക! ഈ റബ്ബുൽആലമീൻ എന്ന പദം എല്ലാകാര്യങ്ങളുടേയും സമുച്ചയമായ വാക്യമാണ്. മറ്റു ഗ്രഹങ്ങളിലും മനുഷ്യരുണ്ടെന്ന് സ്ഥാപിതമായാൽത്തന്നെ ആ ജനവാസവും ഈ വാക്യത്തിന് കീഴിലായിരിക്കും.

2.ദൈവത്തിന്റെ യഥാർഥ അനുസാരി മനുഷ്യൻ തന്നെയാണെന്ന് വ ഹമലഹൽ ഇൻസാനു എന്ന വചനം സ്പഷ്ടമാക്കിത്തരുന്നു. അവൻ തന്റെ അനുസരണത്തെ അനുരക്തിവരെ എത്തിക്കുന്നു. ദൈവത്തിന്റെ രാജ്യം ഈ ഭൂമിയിലുണ്ടെന്ന് ആയിരക്കണക്കിനുള്ള ആപത്തുകൾ തലയിൽ വീഴ്ത്തിക്കൊണ്ട് അവൻ സ്ഥാപിച്ചു കാണിക്കുന്നു. ചുരുക്കത്തിൽ ഹൃദയവേദനയോടെയുള്ള ഈ ആത്മാർഥമായ അനുസരണ ഭാവം മലക്കുകൾക്കെങ്ങനെ പ്രാവർത്തികമാക്കാൻ സാധിക്കും?

# 124–ാമത് ജൽസ സാലാന ഖാദിയാൻ

സയ്യിദുനാ ഹദ്റത്ത് അമീറുൽ മുഅ്മിനീൻ ഖലീഫത്തുൽ മസീഹ് അൽഖാമിസ് അയ്യദഹുല്ലാ ഹുത്തആല ബിനസ്രിഹിൽ അസീസ് 124–ാമത് ജൽസസാലാന (വാർഷികസമ്മേളനം) ഖാദിയാൻ 2018 ഡിസംബർ 28,29,30 (വെള്ളി, ശനി, ഞായർ) തിയതികളിൽ നടത്താൻ സമ്മതം നല്കിയിരിക്കുന്നു. ജമാഅത്തംഗങ്ങൾ ഇപ്പോൾ മുതൽതന്നെ ദുആയോടുകൂടി ഈ അനുഗൃഹീത ജൽസയിൽ പങ്കെടുക്കാൻ തയ്യാറെടുപ്പുകൾ തുടങ്ങുക. അല്ലാഹു നമുക്കെല്ലാവർക്കും ഈ ദൈവിക ജൽസയിൽനിന്ന് ഉപകാരമെടുക്കാൻ തൗഫീഖ് നല്കുമാറാകട്ടെ. ജൽസസാലാന എല്ലാവിധത്തിലും വിജയകരവും അനുഗൃഹീതവും ആകുന്നതിനും സൗഭാഗ്യരായ ആളുകൾക്ക് സന്മാർഗപ്രാപ്തിക്ക് കാരണമാകുന്നതിനുംവേണ്ടി ദുആചെയ്തുകൊണ്ടിരിക്കുക. ജസാക്കുമുല്ലാഹ്

*(നാളിർ ഇസ്‌ലാഹ് -ഒ-ഇർശാദ് മർക്കസിയ്യ ഖാദിയാൻ)*

( പേജ് 2ൽനിന്ന്)

ദുർഘട സന്ധികളിൽ ചിന്തിക്കുക.

2. തശക്കുർ: അല്ലാഹു പറയുന്നു. ഇൻ ശകർത്തും ലഅസീദന്നക്കും. നിങ്ങൾ നന്ദി കാണിക്കുന്നതായാൽ ഞാൻ നിങ്ങൾക്ക് തീർച്ചയായും വർദ്ധിപ്പിച്ചു തരും. (14:8) നന്ദിവികാരം തഫക്കുറിനെ സഹായിക്കുന്നു. ദൈവസാമീപ്യത്തിന്റെ വഴികൾ മനുഷ്യനിൽ തുറക്കാൻ തുടങ്ങുന്നു.

3.തദക്കുർ: തദക്കുറും തഫക്കുറും തമ്മിൽ വ്യത്യാസമുണ്ട്. ഏതെങ്കിലും മാനസികമായ കാര്യത്തിൽ ചിന്തിക്കുന്നതിനാണ് തഫക്കുർ എന്നു പറയുന്നത്. തദക്കുർ ഏതെങ്കിലും ചെയ്തുപോയ കാര്യം ഓർമിച്ച് ഫലമെടുക്കുന്നതിനാണ് പറയുന്നത്. ഇതിന് ഇബ്റത്ത് എന്നും പറയുന്നു. ഇതും ഹൃദയശുദ്ധീകരണത്തിന്റെ ഒരു ഭാരിച്ച മാർഗമാണ്.

4. ശുഊർ: മനുഷ്യന്റെ പ്രകൃതിയിലുള്ള വികാരങ്ങളിൽ ചിന്തിച്ച് അത് വെളിയിൽ കൊണ്ടുവരുന്നതിനാണ് ശുഊർ എന്നു പറയുന്നത്. പ്രകൃതിയിൽ ധാരാളം ബോധങ്ങളും വികാരങ്ങളുമുണ്ട്. നമ്മൾ അവയെ ഉത്സാഹിപ്പിച്ചാൽ അവ വലിയ അഭിവൃദ്ധിക്ക് നിമിത്തമാകാവുന്നതാണ്.

5. ഇൽമ്: ഇത് ലോകചരിത്രത്തിന്റെ പേരാണ്. തദക്കുർ ആത്മകഥയ്ക്കാണ് പറയുന്നത്. ലോകചരിത്രം എന്നു പറഞ്ഞാലും ആത്മകഥയെന്നു പറഞ്ഞാലും, ഇന്ന മനുഷ്യൻ ഇന്നയിന്ന കർമങ്ങൾ ചെയ്തു അതുകൊണ്ട് തിന്മകളുണ്ടായി എന്ന അറിവുണ്ടായാൽ ധാരാളം ഫലങ്ങളെടുക്കാൻ കഴിയുന്നതാണ്.

6. ഫിഖ: ഫിഖ്ഹിന്റെ വികാരവും മനുഷ്യനെ നന്മയിലേക്ക് കൊണ്ടുപോകുന്നു. വിശുദ്ധ ഖുർആനിൽ വന്നിരിക്കുന്നു. വലാക്കിൻ ല്ലാ തഫ്ഖഹൂന പക്ഷേ, അവയുടെ പ്രകീർത്തനങ്ങൾ നിങ്ങൾ ഗ്രഹിക്കുന്നില്ല (17:45).

ബാഹ്യത്തിലധിഷ്ഠിതവും അതിനോടൊപ്പം നമ്മൾ അതിന്റെ ആന്തരികമായ പ്രഭാവങ്ങളെ പറ്റി ചിന്തിക്കുകയും ചെയ്യുന്ന എല്ലാ ജ്ഞാനപരമായ കാര്യത്തിനും ഫിഖ്ഹ് എന്നു പറയുന്നു. ഫിക്ർ, തത്ത്വജ്ഞാനപരമായ കാര്യത്തിനാണ് വരുന്നത്. ഫിഖ്ഹ് ജ്ഞാനപരമായ കാര്യത്തിനും.

7. അഖൽ: ഇതിനേയും ശരിയായ നിലയിൽ പ്രയോജനപ്പെടുത്തുകയാണെങ്കിൽ മനുഷ്യന്റെ ഉള്ളിൽ അവനെ തിന്മയും നന്മയും തമ്മിൽ വ്യത്യാസപ്പെടുത്തുന്ന വികാരം ഉണ്ടാക്കുന്നതാണ്. തിന്മകളെ തടയുന്നതാണ്. കാറിന്റെ ബ്രേക്കുപോലെ അഖലും മാനുഷികമായ ബുദ്ധിയുടെ ബ്രേക്കാണ്.

8. അബ്സ്വാർ: വിശുദ്ധഖുർആനിൽ വന്നിരിക്കുന്നു. അഫലാ തുബ്സ്വിറൂൻ (28:73). അപ്പോൾ നിങ്ങൾ കാണുന്നില്ലേ? ഇതിന്റെ അർഥം ആത്മീയ കണ്ണുകൊണ്ട് കാണുക എന്നാണ്. ഇതിൽനിന്നും മനുഷ്യന്റെ പരിഷ്കരണത്തിനുള്ള വലിയ വലിയ കാര്യങ്ങളുണ്ടാകുന്നതാണ്.

9–10. റുഅ്യത്തും നള്റും: ഇവ രണ്ടും സാമീപ്യമുള്ള പദങ്ങളാണ്. പക്ഷേ, അതിൽ വ്യത്യാസവുമുണ്ട്. ബാഹ്യമായ അർഥങ്ങളെ സംബന്ധിച്ചിടത്തോളം ഇത് പരസ്പരം സംയുക്തമാണ്. കാണുന്നുവെന്ന അർഥങ്ങളിൽ ഉപയോഗിക്കുന്നു. പക്ഷേ, അവയിലുള്ള വ്യത്യാസം മാനസികമായ ബോധം ചേർന്നുള്ള നോട്ടത്തിനാണ് റുഅ്യത്ത് എന്നു പറയുന്നത്. ചിന്താശക്തി ചേർന്നുള്ള നോട്ടത്തിനാണ് നള്ർ എന്നു പറയുന്നത്.

ചുരുക്കിപ്പറഞ്ഞാൽ തഫക്കുർ, തശക്കുർ, തദക്കുർ, ശുഊർ, അഖൽ വ ദാനിശ്, റുഅ്യത്തും നള്റുമെല്ലാം ഇസ്‌ലാമിക ആരാധനകളുടെ ഭാഗങ്ങളാണ്. ഇവയെ വിശുദ്ധ ഖുർആൻ വെവ്വേറെ അവസരങ്ങളിൽ വിവരിച്ചിരിക്കുന്നു. ഇവയെ ആരാധനയുടെ ഭാഗമായി വിവരിച്ചിട്ടുള്ള മറ്റൊരു മതവും ലോകത്തില്ല. (തുടരും)

AL ISLAM
Al Islam - Official website of Ahmadiyya Muslim Community

# നബിയെ നിഷേധിച്ചാൽ മോക്ഷമോ?

## ഹദ്റത്ത് മിർസാ ഗുലാം അഹ്മദ്(അ)

**നബി(സ) തിരുമേനിയെ വിശ്വസിക്കുന്ന കാരണത്താൽ അല്ലാഹു എത്രമാത്രം സന്തോഷിക്കുന്നുവെന്ന് നോക്കുക. അവരുടെ പാപം പൊറുത്തുകൊടുക്കുന്നു. അവരുടെ ആത്മശുദ്ധീകരണത്തിന്റെ ഉത്തരവാദിത്വം അവൻ സ്വയം ഏറ്റെടുക്കുന്നു. അപ്പോൾ തനിക്ക് നബി(സ)തിരുമേനിയിൽ വിശ്വസിക്കേണ്ട ആവശ്യമില്ലെന്ന് പറയുകയും അഹങ്കാരവും പൊങ്ങച്ചവുംകൊണ്ട് താനെന്തൊക്കെയോ ആണെന്ന് സ്വയം കരുതുകയും ചെയ്യുന്നവൻ എത്ര വലിയ ദുഷ്ടനാണ്.**

**(വിവ:മുഹമ്മദു ഇസ്മായീൽ ആലപ്പുഴ)**

(തുടർച്ച) ഇതിനുശേഷമാണ് മറ്റൊരു 'ചിരാഗ്ദീൻ' ജന്മമെടുത്തത്; ഡോക്ടർ അബ്ദുൽ ഹക്കീംഖാൻ! ഇയാളും എന്നെ ദജ്ജാലെന്നാണ് കണക്കാക്കുന്നത്. ചിരാഗ്ദീനെപ്പോലെ മുർസലിംകളിൽപ്പെട്ടയാളാണ് താനെന്ന് അയാൾ ഗണിക്കുന്നു. എന്നാൽ, ചിരാഗ്ദീന് കൊടുത്തതുപോലെ എന്നെ വധിക്കാൻ ഇയാൾക്കും ഹദ്റത്ത് ഈസാ(അ)വടി കൊടുത്തിട്ടുണ്ടോ എന്നറിവായിട്ടില്ല.[1] അഹങ്കാരത്തിലും പൊങ്ങച്ചത്തിലും ആദ്യത്തെ ചിരാഗ്ദീനെ കവച്ചുവെക്കുന്ന ആളാണിയാൾ.

ചീത്ത പറയുന്നതിലും ഒട്ടും പിന്നിലല്ല; വഞ്ചനയിൽ അയാളെക്കാൾ മികച്ച ചുവടാണ്. അഹങ്കാരപ്രകൃതിയുള്ള ഈ ഒരു പിടിമണ്ണ് പുറത്തു പോയപ്പോഴും നമ്മുടെ എതിർ മൗലവിമാർക്ക് വളരെ സന്തോഷമുണ്ടായി; ഒരു ഖജനാവ് കിട്ടിയതുപോലെ! എന്നാൽ, ഇവർ ഇത്രമാത്രം സന്തോഷിക്കാൻ പാടില്ലാത്തതാണ്. ചിരാഗ്ദീനെ ആദ്യം ഓർത്തു നോക്കുക. അവർ ആഗ്രഹിക്കുന്ന സന്തോഷം നൽകാതെ എപ്പോഴും അവരെ പരാജയപ്പെടുത്തിയിട്ടുള്ള ആ അല്ലാഹു ഇപ്പോഴുമുണ്ട്. ഏതുപോലെ ചിരാഗ്ദീന്റെ അന്ത്യത്തെ സംബന്ധിച്ച് മുൻകൂട്ടി എന്നെ അറിയിച്ചിരുന്നുവോ അതുപോലെ കാര്യങ്ങളെല്ലാം നല്ലവണ്ണം അറിയുന്നതായ ആ അല്ലാഹു ഈ രണ്ടാമത്തെ ചിരാഗ്ദീൻ അതായത് അബ്ദുൽ ഹക്കീംഖാന്റെ അന്ത്യത്തെ സംബന്ധിച്ചും കാലേക്കൂട്ടി എന്നെ അറിയിച്ചിട്ടുണ്ട്. അപ്പോൾ ഇവർക്ക് സന്തോഷിക്കാനുള്ള അവസരം എവിടെ? അല്പം ക്ഷമ കൈക്കൊള്ളുക. പര്യവസാനം നോക്കുക. അജ്ഞനായ ഒരാൾ പുറത്തുപോയതുകൊണ്ടു ഇത്രമാത്രം സന്തോഷിക്കാനെന്തിരിക്കുന്നു. നമ്മുടെമേൽ അല്ലാഹുവിന്റെ അനുഗ്രഹമുണ്ട്. നിർഭാഗ്യംകൊണ്ട് ആരെങ്കിലും പുറത്തുപോയാൽ ആ സ്ഥാനത്തേക്ക് ആയിരങ്ങൾ പ്രവഹിക്കുന്നു.

ആരെങ്കിലും മുർത്തദ്ദായിപ്പോയാൽ അയാൾ ഏതൊരു പ്രസ്ഥാനത്തിൽനിന്നാണോ മുർത്തദ്ദായിപ്പോയത് ആ പ്രസ്ഥാനം സത്യമല്ലാതാകുന്നതെങ്ങനെ? ഹദ്റത്ത് മൂസാ(അ)യുടെ കാലത്ത് പല ദുഷ്ടന്മാരും മുർത്തദ്ദായിപ്പോയത് നമ്മുടെ എതിർ പണ്ഡിതന്മാർക്ക് അറിയില്ലേ? പിന്നീട് ഈസാ(അ)യുടെ സംഘത്തിൽനിന്നും പലരും മുർത്തദ്ദായി. പല ദുഷ്ടന്മാരും നിർഭാഗ്യവാന്മാരും നമ്മുടെ നബി(സ)തിരുമേനിയുടെ കാലത്ത് ദീൻ വെടിഞ്ഞുപോയിട്ടുണ്ട്. മുസയ്ലിമത്തുൽ കദ്ദാബും മുർത്തദ്ദായിപ്പോയവരിൽപ്പെട്ട ആളായിരുന്നു. അതുകൊണ്ട് അബ്ദുൽ ഹക്കീം ഖാൻ മുർത്തദ്ദായിപ്പോയതിൽ സന്തോഷിക്കുന്നതും അത് ഈ സത്യജമാഅത്ത് സത്യമല്ലെന്നതിന് തെളിവായിക്കരുതുന്നതും വിഡ്ഢിത്തമാണ്. അതെ, ഈ ആളുകൾ കുറച്ചു ദിവസത്തേയ്ക്ക് വ്യാജോക്തിപരമായ സന്തോഷത്തിന് കാരണക്കാരാകുകതന്നെ ചെയ്യുന്നു. എന്നാൽ, ആ സന്തോഷം പെട്ടെന്നാണ് മാഞ്ഞുപോകുന്നത്. ഒരാൾ എന്റെ മസീഹ് മൗഊദ് വാദത്തെ നിഷേധിച്ചപ്പോൾ ആ നിഷേധി പ്ലേഗ് പിടിപ്പെട്ടു മരിക്കുമെന്ന് സ്വപ്നത്തിലൂടെ കാണിച്ചുകൊടുക്കുകയും അങ്ങനെ അയാൾ പ്ലേഗിന്നിരയായി മരിക്കുകയും ചെയ്തുവെന്നു തന്റെ ഗ്രന്ഥത്തിൽ എന്റെ പേരെടുത്ത് എഴുതിയ അതേ അബ്ദുൽ ഹക്കീം ഖാൻ തന്നെയാണിത്. എന്നിട്ടിപ്പോൾ അശേഷം ലജ്ജയില്ലാതെ സ്വയം മുർത്തദ്ദായി ചീത്ത പറയുകയും കഠിനമായി നിന്ദിക്കുകയും അപവാദങ്ങൾ പറഞ്ഞുപരത്തുകയും ചെയ്യുന്നു. എന്ത്! പ്ലേഗിന്റെ കാലം ഇവിടന്ന് പോയോ? മോക്ഷത്തിന്റെ ആശ്രയം തൗഹീദാണെന്ന കാര്യം നാം വിവരിച്ചു കഴിഞ്ഞു. അത് സാത്താനികമായ തൗഹീദിൽനിന്നു വേർപെട്ടൊരു കാര്യമാണ്. അത് കാലത്തിന്റെ നബി, അതായത് നബി(സ)തിരുമേനിയിൽ വിശ്വസിക്കുകയും അദ്ദേഹത്തെ അനുധാവനം ചെയ്യുകയും ചെയ്യാതെ കൈവരിക സാധ്യമല്ല. റസൂലിനെ അനുഗമിക്കാതെയുള്ള ശുഷ്കിച്ച തൗഹീദ് ഒരു പ്രയോജനവും ചെയ്യുകയില്ല.

മറിച്ച് അത് ശവം പോലെയാണ്. അതിൽ ആത്മാവില്ല. ഇനിയുള്ളത് വിശുദ്ധഖുർആൻ നമ്മുടെ വിശദീകരണമനുസരിച്ച് മനുഷ്യന്റെ മോക്ഷം റസൂലിനെ അനുഗമിക്കുന്നതോട് ബന്ധിപ്പിച്ചിട്ടുണ്ടോ, ഇല്ലേ എന്ന വിവരണമാണ്. ഈ യാഥാർഥ്യം മനസ്സിലാക്കിത്തരുന്നതിനുവേണ്ടി ഖുർആനിക വചനങ്ങൾ നാം സമർപിക്കുകയാണ്.

(1)'നീ പറയുക: അല്ലാഹുവിനെ അനുസരിക്കുക; റസൂലിനേയും."(24:55) അല്ലാഹുവിന്റെ കല്പനയെ ധിക്കരിക്കുകയെന്നത് പാപവും നരകത്തിൽ കടക്കേണ്ടതിന് കാരണവുമാണെന്നത് ഖണ്ഡിതവും അവിതർക്കിതവുമായ കാര്യമാണ്. ഇവിടെ ഏതു രീതിയിൽ അല്ലാഹുതന്നെ അനുസരിക്കണമെന്ന് ആജ്ഞാപിക്കുന്നുവോ അതേ രീതിയിൽത്തന്നെ റസൂലിനെ അനുസരിക്കണമെന്നും ആജ്ഞാപിക്കുന്നു. ആരെങ്കിലും അവന്റെ കല്പനയിൽനിന്ന് മുഖം തിരിച്ചാൽ അയാൾ, ഏതൊരു കുറ്റകൃത്യത്തിന്റെ ശിക്ഷ നരകമാണോ അതേ കുറ്റമാണ് ചെയ്യുന്നത്.

(2)."വിശ്വസിച്ചവരേ, അല്ലാഹുവിന്റെയും അവന്റെ റസൂലിന്റെയും കല്പനയെ മുൻകടന്ന് നിങ്ങൾ ഒരു കാര്യവും ചെയ്യരുത്. അതായത് അല്ലാഹുവിന്റെയും അവന്റെ റസൂലിന്റേയും കല്പനകളിൽ കൃത്യമായി സഞ്ചരിക്കുക. ധിക്കാരം പ്രവർത്തിക്കുന്നതിൽ അല്ലാഹുവിനെ ഭയപ്പെടുക. അല്ലാഹു കേൾക്കുകയും ചെയ്യുന്നു. അറിയുകയും ചെയ്യുന്നു." (49:2). ഏതൊരുവൻ തന്റെ ശുഷ്കിച്ച തൗഹീദിൽ വിശ്വസിച്ച് (അത് വാസ്തവത്തിൽ ആ ശരിയായ തൗഹീദ് അല്ല) റസൂലിൽനിന്ന് തന്നെ സ്വതന്ത്രനായി മനസ്സിലാക്കുകയും റസൂലിൽനിന്ന് ബന്ധം വിച്ഛേദിക്കുകയും, അദ്ദേഹത്തിൽനിന്ന് പൂർണമായും തന്നെ മാറ്റി നിറുത്തുകയും അപമര്യാദയായി ചുവടു മുന്നോട്ടു വെക്കുകയും ചെയ്യുന്നുവോ അവൻ അല്ലാഹുവിനെ ധിക്കരിക്കുന്നവനും മോക്ഷം ലഭിക്കാത്തവനുമാണ്.

(3)."ആരെങ്കിലും അല്ലാഹുവിന്റേയും അവന്റെ മലക്കുകളുടേയും അവന്റെ റസൂൽമാരുടേയും ജിബ്രീലിന്റേയും മീക്കാഈലിന്റേയും ശത്രുവാകുന്നതായാൽ അല്ലാഹു അത്തരം നിഷേധികളുടെ ശത്രുവാകുന്നു." (2:99). ശുഷ്കിച്ച് തൗഹീദിനെ അംഗീകരിക്കുകയും എന്നാൽ, നബി(സ) തിരുമേനിയെ നിഷേധിക്കുകയും ചെയ്യുന്നവൻ യാഥാർഥത്തിൽ നബി(സ)തിരുമേനിയുടെ ശത്രുവാകുന്നു. ഇതുകൊണ്ട് ഈ ആയത്തനുസരിച്ച് അല്ലാഹുവും അവന്റെ ശത്രുവാണ്. അവൻ ദൈവത്തിന്റെ പക്കൽ ധിക്കാരിയാണെങ്കിൽ മോക്ഷം പ്രാപിക്കുവാൻ അവനെങ്ങനെ സാധിക്കും.

(4). "സത്യവിശ്വാസികളേ, നിങ്ങൾ അല്ലാഹുവിൽ വിശ്വസിക്കുക; അവന്റെ റസൂലിലും, റസൂലിന് അവൻ ഇറക്കിക്കൊടുത്ത കിതാബിലും. അതായത് വിശുദ്ധഖുർആനിലും അതിനു മുമ്പേ ഇറക്കിയ കിതാബുകളിലും അതായത് തൗറാത്ത് തുടങ്ങിയവയിൽ വിശ്വസിക്കുക. ആരെങ്കിലും അല്ലാഹുവിലും അവന്റെ മലക്കുകളിലും ഗ്രന്ഥങ്ങളിലും ദൂതന്മാരിലും അന്ത്യദിനത്തിലും വിശ്വസിക്കാതിരുന്നാൽ തീർച്ചയായും അവൻ സത്യത്തിൽനിന്ന് ബഹുദൂരം പിഴച്ചു പോയിരിക്കുന്നു. അതായത് മോക്ഷപ്രാപ്തിയിൽനിന്ന് പിന്തള്ളപ്പെട്ടു." (4:137).

(5). 'അല്ലാഹുവും അവന്റെ റസൂലും ഒരു കാര്യം തീരുമാനിച്ചു കഴിഞ്ഞാൽ സത്യവിശ്വാസിയായ പുരുഷനോ സ്ത്രീയോ തങ്ങളുടെ കാര്യത്തിൽ ഇഷ്ടാനുസരണം പ്രവർത്തിക്കാൻ പാടുള്ളതല്ല. ആരെങ്കിലും അല്ലാഹുവിനേയും അവന്റെ റസൂലിനേയും ധിക്കരിക്കുകയാണെങ്കിൽ അവൻ വ്യക്തമായ ദുർമാർഗത്തിലകപ്പെട്ടു കഴിഞ്ഞിരിക്കുന്നു."(33:37) അതായത് മോക്ഷം സത്യത്തിന്റെ വക്താക്കൾക്കുള്ളതാണ്.

(6). "ആരെങ്കിലും അല്ലാഹുവിനേയും അവന്റെ റസൂലിനേയും ധിക്കരിക്കുകയും അവന്റെ പരിധികൾ അതിർലംഘിക്കുകയും ചെയ്യുകയാണെങ്കിൽ അല്ലാഹു അവനെ നരകത്തിൽ പ്രവേശിപ്പിക്കും. അവൻ അതിൽ സദാസമയവും വസിക്കും. അവനിൽ നിന്ദ്യമായ ശിക്ഷയിറങ്ങുകയും ചെയ്യും." (4:15). നോക്കുക! റസൂലുമായി ബന്ധം വിച്ഛേദിക്കുന്നതുകൊണ്ട് ഇതിനെക്കാൾ വലിയ ശിക്ഷ എന്താണ് വേണ്ടത്. പ്രതാപവാനായ അല്ലാഹു പറയുന്നു: ആരെങ്കിലും റസൂലിനെ ധിക്കരിക്കുകയാണെങ്കിൽ അവന് സദാസമയവുമുള്ള നരകമാണ് വാഗ്ദാനം എന്ന്.

എന്നാൽ, മിയാൻ അബ്ദുൽ ഹക്കീം ഖാൻ പറയുന്നു: 'ആരെങ്കിലും ആദരണീയനായ നബി(സ) തിരുമേനിയെ നിഷേധിക്കുകയും ധിക്കരിക്കുകയും

### ഹദീസുന്നബ്വി(സ)

**നബി(സ)തിരുമേനി പറഞ്ഞു: "ആരുടെയെങ്കിലും ദൗർബല്യം കാണുകയും അത് മറച്ചുവെക്കുകയും ചെയ്യുന്നത് ഏതെങ്കിലും പെൺകുട്ടിയെ ജീവനോടെ കുഴിച്ചുമൂടുന്നതിൽനിന്ന് പുറത്തെടുക്കുകയും അവൾക്ക് ജീവിതം നൽകുകയും ചെയ്തതുപോലെയാണ്. (സുനൻ അബീദാവൂദ്)**

**ത്വാലിബെ ദുആ:**
**പരേതയായ ടി.കെ. റാബിയ സാഹിബയുടെ കുടുംബം**
**അഹ്മദിയ്യാ ജമാഅത്ത് കരുളായി(കേരള)**

### ഹദീസുന്നബ്വി(സ)

**നബി(സ) പറഞ്ഞു: "നിങ്ങളുടെയടുക്കൽ ഏതെങ്കിലും ജനതയുടെ ആദരണീയവ്യക്തി വന്നാൽ അദ്ദേഹത്തെ ആദരിക്കുക." (സുനൻ ഇബ്നു മാജ)**

**ത്വാലിബെ ദുആ:**
**അംഗങ്ങൾ, അഹ്മദിയ്യാ ജമാഅത്ത് ഐരാപുരം (കേരള)**

EDITOR
H.Shamsuddin

Sub Editor : Mohammad Ismaeel
Mobile : 91 9446656123
e-mail : badarkerla@gmail.com

REGISTERED WITH THE REGISTRAR OF THE NEWSPAPER FOR INDIA AT NO PUNMAL/2016/70551

ബദ്ർ വീക്കിലി ഖാദിയാൻ The Weekly **BADAR** Qadian

Distt. Gurdaspur (Pb.) INDIA Qadian - 143516

POSTAL REG NO GDP- 44/2017-2019 Vol-3 Thursday 06 September 2018 Issue-36

MANAGER
NAWAB AHMAD
Tel : 91 1872224757
Mobile: 91 9417020616
e-mail : managerbadrqnd@gmail.com
website : www.alislam.org/badr

**ANNUAL SUBSCRIPTION** : Rs. 500/- (Per Issue : Rs. 9/-) (**WEIGHT** - 20-50 gms/issue)

ചെയ്താലും, തൗഹീദിൽ അടിയുറച്ചു നിന്നാൽ നിസ്സംശയം അയാൾ സ്വർഗത്തിൽ പോകും.'

ആദരണീയനായ നബി(സ) തിരുമേനിയെ എതിർക്കുകയും ധിക്കരിക്കുകയും ചെയ്തിട്ട് സ്വർഗം വരെ എത്തിക്കുന്ന എത്തരം തൗഹീദാണ് അദ്ദേഹത്തിന്റെ ഉള്ളിലുള്ളതെന്ന് എനിക്കറിയില്ല. കളവു പറയുന്നവരുടെമേൽ അല്ലാഹുവിന്റെ ശാപമുണ്ടാകട്ടെ.

(7). "അല്ലാഹുവിന്റെ അനുമതിയോടെ അനുസരിക്കപ്പെടുന്നതിനുവേണ്ടിയാണ് ഓരോ നബിയേയും നാം അയച്ചിട്ടുള്ളത്." (4:65) നബി 'വാജിബുൽ ഇത്താഅത്ത്' ആണെന്ന് ഈ ആയത്തിൽനിന്ന് പ്രകടമാണ്. ആരെങ്കിലും നബിയുടെ അനുസരണവൃത്തത്തിൽനിന്ന് പുറത്തുപോയാൽ അവനെങ്ങനെ മോക്ഷം പ്രാപിക്കാൻ കഴിയും?

(8). "പറയുക, നിങ്ങൾ അല്ലാഹുവിനെ സ്നേഹിക്കുന്നുവെങ്കിൽ വരിക, എന്നെ പിൻപറ്റുക. എങ്കിൽ നിങ്ങളെ അല്ലാഹു സ്നേഹിക്കുകയും നിങ്ങളുടെ പാപങ്ങൾ പൊറുത്തുതരികയും ചെയ്യും. അല്ലാഹു ഏറ്റവും പൊറുക്കുന്നവനും കരുണാമയനുമാണ്. പറയുക നിങ്ങൾ അല്ലാഹുവിനേയും അവന്റെ റസൂലിനേയും അനുസരിക്കുക. നിങ്ങൾ അനുസരണത്തിൽനിന്ന് മുഖം തിരിയ്ക്കുകയാണെങ്കിൽ അല്ലാഹു ധിക്കാരികളെ ഇഷ്ടപ്പെടുകയില്ല." (3:32–33).

ഈ ആയത്തിൽനിന്ന് വളരെ വ്യക്തമായ നിലയിൽ പാപപ്പൊറുതിയും ദൈവസ്നേഹവും നബി(സ) തിരുമേനിയിൽ വിശ്വസിക്കുന്നതുമായി ബന്ധപ്പെട്ടിരിക്കുന്നുവെന്ന് പ്രകടമാണ്. വിശ്വസിക്കാത്തവർ നിഷേധികൾ തന്നെയാകുന്നു.

(9). "അല്ലാഹുവിനേയും റസൂലിനേയും നിഷേധിക്കുകയും അല്ലാഹുവിന്റേയും അവന്റെ റസൂൽമാരുടേയുമിടയിൽ വിവേചനമുണ്ടാക്കാൻ ഉദ്ദേശിക്കുകയും, ഞങ്ങൾ ചിലരിൽ വിശ്വസിക്കുന്നു, ചിലരിൽ അവിശ്വസിക്കുകയും ചെയ്യുന്നു എന്നു പറയുകയും, –അതായത് ദൈവത്തെ മാത്രം വിശ്വസിക്കുക അല്ലെങ്കിൽ ചില റസൂൽമാരിൽ മാത്രം വിശ്വസിക്കുക. അല്ലാതെ അല്ലാഹുവിനോടൊപ്പം റസൂലിനെ വിശ്വസിക്കുകയോ എല്ലാ നബിമാരിലും വിശ്വസിക്കുകയോ ചെയ്യേണ്ട ആവശ്യമില്ലെന്ന് കരുതുകയും അല്ലാഹുവിന്റെ സന്മാർഗത്തെ ഉപേക്ഷിച്ചുകൊണ്ട്– അതിന് മധ്യേ മറ്റൊരു മാർഗം സ്വീകരിക്കാൻ ആഗ്രഹിക്കുകയും ചെയ്യുന്നുവരാരോ അവർ തന്നെയാണ് യഥാർഥ അവിശ്വാസികൾ. അവിശ്വാസികൾക്ക് നാം അപമാനകരമായ ശിക്ഷ ഒരുക്കിവച്ചിട്ടുമുണ്ട്. എന്നാൽ, അല്ലാഹുവിലും അവന്റെ റസൂൽമാരിലും വിശ്വസിക്കുകയും അല്ലാഹുവിലും അവന്റെ റസൂൽമാരിലും വ്യത്യാസം കല്പിക്കാതിരിക്കുകയും ചെയ്യുന്നവരാരോ, –അതായത് ദൈവത്തിൽമാത്രം വിശ്വസിച്ചാൽ മതി അവന്റെ റസൂൽമാരിൽ വിശ്വസിക്കേണ്ട ആവശ്യമില്ല എന്ന നിലപാട് കൈക്കൊള്ളാത്തവരും അല്ലാഹുവിനെ വിശ്വസിക്കുകയും റസൂൽമാരെ നിഷേധിക്കുകയും ചെയ്യുക എന്ന നയം സ്വീകരിക്കാത്തവരും റസൂൽമാരിൽ ചിലരെ കൊള്ളുകയും ചിലരെ തള്ളുകയും ചെയ്യുന്ന രീതി ഇഷ്ടപ്പെടാത്തവരുമായിട്ടുള്ളവരാരോ– അവർക്ക് അല്ലാഹു പ്രതിഫലം നൽകുന്നതാണ്.' (4: 151–153).

എന്റെ വിശദീകരണംവച്ച് പരിശോധിക്കുമ്പോൾ, എന്നിൽനിന്ന് പിന്തിരിഞ്ഞ് മുർത്തദ്ദായിപ്പോയ മിയാൻ അബ്ദുൽ ഹക്കീം ഖാൻ ഇപ്പോൾ എവിടെയാണുള്ളത്? തന്റെ അസ്തിത്വത്തിൽ വിശ്വസിക്കുക എന്നതിനെ റസൂൽമാരിൽ വിശ്വസിക്കുക എന്നതുമായി എങ്ങനെയാണ് അല്ലാഹു ബന്ധിപ്പിച്ചിരിക്കുന്നതെന്ന് കണ്ണുതുറന്ന് നോക്കേണ്ട സന്ദർഭമാണിത്. ഇതിലുള്ള രഹസ്യം ഇതാണ്: അതായത് തീക്കല്ലിൽ അഗ്നി അന്തർഭവിച്ചിരിക്കുന്നതുപോലെയാണ് മനുഷ്യനിൽ തൗഹീദ് അഥവാ ഏകദൈവ വിശ്വാസം സ്വീകരിക്കാനുള്ള കഴിവ് വയ്ക്കപ്പെട്ടിരിക്കുന്നത്. റസൂലിന്റെ സാന്നിധ്യം തീക്കല്ലുപോലെയാണ്. അത് ആ കല്ലിൽ കാരുണ്യത്തിന്റെ പ്രഹരമേല്പിച്ച് ആ അഗ്നിയെ പുറത്തുകൊണ്ടുവരുന്നു. അപ്പോൾ റസൂലിനെ കൂടാതെ തീക്കല്ലിലെ തൗഹീദിന്റെ അഗ്നി ഏതെങ്കിലും ഹൃദയത്തിൽ ജന്മംകൊള്ളുകയെന്നത് ഒരിക്കലും സാധ്യമല്ല. തൗഹീദിനെ ഭൂമിയിൽകൊണ്ടുവരുന്നത് റസൂൽ മാത്രമാണ്. അദ്ദേഹം മുഖേന മാത്രമേ അത് കരഗതമാവുകയുള്ളൂ. അല്ലാഹു മറഞ്ഞിരിക്കുന്നവനാണ്. റസൂൽ മുഖേനയാണ് തന്റെ മുഖം അവൻ പ്രകടമാക്കുന്നത്.[2]

(10). "അല്ലയോ ജനങ്ങളേ! ഈ ദൈവദൂതൻ നിങ്ങളുടെ നാഥനിൽനിന്നുള്ള സത്യവുമായി നിങ്ങളുടെയടുക്കൽ വന്നിരിക്കുന്നു. അതുകൊണ്ട് നിങ്ങൾ ആ റസൂലിൽ വിശ്വസിക്കുക. നിങ്ങളുടെ ക്ഷേമം അതിലാകുന്നു. നിങ്ങൾ നിഷേധിക്കുകയാണെങ്കിൽ അല്ലാഹു നിങ്ങളെ എന്ത് വിലവെക്കാനാണ്. ഭൂമിയും ആകാശവും എല്ലാം അവന്റേതാകുന്നു. എല്ലാം അവനെ അനുസരിച്ചുകൊണ്ടുമിരിക്കുന്നു. അല്ലാഹു സർവജ്ഞനും യുക്തിജ്ഞനമാകുന്നു." (4: 17).

(11). "നിഷേധികളുടെ ഓരോ സംഘവും നരകത്തിൽ വീഴുമ്പോഴും അതിന് കാവൽനിൽക്കുന്ന മലക്കുകൾ നരകവാസികളോട് ചോദിക്കും; നിങ്ങളുടെയടുക്കൽ ദൈവികമുന്നറിയിപ്പുകാർ ആരും വന്നിരുന്നില്ലേ? അവർ പറയും: 'അതെ, തീർച്ചയായും ഞങ്ങൾ വന്നിരുന്നുവെന്നതു ശരിയാണ്. എന്നാൽ, ഞങ്ങൾ അദ്ദേഹത്തെ നിഷേധിച്ചു. ഞങ്ങൾ പറഞ്ഞു അല്ലാഹു ഒന്നുംതന്നെ ഇറക്കിയിട്ടില്ല.' (67:9.)

നോക്കുക, നരകവാസികൾ നരകത്തിൽ പതിക്കാനുള്ള കാരണം കാലത്തിന്റെ നബിമാരെ സ്വീകരിക്കാത്തതാണെന്ന് ഈ ആയത്തിൽനിന്ന് വ്യക്തമാണ്.

(12). "അല്ലാഹുവിലും അവന്റെ റസൂലിലും വിശ്വസിക്കുകയും പിന്നീട് തന്റെ വിശ്വാസത്തിൽ അടിയുറച്ചു നിൽക്കുകയും സംശയത്തിലും സന്ദേഹത്തിലും അകപ്പെടാതിരിക്കുകയും ചെയ്യുന്നവരാണ് സത്യവിശ്വാസികൾ." (49:16).

നോക്കൂ! അല്ലാഹുവിൽമാത്രം വിശ്വസിക്കാതെ അല്ലാഹുവിലും റസൂലിലും വിശ്വസിക്കുന്നവരാണ് അല്ലാഹുവിന്റെ പക്കൽ സത്യവിശ്വാസികളെന്ന് അല്ലാഹു ഈ ആയത്തിലൂടെ ക്ലിപ്തപ്പെടുത്തി. അപ്പോൾ റസൂലിനെ വിശ്വസിക്കാതെ മോക്ഷം കിട്ടുന്നതെങ്ങനെ? റസൂലിൽ വിശ്വസിക്കാതെ കേവലം തൗഹീദിലുള്ള വിശ്വാസം എന്തു പ്രയോജനം ചെയ്യാനാണ്.

(13). "അല്ലാഹുവിനേയും അവന്റെ റസൂലിനേയും നിഷേധിക്കുന്ന കാരണത്താൽ തന്നെയാണ് അവിശ്വാസികളിൽനിന്ന് സംഭാവനകൾ സ്വീകരിക്കാത്തത്." (9:54).

നോക്കൂ! റസൂലിൽ വിശ്വസിക്കാത്തവരുടെ കർമങ്ങൾ നഷ്ടമായിപ്പോകുമെന്ന് ഈ വചനത്തിൽ സുവ്യക്തമാണ്. അല്ലാഹു അത് സ്വീകരിക്കുകയില്ല. കർമങ്ങൾ നിഷ്ഫലമായാൽ പിന്നെ മോക്ഷം കിട്ടുന്നതെങ്ങനെ? [3]

(14). "വിശ്വസിക്കുകയും സൽക്കർമങ്ങളനുഷ്ഠിക്കുകയും ഹദ്റത്ത് മുഹമ്മദ് സ്വല്ലല്ലാഹു അലയ്ഹി വസല്ലമിൽ ഇറങ്ങിയ ഗ്രന്ഥത്തിൽ വിശ്വസിക്കുകയും– അതുതന്നെയാണ് സത്യം– ചെയ്യുന്നവരുടെ പാപങ്ങൾ അല്ലാഹു അവർക്ക് പൊറുത്തുകൊടുക്കുകയും അവരുടെ സ്ഥിതി നന്നാക്കി തീർക്കുകയും ചെയ്യുന്നതാണ്." (47:3).

നബി(സ) തിരുമേനിയെ വിശ്വസിക്കുന്ന കാരണത്താൽ അല്ലാഹു എത്രമാത്രം സന്തോഷിക്കുന്നുവെന്ന് നോക്കുക. അവരുടെ പാപം പൊറുത്തുകൊടുക്കുന്നു. അവരുടെ ആത്മശുദ്ധീകരണത്തിന്റെ ഉത്തരവാദിത്വം അവൻതന്നെ ഏറ്റെടുക്കുന്നു. അപ്പോൾ തനിക്ക് നബി(സ) തിരുമേനിയിൽ വിശ്വസിക്കേണ്ട ആവശ്യമില്ലെന്ന് പറയുകയും അഹങ്കാരവും പൊങ്ങച്ചവുംകൊണ്ട് താനെന്തൊക്കെയോ ആണെന്ന് സ്വയം കരുതുകയും ചെയ്യുന്നവൻ എത്ര വലിയ ദുഷ്ടനാണ്.(തുടരും)

(NB) 1. ഹദ്റത്ത് ഈസാ എന്നെ കൊല്ലുന്നതിനുവേണ്ടി ചിരാഗ്ദീന് വടികൊടുത്തിരുന്നു. ഈ ദ്വേഷവും ഈ കോപവും എന്തുകൊണ്ടാണ് അദ്ദേഹത്തിന്റെ മനസ്സിൽ തിളച്ചുപൊന്തിയതെന്ന് അറിയില്ല. അദ്ദേഹം മരിച്ചുപോയിരിക്കുന്നുവെന്ന് ലോകത്ത് ഞാൻ പ്രസിദ്ധീകരിച്ചതുകൊണ്ടാണ് വെറുപ്പുണ്ടായിട്ടുള്ളതെങ്കിൽ അത് അദ്ദേഹത്തിന്റെ തെറ്റാണ്. അത് ഞാനല്ല പ്രസിദ്ധീകരിച്ചത് മറിച്ച് അല്ലാഹുവാണ് പ്രസിദ്ധീകരിച്ചത്. അവന്റെ സൃഷ്ടികൾ നമ്മളെപ്പോലെ ഹദ്റത്ത് ഈസായുമാണ്. സംശയമുണ്ടെങ്കിൽ ഈ ആയത്ത് നോക്കുക. **മാ മുഹമ്മദുൻ ഇല്ലാ റസൂൽ ഖദ്ഖലത്ത് മിൻ ഖബ്‌ലിഹിർറുസുൽ** (3:145)ഇപ്രകാരംതന്നെ **ഫലമ്മാ തവഫ്ഫയ്ത്തനീ കുൻത അൻതർറഖീബ അലയ്ഹിം**(5:118) അത്ഭുതമതല്ല, ആർക്കാണോ എന്നെ ഉന്മൂലനം ചെയ്യുന്നതിനുവേണ്ടി വടി കൊടുത്തത് അയാൾ സ്വയം നാശമടയുന്നു. ഇത് നല്ല വടിതന്നെ! രണ്ടാമത്തെ ചിരാഗ്ദീനും അതായത് അബ്ദുൽഹക്കീം ഖാനും എന്റെ മരണത്തെ കുറിച്ച് എന്തോ പ്രവചനം ആദ്യത്തെ ചിരാഗ്ദീനെപോലെ ചെയ്തിട്ടുണ്ടെന്ന് കേട്ടു. എന്നാൽ, അതിൽ വടിയെകുറിച്ച് എന്തെങ്കിലും പറഞ്ഞിട്ടുണ്ടോ എന്നറിയില്ല.

2. ഒരു പ്രാവശ്യം ദീർഘകാലംവരെ നബി(സ)തങ്ങളുടെമേൽ ഏകാഗ്രതയോടുകൂടി സ്വലാത്തു ചൊല്ലുന്നതിൽ ഞാൻ മുഴുകിക്കൊണ്ടിരുന്നന്നു. കാരണം അല്ലാഹുവിന്റെ വഴികൾ അങ്ങേയറ്റം നേർത്തതാണെന്ന് എനിക്ക് ദൃഢവിശ്വാസമുണ്ടായിരുന്നു. **വബ്ത്തഗൂ ഇലയിഹിൽ വസീലത്ത** എന്ന് അല്ലാഹു പറഞ്ഞതുപോലെ അത് നബി(സ)തങ്ങളുടെ മധ്യവർത്തിത്വം(വസീലത്ത്) കൂടാതെ ലഭിക്കുകയില്ല. അങ്ങനെ ഒരു കാലത്തിനുശേഷം ജാഗ്രദർശനാവസ്ഥയിൽ(കശ്ഫ്) വെള്ളംകോരിക്കൊണ്ടുവരുന്ന രണ്ടുവേക്കാർ വന്നു. ഒരാൾ ഉള്ളിലെ വഴിയിലൂടേയും ഒരാൾ പുറത്തെവഴിയിലൂടെയും എന്റെ വീട്ടിൽ പ്രവേശിച്ചു. അവരുടെ ചുമലുകളിൽ പ്രകാശത്തിന്റെ കുടങ്ങളാണുള്ളത്. അവർ പറയുന്നു, **ഹാദാ ബിമാ സ്വല്ലയ്ത്ത അലാ മുഹമ്മദിൻ** (നബി(സ)തങ്ങളുടെമേൽ നീ ചൊല്ലിയ സ്വലാത്തിന്റെ പ്രതിഫലമാണിത്)

3. ഈ എല്ലാ ഖുർആനിക വചനങ്ങളും റസൂലിന്റെ സാന്നിധ്യത്തെ കുറിച്ചറിയുകയും റസൂലിന്റെ സന്ദേശമെത്തുകയും ചെയ്തവരെ സംബന്ധിച്ചാണ്. റസൂലിന്റെ സാന്നിധ്യത്തെ അശേഷം അറിയാതിരിക്കുകയും സന്ദേശമെത്താതിരിക്കുകയും ചെയ്യുന്നവരെക്കുറിച്ച് നമുക്കൊന്നും പറയാൻ സാധ്യമല്ല. അവരുടെ സ്ഥിതി അറിയുന്നവൻ അല്ലാഹു ആകുന്നു. അവന്റെ കരുണയും നീതിയും ആഗ്രഹിക്കുന്നതനുസരിച്ച് അവൻ അവരോടു പെരുമാറുന്നതാണ്.

**നൂറുൽ ഇസ്‌ലാംവകുപ്പിന്റെ പ്രവർത്തന സമയം:**

രാവിലെ 9 മണിമുതൽ രാത്രി 11 മണിവരെ.
വെള്ളിയാഴ്ച ദിവസം അവധിയായിരിക്കും.

**1800 3010 2131**

ഈ ടോൾഫ്രീ നമ്പറിൽ വിളിച്ച് താങ്കൾക്ക് അഹ്മദിയ്യ ജമാഅത്തിനെക്കുറിച്ച് കാര്യങ്ങൾ മനസ്സിലാക്കാവുന്നതാണ്.

Printed & Published by: Jameel Ahmed Nasir on behalf of Nigran Board of Badar. Name of Owner: Nigran Board of Badar. And printed at Fazle-Umar Printing Press. Harchowal Road, Qadian, Distt. Gurdaspur-143516, Punjab. And published at office of the Weekly Badar Mohallah - Ahmadiyya, Qadian Distt. Gsp-143516, Punjab. India. Editor: H.Shamsuddin